
www.nerpatham.com | mail@nerpatham.com

# നേർപഥം

വാരിക

VOL NO: 01 | ISSUE 46 | 2017 NOV 25 | ₹10

## സമരങ്ങളിലെ പ്രാകൃതബോധം: ഉത്തരവാദിത്തം ആർക്ക്?



## ഐ.എസ് മലയാളിയുടെ കലാപാഹ്വാനം: മുസ്‌ലിംകൾക്ക് പറയാനുള്ളത്...

### ജന്മദിനാഘോഷം: ഇസ്‌ലാം എന്ത് പറയുന്നു?

ഇസ്‌ലാം: സംസ്‌കാരത്തിന്റെ സൗന്ദര്യം || ഫാഷനായി പടരുന്ന നബിദിനാഘോഷം

അറബി ഭാഷയുടെ അരിക് ചേർന്ന്

JNU New Delhi

جامعة الهند الإسلامية
JAMIA AL HIND AL ISLAMIYA

الإبداعات العربية في كيرلا: الماضي والحاضر

# ARABIC WRITINGS IN KERALA

## PAST AND PRESENT

# TWO DAY INTERNATIONAL SEMINAR

**Jamia Al Hind Al Islamiya**

IN COLLABORATION WITH
CENTRE OF ARABIC AND AFRICAN STUDIES, JNU, NEW DELHI

---

**9th & 10th December, 2017**

**Jamia Al Hind Al Islamia Campus,
Mini Ootty, Malappuram, Kerala**

supported by

**MSM Kerala**

Call: 9562735295 | WhatsApp: 8129038430 | Email: jaiarabicseminar@gmail.com

നേർപഥം
വാരിക

0046 / 2017 നവംബർ 25 / 1439 റബിഉൽ അവ്വൽ 06 / പുസ്തകം 01 / ലക്കം 46

# ഐ.എസ് മലയാളിയുടെ കലാപാഹ്വാനം: മുസ്‌ലിംകൾക്ക് പറയാനുള്ളത്...

സി.പി സലീം / 06



## സമരങ്ങളിലെ പ്രാകൃതബോധം: ഉത്തരവാദിത്തം ആർക്ക്?

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**

ഫാഷനായി പടരുന്ന നബിദിനാഘോഷം / 05
എഡിറ്റർ

**ലേഖനങ്ങൾ**

ജന്മദിനാഘോഷം: ഇസ്‌ലാം എന്ത് പറയുന്നു? / 16
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

ഇസ്‌ലാം: സംസ്‌കാരത്തിന്റെ സൗന്ദര്യം / 26
ഡോ. സി.മുഹമ്മദ് റാഫി

ഗോരക്ഷയുടെ ഇന്ത്യൻ പാരമ്പര്യം / 28
അലി ചെമ്മാട്

വമ്പിച്ച നമസ്‌കാരം, ഗംഭീര നോമ്പ്! / 30
എസ്.എ. ഐദീദ് തങ്ങൾ

**ക്വുർആൻ പഠനം**

മതത്തെ പരിഹസിക്കൽ / 15
ശമീർ മദീനി

**ബാലപഥം**

സഹകരിക്കുവാൻ ശീലിക്കുക / 18
അഫ്‌വാന ബിൻത്ത് ലത്തീഫ്

**കവിത**

അഭയാർഥികൾ / 19
ഷെറീന മേലാറ്റൂർ

**ചരിത്രപഥം**

നംറൂദിന്റെ നാവടക്കിയ ചോദ്യം / 20
ഹുസൈൻ സലഫി, ഷാർജ

**ശാന്തിഗേഹം**

പ്രവാസജീവിതം അവസാനിപ്പിച്ചയാളുടെ ഒറ്റപ്പെടൽ / 24
പ്രൊഫ: ഹാരിസ്ബിൻ സലീം

**നമുക്ക് ചുറ്റും**

അറബി ഭാഷയുടെ അരിക് ചേർന്ന് / 34
ഡോ. സി.എം സാബിർ നവാസ്

Printed, published and owned by K. Sajjad I Printed at Sprint Offset Printers I Kozhikode
Published at Kozhikode I 673002 I Managing Editor: Nasir Balusseri I Editor: Usman Palakkazhi
Chief Editor: Anil Primrose I Web Editor: Haseeb Elayur I Design, Cover & Layout: Elan Creativo
mail@nerpatham.com I www.nerpatham.com I 0495 4019437

## വായനക്കാർ എഴുതുന്നു




## യുദ്ധങ്ങൾ കൊണ്ട് ലോകത്തെ ഇസ്‌ലാമികവൽക്കരിക്കണം എന്നോ...?

വിശുദ്ധ ക്വുർആനിലെ രണ്ടാം അധ്യായമായ സൂറത്തുൽ ബഖറയുടെ 193ാം വചനം ഉദ്ധരിച്ചു കൊണ്ട് മുസ്‌ലിംകൾ ലോകം മുഴുവൻ ഇസ്‌ലാമികവൽക്കരിക്കുന്നത് വരെ യുദ്ധം ചെയ്യേണ്ടവരാണെന്ന് സമർഥിക്കുന്ന ഒരു വോയ്സ് ക്ലിപ്പ് വ്യാപകമായി പ്രചരിക്കുന്നത് കണ്ടു.

114 അധ്യായങ്ങളിലായി ആറായിരത്തിലധികം വരുന്ന വിശുദ്ധ ക്വുർആനിലെ വചനങ്ങൾ ദൈവികമാണ് എന്ന് വിശ്വസിക്കുന്നവരാണ് മുസ്‌ലിംകൾ. ആ ക്വുർആനിനെ ജീവിതത്തിൽ പകർത്തിയ പ്രവാചകൻﷺ ആണ് അവർക്ക് മാതൃകയും. അതിലെ എല്ലാ വചനങ്ങളും പ്രവാചകന്റെﷺ പ്രബോധിത സമൂഹമായ സ്വഹാബികൾ എങ്ങനെ മനസ്സിലാക്കിയോ അങ്ങനെ മനസ്സിലാക്കുന്നവരും കൂടിയാണ് മുസ്‌ലിംകൾ. അതുകൊണ്ട് തന്നെ പ്രവാചകനെയും പ്രവാചക വചനങ്ങൾ ജനങ്ങൾക്ക് പറഞ്ഞു കൊടുത്ത സ്വഹാബികളെയും ഉദ്ധരിച്ചു കൊണ്ട് പണ്ഡിതന്മാർ വിശുദ്ധ ക്വുർആനിന്റെ വചനങ്ങളെ വിശദീകരിച്ചിട്ടുമുണ്ട്. പ്രവാചകനോ അനുയായികൾക്കോ പണ്ഡിതർക്കോ മുസ്‌ലിംകൾക്കോ പരിചയമില്ലാത്ത വ്യത്യസ്ത വാഖ്യാനങ്ങൾ ക്വുർആനിക വചനങ്ങൾക്ക് കൽപിക്കുകയും അവ പ്രചരിപ്പിക്കുക എന്നതും ഇസ്‌ലാമിക വിമർശകർ എക്കാലത്തും സ്വീകരിച്ചു പോന്ന രീതിശാസ്ത്രമാണ്. ഇവിടെയും സംഭവിച്ചത് മറിച്ചല്ല.

മുകളിലെ വചനത്തിൽ മാത്രമല്ല വിശുദ്ധ ക്വുർആനിലെ എട്ടാം അധ്യായമായ സൂറത്തുൽ അൻഫാലിലെ 39ാം വചനവും ഇതേ ആശയം തന്നെയാണ് പറഞ്ഞിട്ടുള്ളത്. ഓറിയന്റലിസ്റ്റുകളെ കോപ്പി അടിക്കുന്ന തിരക്കിൽ 'ഐഎസ് വക്താവ്' അറിയാതെ വിട്ടു പോയതാവും പ്രസ്തുത വചനം. അതിങ്ങനെയാണ്;

"കുഴപ്പം ഇല്ലാതാവുകയും മതം മുഴുവൻ അല്ലാഹുവിന് വേണ്ടിയാകുകയും ചെയ്യുന്നത് വരെ. നിങ്ങൾ അവരോട് യുദ്ധം ചെയ്യുക. ഇനി, അവർ വിരമിക്കുന്ന പക്ഷം അവർ പ്രവർത്തിക്കുന്നതെല്ലാം അല്ലാഹു കണ്ടറിയുന്നവനാണ്." (വിശുദ്ധ ക്വുർആൻ 8:39)

ഈ രണ്ടു വചനങ്ങളിലും പൊതുവായി വന്ന ആശയമാണ് ഫിത്ന ഇല്ലാതെയാവുന്നത് വരെ യുദ്ധം ചെയ്യുക എന്നത്. ഫിത്ന എന്ന പദത്തിന് പരീക്ഷണം, മർദനം, കുഴപ്പം എന്നൊക്കെയാണ് അർഥം. മതത്തിന്റെ പേരിൽ നില നിന്നിരുന്ന മർദനത്തെ സൂചിപ്പിക്കാൻ ആണ് പ്രസ്തുത വചനം ഉപയോഗിച്ചത്. വളരെ ചെറുപ്പത്തിൽ തന്നെ ഇസ്‌ലാമിലേക്ക് വരികയും പ്രവാചകനെയും അനുയായികളെയും സച്ചരിതരായ നാലു ഖലീഫമാരെയും കാണുകയും അവർ നടത്തിയ യുദ്ധങ്ങൾക്ക് സാക്ഷിയാവുകയും ചെയ്ത, ഇസ്‌ലാമിലെ രണ്ടാം ഖലീഫയായ ഉമറിന്റെؓ പുത്രനുമായ അബ്ദുല്ലാഹിബ്നു ഉമറിന്റെؓ സാക്ഷ്യം പ്രസ്തുത വിഷയത്തിൽ ഇസ്‌ലാമിന്റെ വീക്ഷണം എന്താണ് എന്ന് സുതരാം വ്യക്തമാക്കുന്നതാണ്.

'നാഫിഇൽ നിന്ന്: ഇബ്നു സുബൈറിന്റെ പീഡനങ്ങൾ നിലനിന്നിരുന്ന കാലത്ത് രണ്ട് പേര് അബ്ദുല്ലാഹി ബ്നു ഉമറിؓന്റെ അടുത്ത് ചെന്ന് ചോദിച്ചു: 'ജനങ്ങൾ ഇല്ലാതെയാവുന്നു. താങ്കൾ ഉമറിന്റെ പുത്രനും പ്രവാചകാനുചരനുമായിരുന്നിട്ടും യുദ്ധരംഗത്തേക്ക് ഒരുങ്ങിപ്പുറപ്പെടുന്നതിൽ നിന്ന് താങ്കളെ തടയുന്നതെന്താണ്?" അദ്ദേഹം പറഞ്ഞു: എന്റെ സഹോദരന്റെ രക്തം ചിന്തുന്നത് അല്ലാഹു വിലക്കിയിട്ടുണ്ടെന്നതാണ് എന്നെ തടയുന്നത്.' അവർ ചോദിച്ചു: ഫിത്ന ഇല്ലാതാകുന്നത് വരെ യുദ്ധം ചെയ്യണമെന്ന് അല്ലാഹു കൽപിച്ചിട്ടില്ലേ?' അദ്ദേഹം പറഞ്ഞു: 'ഫിത്ന ഇല്ലാതാകുന്നത് വരെയും, അല്ലാഹുവിന് വേണ്ടി മാത്രമാകുന്നത് വരെയും ഞങ്ങൾ യുദ്ധം ചെയ്തിട്ടുണ്ട്. എന്നാൽ നിങ്ങൾക്കാവശ്യം ഫിത്ന ഉണ്ടാക്കുന്നതിനും ആരാധന അല്ലാഹു അല്ലാത്തവർക്ക് വേണ്ടിയാവുന്നതിനും വേണ്ടിയുള്ള യുദ്ധമാണ്." (ബുഖാരി)

ഫിത്ന ഇല്ലാതെയാവുകയും ദീൻ മുഴുവൻ അല്ലാഹുവിന് വേണ്ടിയാവുകയും ചെയ്യുക എന്നതിന്റെ വിവക്ഷ എന്താണെന്ന് ഇതിൽ നിന്ന് വ്യക്തമാണ്. അത്കൊണ്ടാണ് പ്രസ്തുത വചനം ഉദ്ധരിച്ചു കൊണ്ട് ലോകത്ത് ജനങ്ങളെ നിർബന്ധിച്ചു മുസ്‌ലിംകളാക്കാൻ ഒരുമ്പെട്ട ഒരൊറ്റ ചരിത്രം പോലും ഉദ്ധരിക്കാൻ ഇസ്‌ലാമിക വിമർശകർക്ക് കഴിയാതെ പോകുന്നത്.

**-അഫ്താബ് കണ്ണഞ്ചേരി**

# ഫാഷനായി പടരുന്ന നബിദിനാഘോഷം

നബിദിനാഘോഷം എന്ന പുത്തനാചാരം ഇന്ന് ഒരു ഫാഷനും യുവാക്കളുടെ ഹരവുമായി മാറിയിട്ടുണ്ട്. 'നബിദിന ഗിഫ്റ്റുകൾ ഇവിടെ ലഭിക്കും' എന്ന ബാനർ ഒരു ടൗണിലെ കടയുടെ മുമ്പിൽ കാണാനിടയായി. പുത്തൻ കോലങ്ങളിൽ വ്യത്യസ്തയിനം പരിപാടികളുമായി നബിദിനാഘോഷത്തിന് സമുദായത്തിലെ ഭൂരിപക്ഷം തയാറെടുപ്പു തുടങ്ങിക്കഴിഞ്ഞു. 'നബിദിനം ഇസ്‌ലാമികം, വഹാബിസം അനിസ്‌ലാമികം' എന്നെഴുതിയ പോസ്റ്ററും ചില സ്ഥലങ്ങളിൽ കാണാൻ കഴിയുന്നു. ജനങ്ങൾ നന്നാവാൻ തീരുമാനിച്ചാലും പുരോഹിതന്മാർ അതിനനുവദിക്കുന്നില്ല എന്നതാണ് വാസ്തവം.

ഉത്തമ നൂറ്റാണ്ടുകളിൽ ജീവിച്ചവർക്കൊന്നും പരിചയമില്ലാത്ത, ഹിജ്‌റ 300നുശേഷം ഇർബൽ ഭരിച്ചിരുന്ന മുദ്വഫ്ഫർ രാജാവ് തുടങ്ങിവെച്ചതെന്ന് കേരളത്തിലെ നബിദിനാഘോഷക്കാർ തന്നെ സമ്മതിക്കുന്ന ഒരാചാരം എങ്ങനെയാണ് മതത്തിന്റെ കാര്യമായി മാറുന്നത് എന്ന ലളിതമായ ചോദ്യം സാധാരണക്കാരന്റെ മനസ്സിലുദിച്ചാൽ അവനെ പുരോഹിതന്മാർ പുത്തൻവാദിയായി മുദ്രകുത്തും! എന്നിട്ട് ജനങ്ങളെക്കൊണ്ട് ചെയ്യിക്കുന്നതൊക്കെയും മാതൃകയില്ലാത്ത പുത്തനാചാരങ്ങളും! അവരിൽ ഊട്ടിയുറപ്പിക്കുന്നതൊക്കെയും വികലവിശ്വാസങ്ങളും. അല്ലാഹു പറയുന്നു:

"ഇതത്രെ എന്റെ നേരായ പാത. നിങ്ങളത് പിന്തുടരുക. മറ്റു മാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ചുകളയും..." (ക്വുർആൻ 6:153).

വിശുദ്ധ ക്വുർആനിൽ നിന്നും പ്രവാചകചര്യയിൽ നിന്നും ആർ തിരിഞ്ഞുകളഞ്ഞുവോ അവരെ പിഴച്ച മാർഗങ്ങളും പുതിയ അനാചാരങ്ങളുമായിരിക്കും പിടികൂടുക. മതനിയമങ്ങളിലുള്ള അജ്ഞത, ദേഹേഛയെ പിൻപറ്റൽ, അഭിപ്രായങ്ങളോടും വ്യക്തികളോടും പക്ഷംചേരൽ, സത്യനിഷേധികളോട് സാദൃശ്യപ്പെടൽ, അവരെ അനുകരിക്കൽ തുടങ്ങിയവ ശിർക്ക്-ബിദ്അത്തുകൾ ചെയ്യുവാൻ കാരണമാകുമെന്നതിൽ തർക്കമില്ല.

പുത്തനാചാരങ്ങളിൽ പതിക്കാനുള്ള കാരണങ്ങളിൽ ഏറ്റവും പ്രധാനമായത് സത്യനിഷേധികളോട് സാദൃശ്യപ്പെടലാണ്. അബൂവാഖിദുല്ലയ്ഥി ﷺ പറഞ്ഞു: "ഞങ്ങൾ റസൂലിന്റെ കൂടെ ഹുനൈനിലേക്ക് പുറപ്പെട്ടു. സത്യനിഷേധവുമായി അടുത്തകാലം വരെ ബന്ധമുണ്ടായിരുന്നവരായിരുന്നു ഞങ്ങൾ. ബഹുദൈവാരാധകർക്ക് ഒരു ഇലന്തമരമുണ്ടായിരുന്നു. അതിനടുത്ത് അവർ ഭജനമിരിക്കും. ആയുധം അതിൽ കെട്ടിത്തൂക്കുകയും ചെയ്യും. 'ദാതുഅൻവാത്' എന്നായിരുന്നു ആ ഇലന്തമരത്തിന്റെ പേര്. ഞങ്ങൾ റസൂലി ﷺ നോട് പറഞ്ഞു: 'ഞങ്ങൾക്ക് ദാതുഅൻവാത് ഏർപെടുത്തിത്തരണം'. അപ്പോൾ നബി ﷺ പറഞ്ഞു: 'അല്ലാഹു അക്ബർ! എന്റെ ആത്മാവ് ആരുടെ കയ്യിലാണോ അവനിൽ സത്യം! അവർക്ക് ഇലാഹുകളുള്ളതുപോലെ ഞങ്ങൾക്കും ഒരു ഇലാഹിനെ നിശ്ചയിച്ച് തരണം എന്ന് ഇസ്‌റാഈല്യർ പറഞ്ഞതുപോലെയാണ് നിങ്ങൾ ഇപ്പോൾ പറഞ്ഞത്. മൂസാ(അ)യോട് അവർ പറഞ്ഞു: 'ഇവർക്ക് ദൈവങ്ങൾ ഉള്ളതുപോലെ ഞങ്ങൾക്ക് ഒരു ദൈവത്തെ ഏർപെടുത്തിത്തരണം' (അഅ്‌റാഫ്: 138). നിശ്ചയം, നിങ്ങൾ അവിവേകം കാണിക്കുന്ന ജനതയാണ്. നിങ്ങൾക്ക് മുമ്പുള്ളവരുടെ മാർഗങ്ങൾ നിങ്ങളും പിന്തുടരും, തീർച്ച"(തുർമുദി).

ആളുകളുടെ അഭിപ്രായങ്ങളോട് പക്ഷംചേർന്നാൽ പ്രമാണങ്ങളെ പിൻപറ്റുവാനും സത്യം ഗ്രഹിക്കുവാനും അത് വിലങ്ങുതടിയാകും. അല്ലാഹു പറഞ്ഞു: "അല്ലാഹു അവതരിപ്പിച്ചത് നിങ്ങൾ പിൻപറ്റി ജീവിക്കുക എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ അല്ല, ഞങ്ങളുടെ പിതാക്കൾ സ്വീകരിച്ചതായി കണ്ടതേ ഞങ്ങൾ പിൻപറ്റുകയുള്ളൂ എന്നായിരിക്കും അവർ പറയുന്നത്" (ക്വുർആൻ 2:170).

ഇതുതന്നെയാണ് നമ്മുടെ നാട്ടിലെ 'നബിദിനാഘോഷ'ക്കാരും ക്വബ്‌റാരാധകരുമായവരുടെ അവസ്ഥ. ക്വുർആനിലേക്കും സുന്നത്തിലേക്കും വിളിക്കപ്പെട്ടാൽ അവ രണ്ടിനും എതിരായ അവരുടെ നിലപാടുകൾ ഉപേക്ഷിക്കില്ല. ഉദ്ബോധിപ്പിക്കപ്പെട്ടാൽ മദ്ഹബുകളെയും നേതാക്കൻമാരെയും പിതാക്കളെയും പിതാമഹൻമാരെയും അവർ തെളിവ് പിടിക്കും.

കവർ സ്റ്റോറി

സി.പി സലീം
mail@nerpatham.com



# ഐ.എസ് മലയാളിയുടെ കലാപാഹ്വാനം: മുസ്‌ലിംകൾക്ക് പറയാനുള്ളത്...

തങ്ങളുടെ വിശ്വാസാദർശങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ സൗഹാർദത്തോട് കൂടി മുമ്പോട്ട് പോകാനാഗ്രഹിക്കുന്നവരാണ് നമ്മുടെ രാജ്യത്തെ വ്യത്യസ്ത മതക്കാരായ ബഹുഭൂരിഭാഗം ജനങ്ങളും. എന്നാൽ ഈയൊരു ഐക്യത്തെ ഇല്ലാതാക്കുവാൻ വർഗീയ ചിന്താഗതിക്കാരും തീവ്രവാദികളും അവരുടേതായ ശ്രമങ്ങൾ നടത്തിയിട്ടുണ്ട് എന്നത് ഇന്ത്യയുടെ ചരിത്രത്തിലെമ്പാടും നമുക്ക് കാണാനാവുന്നതാണ്. സാമ്രാജ്യത്വ ശക്തികളെ സന്തോഷിപ്പിച്ച് കൊണ്ട് ഈ അടുത്തകാലത്ത് കടന്നുവന്ന കൊലയാളി സംഘമായ ഐ.എസ്.ഐ.എസിൽ നിന്നും ഒരു മലയാളി അയക്കുന്നതെന്ന് പറഞ്ഞ് സോഷ്യൽ മീഡിയയിൽ ഒരു ഓഡിയോ ക്ലിപ്പ് പ്രചരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

പ്രപഞ്ച സ്രഷ്ടാവ് മാനവരാശിയുടെ ഇഹപരമോക്ഷത്തിനായി അവതരിപ്പിച്ച, 14 നൂറ്റാണ്ടായി മാനവ ഐക്യത്തിനും മനുഷ്യസ്നേഹത്തിനും നിദാനമായി നിലകൊള്ളുന്ന വിശുദ്ധ ക്വുർആനിലെ ചില വചനങ്ങളെ സന്ദർഭത്തിൽനിന്നും അടർത്തിയെടുത്ത് അവതരിപ്പിക്കുകയാണതിൽ ചെയ്തിരിക്കുന്നത്. അതിനാൽ ഒരു ബഹുസ്വര സമൂഹത്തിൽ ജീവിക്കുന്നവർ എന്ന നിലയിൽ ഇതിന്റെ യാഥാർഥ്യം നാം ഓരോരുത്തരും മനസ്സിലാക്കേണ്ടതുണ്ട്.

ആ ഓഡിയോ സന്ദേശം തുടങ്ങുന്നതുതന്നെ ദൗലത്തുൽ ഇസ്‌ലാമിൽ നിന്ന് അഥവാ ഇസ്‌ലാമിക ഭരണ സംവിധാനമുള്ള നാട്ടിൽനിന്നും മലയാളികൾക്കുള്ള 50ാമത്തെ സന്ദേശം എന്നു പറഞ്ഞുകൊണ്ടാണ്. ഇതുതന്നെയാണ് ഇവരുടെ ഏറ്റവും വലിയ പിഴവും. ഐസിസ് ഇസ്‌ലാമികമായൊരു സംഘമാണെന്നോ, അവരുടെ നിയന്ത്രണമുള്ള സ്ഥലം ഇസ്‌ലാമിക ഭരണ/നടപടിക്രമങ്ങൾ ഉള്ള രാജ്യമാണെന്നോ ലോകത്തിലെ പ്രമുഖരായ ഇസ്‌ലാമിക പണ്ഡിതന്മാർ ആരും തന്നെ അംഗീകരിക്കുന്നില്ല എന്നതാണു യാഥാർഥ്യം. അംഗീകരിക്കുന്നില്ലെന്ന് മാത്രമല്ല, മതത്തിൽനിന്ന് തെറിച്ചുപോയവർ എന്ന് പ്രവാചകൻﷺ പഠിപ്പിച്ച, പ്രവാചക വിയോഗത്തിനു ശേഷം മുസ്‌ലിംകൾക്കിടയിൽ കലാപങ്ങളും കൊടും ക്രൂരമായ കൊലപാതകങ്ങളും നടത്തിയ ഖവാരിജുകളുടെ ആധുനിക രൂപമാണ് ഐസിസ് എന്നാണ് പണ്ഡിതലോകം വിലയിരുത്തുന്നത്. സൗദി അറേബ്യയിലെ ഉന്നതപണ്ഡിതസഭയായ ലജ്നതുദ്ദാഇമയുടെ, സമാനമായ മതവിധി ലോകം അറിഞ്ഞതുമാണ്. 2015ലെ ഹജ്ജിന്റെ വേളയിൽ ലോകത്തു നിന്നുള്ള വിശ്വാസികൾ ഒരുമിച്ചുകൂടുന്ന അറഫാ സംഗമത്തിലെ പ്രസംഗത്തിൽ സൗദി അറേബ്യയുടെ ഗ്രാന്റ് മുഫ്തി ആലു ശയ്ഖ് ഇത് ലോക വിശ്വാസികളെ ഉണർത്തുകയും ചെയ്തു. ഓരോ മുസ്‌ലിമും ഐസിസിനെതിരെ തന്നെക്കൊണ്ടാകുന്നത് ചെയ്യണമെന്ന് അദ്ദേഹം ആഹ്വാനം ചെയ്തു.

തങ്ങളുടെ വാദങ്ങളും കൊലവിളിക്കായി തങ്ങൾ നടത്തുന്ന ക്വുർആൻ ദുർവ്യാഖ്യാനങ്ങളും കേരളത്തിലെ മുസ്‌ലിം സംഘടനകൾ അംഗീകരിക്കാത്തതിനാൽ അവരൊക്കെയും കപടന്മാരാണെന്ന് പറഞ്ഞുകൊണ്ടാണ് അയാൾ സംസാരം അവസാനിപ്പിക്കുന്നത്. കേരളത്തിലെ മതസംഘടനകളെ പേരെടുത്തു പറഞ്ഞ് വിമർശിച്ച് അവരൊന്നും യഥാർഥ മുസ്‌ലിംകളല്ലെന്നും ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്നില്ലെന്നും പറയുന്നു ഈ ഭീകരൻ! ഭീകരന്റെ ഈ പരാമർശം അഭിമാനത്തോട് കൂടി തന്നെയാണ് കേരളത്തിലെ ഓരോ മുസ്‌ലിമും കേട്ടിട്ടുണ്ടാവുക എന്നത് തീർച്ചയാണ്. ഈ 'കൊലയാളിക്കൂട്ടം' ധരിച്ചു വെച്ചിരിക്കുന്ന ഇസ്‌ലാമല്ല കേരളത്തിലെ മുസ്‌ലിംകൾ ഇസ്‌ലാമായി പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കിയത് എന്നതിനെക്കാൾ വലിയ എന്ത് അംഗീകാരമാണ് ഇനി കേരളത്തിലെ മുസ്‌ലിംകൾക്ക് ലഭിക്കാനുള്ളത്?!

വിവിധ മതവിശ്വാസികൾക്കിടയിൽ പരസ്പരമുള്ള തെറ്റുധാരണകൾ തിരുത്തുവാൻ വേണ്ടി നടത്തപ്പെടുന്ന സ്നേഹ സംഗമങ്ങളെ നിശിതമായി വിമർശിക്കുകയും ചെയ്യുന്നുണ്ട് ആ ക്ലിപ്പിൽ. മനുഷ്യമനസ്സുകളെ തമ്മിലടിപ്പിച്ച് അധികാരത്തിലെത്താൻ ശ്രമിക്കുന്ന ഫാസിസ്റ്റുകൾക്ക് കാര്യങ്ങൾ എളുപ്പമാക്കുകയാണ് ഇവർ ചെയ്യുന്നത്. ഇയാളുടെ വാദങ്ങൾ എത്രത്തോളം വഴിപിഴച്ചതാണെന്ന് ഇസ്‌ലാമിനെക്കുറിച്ച് അടിസ്ഥാന അറിവുള്ള ആർക്കും മനസ്സിലാക്കാൻ ഒരു പ്രയാസവും ഉണ്ടാവില്ല.

ഇവിടെയുള്ള അമുസ്‌ലിംകളെ വധിച്ചുകളയുവാൻ ക്വുർആൻ കൽപിക്കുന്നു എന്നു പറഞ്ഞ് വിശുദ്ധ ക്വുർആനിലെ 2ാം അധ്യായത്തിലെ 193ാം വചനത്തിലെ ഒരു ഭാഗം മാത്രം ഉദ്ധരിക്കുകയാണ് ഇയാൾ ചെയ്യുന്നത്. ഈ വചനം മുഴുവൻ വായിച്ചാൽ തന്നെ യാഥാർഥ്യം ബോധ്യമാകും. 'മർദനം ഇല്ലാതാവുകയും മതം അല്ലാഹുവിനു വേണ്ടിയാവുകയും ചെയ്യുന്നത് വരെ നിങ്ങൾ അവരോട് യുദ്ധം നടത്തിക്കൊള്ളുക' എന്ന തുടക്കഭാഗം മാത്രം ഉദ്ധരിച്ച് അവിശ്വാസികളെ കൊല്ലാനാണ് ഇവിടെ പറയുന്നത് എന്നാണയാളുടെ വാദം. എന്നാൽ ആ വചനം മുഴുവനായി നമുക്കൊന്ന് പരിശോധിക്കാം:

"മർദനം ഇല്ലാതാവുകയും, മതം അല്ലാഹുവിന് വേണ്ടിയാവുകയും ചെയ്യുന്നത് വരെ നിങ്ങളവരോട് യുദ്ധം നടത്തിക്കൊള്ളുക. എന്നാൽ അവർ (യുദ്ധത്തിൽ നിന്ന്) വിരമിക്കുകയാണെങ്കിൽ (അവരിലെ) അക്രമികൾക്കെതിരിലല്ലാതെ പിന്നീട് യാതൊരു കയ്യേറ്റവും പാടുള്ളതല്ല" (ക്വുർആൻ 2:193).

യുദ്ധരംഗത്ത് ശത്രുക്കളോടുണ്ടാകേണ്ട സമീപനമാണിവിടെ പഠിപ്പിക്കുന്നത്. കുഴപ്പങ്ങൾ അവസാനിക്കുന്നത്



**തങ്ങളുടെ വാദങ്ങളും കൊലവിളിക്കായി തങ്ങൾ നടത്തുന്ന ക്വുർആൻ ദുർവ്യാഖ്യാനങ്ങളും കേരളത്തിലെ മുസ്‌ലിം സംഘടനകൾ അംഗീകരിക്കാത്തതിനാൽ അവരൊക്കെയും കപടന്മാരാണെന്ന് പറഞ്ഞുകൊണ്ടാണ് 'മലയാളിയായ ഐസിസ് ഭീകരൻ' ഓഡിയോ ക്ലിപ്പ് അവസാനിപ്പിക്കുന്നത്. കേരളത്തിലെ മതസംഘടനകളെ പേരെടുത്തു പറഞ്ഞ് വിമർശിച്ച് അവരൊന്നും യഥാർഥ മുസ്‌ലിംകളല്ലെന്നും ഇസ്‌ലാമിനെ പ്രതിനിധാനം ചെയ്യുന്നില്ലെന്നും പറയുന്നു ഈ ഭീകരൻ! ഭീകരന്റെ ഈ പരാമർശം അഭിമാനത്തോട് കൂടി തന്നെയാണ് കേരളത്തിലെ ഓരോ മുസ്‌ലിമും കേട്ടിട്ടുണ്ടാവുക എന്നത് തീർച്ചയാണ്.**

വരെ യുദ്ധം ചെയ്യുക, എന്നാൽ ആരെങ്കിലും വിരമിച്ചാൽ അവർക്കെതിരെ യാതൊരു കയ്യേറ്റവും പാടില്ല എന്ന നീതിയുടെ നിലപാടിനെയാണിവർ തെറ്റായി വ്യാഖ്യാനിക്കുന്നത്.

യാതൊരു യുദ്ധ സാഹചര്യവുമില്ലാത്ത, പല മതസ്ഥരും ഒന്നിച്ച് ജീവിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന നമ്മുടെ നാട്ടിൽ ഈ വചനങ്ങൾ പ്രായോഗികമാക്കണമെന്ന് പറയുന്നതിലെ വിരോധാഭാസം ചെറുതല്ല. യുദ്ധരംഗത്ത് നിന്നും പിന്തിരിയുന്നവരോട് യുദ്ധം ചെയ്യരുതെന്ന് കൽപിക്കുന്ന ഒരു വചനം എങ്ങനെയാണ് തങ്ങളുമായി സ്നേഹത്തിലും സാഹോദര്യത്തിലും കഴിയുന്ന ഈ നാട്ടിലെ മനുഷ്യരെ അക്രമിക്കുവാൻ തെളിവായി മാറുന്നത്? ലോകത്തിന്റെ എല്ലാഭാഗത്തും എല്ലാ കാലത്തും പ്രമാണമാവേണ്ട ക്വുർആനിൽ യുദ്ധവുമായി ബന്ധപ്പെട്ട നിയമങ്ങൾ പഠിപ്പിക്കുന്ന വചനങ്ങളുണ്ടാവുക സ്വാഭാവികമാണ്. ക്വുർആനിൽ മാത്രമല്ല മറ്റു മതഗ്രന്ഥങ്ങളിലും യുദ്ധവുമായി ബന്ധപ്പെട്ട വചനങ്ങൾ കാണാവുന്നതാണ്.

ഈ വനത്തിന്റെ തൊട്ടുമുമ്പുള്ള രണ്ടു വചനങ്ങൾ പരിശോധിച്ചാൽ കാര്യം ഒന്നുകൂടി വ്യക്തമാകും.

"നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങളും യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ പരിധിവിട്ട് പ്രവർത്തിക്കരുത്. പരിധിവിട്ട് പ്രവർത്തിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല തന്നെ" (ക്വുർആൻ 2:190).

നിങ്ങളോട് യുദ്ധം ചെയ്യുന്നവരുമായി യുദ്ധം ചെയ്യുവാനാണ് ക്വുർആൻ പറയുന്നത്. അപ്പോഴും പരിധി ലംഘിക്കരുതെന്ന് ശക്തമായി താക്കീത് ചെയ്യുകയും ചെയ്യുന്നു. അടുത്ത വചനവും നോക്കുക:

"അവരെ കണ്ടുമുട്ടുന്നേടത്ത് വെച്ച് നിങ്ങളവരെ കൊന്നുകളയുകയും അവർ നിങ്ങളെ പുറത്താക്കിയേടത്ത് നിന്ന് നിങ്ങൾ അവരെ പുറത്താക്കുകയും ചെയ്യുക. (കാരണം, അവർ നടത്തുന്ന) മർദനം കൊലയെക്കാൾ നിഷ്ഠൂരമാകുന്നു. മസ്ജിദുൽ ഹറാമിന്നടുത്ത് വെച്ച് നിങ്ങൾ അവരോട് യുദ്ധം ചെയ്യരുത്; അവർ നിങ്ങളോട് അവിടെ വെച്ച് യുദ്ധം ചെയ്യുന്നത് വരെ. ഇനി അവർ നിങ്ങളോട് (അവിടെ വെച്ച്) യുദ്ധത്തിൽ ഏർപെടുകയാണെങ്കിൽ അവരെ കൊന്നുകളയുക. അപ്രകാരമാണ് സത്യനിഷേധികൾക്കുള്ള പ്രതിഫലം."

അവർ നിങ്ങളെ താമസസ്ഥലത്തുനിന്നും പുറത്താക്കിയിരിക്കുന്നു. അവർ നടത്തുന്ന മർദനങ്ങളും കുഴപ്പങ്ങളും കൊലയെക്കാൾ ക്രൂരമാണ്. അതിനാൽ വിശ്വാസ സംരക്ഷണത്തിനും സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കാനും വേണ്ടി യുദ്ധത്തിന്റെ സാഹചര്യം വന്നാൽ അവിടെ അക്രമികളെ സായുധമായി തന്നെ നേരിടേണ്ടതുണ്ട് എന്നും യുദ്ധക്കളത്തിൽ എതിർഭാഗത്തുള്ള പോരാളിയെ കണ്ടേടത്തുവെച്ച് കൊല്ലണം എന്നുമുള്ള വചനങ്ങളെ സമാധാനത്തോടെ ജീവിക്കുന്ന സമൂഹത്തിൽ കുഴപ്പമുണ്ടാക്കുവാൻ തെളിവായി ഉദ്ധരിക്കുന്നത് പച്ചയായ ദുർവ്യാഖ്യാനമല്ലാതെ മറ്റെന്താണ്?!

ഐക്യത്തോടെയും സ്നേഹത്തോടെയും കഴിയുന്ന ഇന്ത്യയിലെ ജനങ്ങളെ ഭിന്നിപ്പിക്കുവാനുള്ള ശ്രമങ്ങൾ തിരിച്ചറിഞ്ഞ് പ്രധിരോധിക്കുവാൻ നമ്മൾ തയ്യാറാകണം.

പ്രവാചകനും അനുയായികളും മദീനയിലുള്ള സമയത്താണ് ഈ വചനങ്ങളൊക്കെയും അവതരിച്ചത്. മക്കയിലെ പീഡനങ്ങൾ സഹിക്കാൻ വയ്യാതെയാണ് അവർ മദീനയിലെത്തിയത്. 13 വർഷത്തെ കൊടിയ പീഡനങ്ങൾക്കിടയിൽ ചെറുതായിട്ടുപോലും തിരിച്ചൊന്നും അവർ ചെയ്തിട്ടില്ല. തങ്ങളുടെ നാടും വീടും സ്വത്തുക്കളുമെല്ലാം ഉപേക്ഷിച്ച് പലായനം ചെയ്ത് മദീനയിൽ സമാധാനത്തോടു കൂടെ കഴിയുകയായിരുന്നു പ്രവാചകനും അനുയായികളും. അവിടെയും അവരെ ആക്രമിക്കുവാൻ മക്കയിൽനിന്നെത്തിയവർക്കെതിരെ നിലനിൽപിനായി യുദ്ധം ചെയ്യുവാൻ ആഹ്വാനം ചെയ്യുന്ന വചനങ്ങൾ ചൂണ്ടിക്കാട്ടി യാതൊരു യുദ്ധസാഹചര്യവുമില്ലാത്ത ഇന്ത്യയിൽ അക്രമം കാണിക്കുവാൻ ആഹ്വാനം ചെയ്യു

ന്നവരുടെ ഉദ്ദേശം വ്യക്തമാണ്. ഈ വചനങ്ങൾ ജനങ്ങളെ ഓതിക്കേൾപിച്ച പ്രവാചകന്നോ, അതുകേട്ട അനുയായികൾക്കോ അറിയാത്ത ഒരു വിശദീകരണമാണിത്. നിരപരാധികൾ കൂടിച്ചേരുന്നിടത്ത് ആക്രമണം നടത്തി കൊലചെയ്യാൻ ആഹ്വാനം ചെയ്യുന്നവർക്ക് ക്വുർആനിൽനിന്ന് എന്ത് തെളിവുകൾ ലഭിക്കുക?

ഇന്ത്യയിൽ ആരാധന നടത്തുവാൻ സ്വാതന്ത്ര്യമില്ലെന്ന കളവ് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാനും ആചാരങ്ങൾ അനുഷ്ഠിക്കുവാനും പ്രബോധനം ചെയ്യുവാനും സ്വാതന്ത്ര്യമുള്ള നമ്മുടെ നാട്ടിൽ എവിടെയാണ് അയാൾ പറയുന്ന തടസ്സങ്ങൾ ഉള്ളത്? ഇന്ത്യ ഭരിക്കുന്നത് ഹിന്ദുക്കളാണെന്നും ഇന്ത്യയിലെ ജനാധിപത്യ വ്യവസ്ഥ ഒരു മുസ്‌ലിമിന് അംഗീകരിക്കുവാൻ പറ്റില്ലെന്നും പറയുന്ന ഇവർ ഇസ്‌ലാമിക പണ്ഡിതനും സ്വാതന്ത്ര്യ സമരസേനാനിയുമായ മൗലാനാ അബുൽ കലാം ആസാദിലേക്കും കേരളത്തിലെ ഇസ്‌ലാമിക പണ്ഡിതരും സ്വാതന്ത്ര്യ സമര സേനാനികളുമായിരുന്ന കെ.എം. മൗലവി, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്, സീതി സാഹിബ് തുടങ്ങിയവരെക്കുറിച്ചോർക്കുന്നത് നന്നായിരിക്കും. സ്വന്തം വിശ്വാസം മുറുകെപ്പിടിക്കുന്നതോടൊപ്പം ഇവിടെയുള്ള മറ്റുമതസ്തരായ നേതാക്കളോടൊപ്പം രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിനും സമൂഹത്തിന്റെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിച്ചവരാണ് അവർ. ഇഷ്ടമുള്ള മതത്തിൽ വിശ്വസിക്കുവാനും പ്രാവർത്തികമാക്കുവാനും പ്രബോധനം ചെയ്യുവാനും സ്വാതന്ത്ര്യമുള്ള നമ്മുടെ രാജ്യത്തിന്റെ ഭരണഘടന മുസ്‌ലിമിനെ സംബന്ധിച്ചിടത്തോളം അനുഗ്രഹം തന്നെയാണ്.

ആ അനുഗ്രഹത്തിന് സ്രഷ്ടാവിനോട് നന്ദി കാണിച്ച്, സ്വാതന്ത്ര്യം ഉപയോഗിച്ച് ഈ മഹത്തായ ആദർശം പരമാവധി പേരിലേക്ക് എത്തിക്കുവാനുള്ള പ്രബോധന പ്രവർത്തനങ്ങളിൽ വ്യാപൃതരാകേണ്ടവരാണ് മുസ്‌ലിംകൾ. 'സ്നേഹ സംവാദങ്ങളിലൂടെ വർഷത്തിലൊരാൾ മുസ്‌ലിമായാൽ അതേ ഉള്ളൂ' എന്ന മലയാളി ഭീകരന്റെ പരിഹാസം ദശക്കണക്കിനു വർഷങ്ങൾ പ്രബോധനം ചെയ്ത് വിരലിലെണ്ണാവുന്ന അനുയായികളെ മാത്രം ലഭിച്ച പ്രവാചകന്മാരുടെ ചരിത്രം അറിയാത്തതിൽനിന്നും ഉൽഭവിച്ചതാണ്. മതത്തിൽ നിർബന്ധിച്ച് ഒരാളെയും ചേർക്കേണ്ട ഉത്തരവാദിത്തം ഇല്ല, ഉദ്ബോധനം മാത്രമാണ് ഉത്തരവാദിത്തം എന്ന് ക്വുർആൻ പഠിപ്പിക്കുന്നത് ഇവർ അറിയാതെ പോകുന്നു. ഇസ്‌ലാം എന്തെന്നോ ജിഹാദ് എന്തെന്നോ ഒന്നും മനസ്സിലാകാത്ത, മനസ്സിന് വിഭ്രാന്തി ബാധിച്ച ഏതോ ഒരു രക്തക്കൊതിയന്റെ പിച്ചും പേയും മാത്രമാണത്!

ഇസ്‌ലാം എന്താണെന്ന് പ്രാമാണികമായി പഠിക്കൂ, ക്വുർആനിൽ നിന്ന് അടർത്തിയെടുത്ത് ദുർവ്യാഖ്യാനിച്ച വചനത്തിന് മുമ്പുള്ള രണ്ടു വചനങ്ങളെങ്കിലും മനസ്സിരുത്തിയൊന്ന് വായിക്കൂ, ഈ മഹത്തായ മതം പഠിപ്പിക്കുന്ന മൂല്യങ്ങൾ തിരിച്ചറിയൂ, അങ്ങനെ യഥാർഥ ഇസ്‌ലാമിലേക്ക് കടന്നു വരൂ എന്ന് മാത്രമാണ് ഓരോ മലയാളിക്കും വേണ്ടി ഇത്തരക്കാരോട് ആവശ്യപ്പെടാനുള്ളത്! ●



**യാതൊരു യുദ്ധ സാഹചര്യവുമില്ലാത്ത, പല മതസ്ഥരും ഒന്നിച്ച് ജീവിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന നമ്മുടെ നാട്ടിൽ ഈ വചനങ്ങൾ പ്രായോഗികമാക്കണമെന്ന് പറയുന്നതിലെ വിരോധാഭാസം ചെറുതല്ല. യുദ്ധ രംഗത്ത് നിന്നും പിന്തിരിയുന്നവരോട് യുദ്ധം ചെയ്യരുതെന്ന് കൽപിക്കുന്ന ഒരു വചനം എങ്ങനെയാണ് തങ്ങളുമായി സ്നേഹത്തിലും സാഹോദര്യത്തിലും കഴിയുന്ന ഈ നാട്ടിലെ മനുഷ്യരെ അക്രമിക്കുവാൻ തെളിവായി മാറുന്നത്? ലോകത്തിന്റെ എല്ലാഭാഗത്തും എല്ലാ കാലത്തും പ്രമാണമാവേണ്ട ക്വുർആനിൽ യുദ്ധവുമായി ബന്ധപ്പെട്ട നിയമങ്ങൾ പഠിപ്പിക്കുന്ന വചനങ്ങളുണ്ടാവുക സ്വാഭാവികമാണ്. ക്വുർആനിൽ മാത്രമല്ല മറ്റു മതഗ്രന്ഥങ്ങളിലും യുദ്ധവുമായി ബന്ധപ്പെട്ട വചനങ്ങൾ കാണാവുന്നതാണ്.**

സുഫ്‌യാൻ അബ്ദുസ്സലാം
sufyanasalam@gmail.com

കവർ സ്റ്റോറി



# സമരങ്ങളിലെ പ്രാകൃതബോധം: ഉത്തരവാദിത്തം ആർക്ക്?

**സ്വന്തം ഇച്ഛകളോടുള്ള സമരമാണ് പാരത്രിക ലോകത്തിലെ വിജയത്തിന്റെ നിദാനമെന്ന് വിശ്വസിക്കുന്നവരാണ് മുസ്‌ലിംകൾ. ഇതരരുടെ അവകാശങ്ങളെ ഹനിക്കുന്ന യാതൊരു സമരരീതികളും ഇസ്‌ലാം അംഗീകരിക്കുന്നില്ല. എന്നാൽ സമരം തന്നെ ജീവിതമായി കാണുന്ന ദർശനത്തിന്റെ വക്താക്കൾ പോലും ഇസ്‌ലാമിനെ പ്രാകൃതമെന്നും അപരിഷ്‌കൃതമെന്നും പരിഹസിക്കുമ്പോൾ ചരിത്രത്തിന്റെ വെളിച്ചത്തിൽ അത് പരിശോധിക്കപ്പെടേണ്ടതുണ്ട്.**

**പ്രാ**കൃത സമര രീതികളുടെ ഉപജ്ഞാതാക്കൾ തന്നെ പ്രാദേശിക സമരങ്ങളെ പ്രാകൃതമെന്നും കാലഹരണപ്പെട്ട സമരരീതികളെന്നുമൊക്കെ അധിക്ഷേപിക്കുന്ന വൈരുധ്യാധിഷ്ഠിത വർത്തമാനങ്ങളാണ് കുറച്ച് ദിവസങ്ങളായി വാർത്തകളിലും സാമൂഹ്യമാധ്യമങ്ങളിലും നിറഞ്ഞുകൊണ്ടിരിക്കുന്നത്. ഗെയിൽ പ്രതിഷേധ സമരങ്ങൾ കോഴിക്കോട് ജില്ലയിലെ മുക്കം, എരഞ്ഞിമാവ് പ്രദേശങ്ങളിൽ ഒരു ജനകീയ സമരമായി മാറിയ സന്ദർഭത്തിൽ അതിനെതിരെ പ്രസ്താവനയുമായി വന്നത് പ്രാകൃതസമരങ്ങളുടെ വികൃത രൂപങ്ങൾ കേരളീയ സമൂഹത്തിനു പ്രദർശിപ്പിച്ച നക്സൽ പ്രസ്ഥാനത്തിന്റെ പഴയകാല നേതാവ് കെ.ടി. കുഞ്ഞിക്കണ്ണനാണ്. നക്സലിസത്തിൽ നിന്നും സി.പി.ഐ(എം.എൽ)ലൂടെ സി.പി.എമ്മിലെത്തിയ സഖാവ് പഴയകാല ചരിത്രങ്ങളെല്ലാം വിസ്മരിച്ചുകൊണ്ടാണ് സംസാരിച്ചു തുടങ്ങിയത്. അപകടം മനസ്സിലാക്കിയ പാർട്ടി നേതാക്കൾ തന്നെ കുഞ്ഞിക്കണ്ണന്റെ പ്രസ്താവനക്ക് ചില വ്യാഖ്യാനങ്ങൾ നൽകി തൽക്കാലം രക്ഷപ്പെടുകയാണുണ്ടായത്.

ഗെയിൽ പ്രതിഷേധ സമരങ്ങൾ അംഗീകൃത സമരമാർഗങ്ങളെ ലംഘിച്ചു കൊണ്ടാണ് നടക്കുന്നതെങ്കിൽ അതിനെ വിമർശിക്കുവാൻ ധാർമികമായ അവകാശം എല്ലാവർക്കുമുണ്ട്. സമരരീതികളിൽ തെറ്റായ വശങ്ങളുണ്ടെങ്കിൽ അവ തിരുത്തുകയും സമരത്തിന് ശരിയായ ദിശാബോധം നൽകുകയും ചെയ്യേണ്ടത് സമരസമിതിയുടെയും ആ പ്രദേശത്തെ ഉത്തരവാദപ്പെട്ട ജനനേതാക്കളുടെയും പ്രസ്ഥാനങ്ങളുടെയും ചുമതലയാണ്. പക്ഷേ, സമരം അക്രമാസക്തമാവുകയും നിയമവിരുദ്ധ മാർഗങ്ങൾ അവലംബിക്കുകയും ചെയ്യുന്നുവെന്നും ഏഴാം നൂറ്റാണ്ടിലെ പ്രാകൃതബോധമാണ് സമരത്തിൽ കാണുന്നതെന്നുമുള്ള ആക്ഷേപങ്ങൾ ഉന്നയിക്കുവാൻ പഴയ നക്സൽബാരികൾക്ക് എന്തവകാശമാണുള്ളത് എന്ന ചോദ്യമാണ് ഇവിടെ പ്രസക്തമാവുന്നത്.

ഏഴാം നൂറ്റാണ്ട് സകലമാന പ്രാകൃത സംസ്കാരങ്ങൾക്കും യുദ്ധങ്ങൾക്കും അജ്ഞതകൾക്കുമെതിരെ അതിശക്തമായ ബോധവൽക്കരണം നടക്കുകയും ജനസഞ്ചയങ്ങളിൽ യഥാർഥ ദൈവവിശ്വാസത്തിന്റെയും ആർദ്രതയുടെയും സഹജീവികളോടുള്ള കടമകളുടെയും ബോധം നിറയുകയും ചെയ്ത കാലമായിരുന്നു. പ്രവാചകൻ മുഹമ്മദ്ﷺ ഭൂജാതനായത് ആറാം നൂറ്റാണ്ടിന്റെ അവസാനത്തിലായിരുന്നുവെങ്കിൽ അദ്ദേഹത്തിലൂടെ ദിവ്യവചനങ്ങൾ ലോകത്തിനു സമ്മാനിക്കപ്പെട്ടത് ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തിലായിരുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ജീവിക്കുന്ന പരിഷ്കൃതരെന്നു വിളിക്കപ്പെടുന്ന ജനസമൂഹങ്ങളെക്കാൾ മനുഷ്യത്വം കൊണ്ടും സംസ്കാരം കൊണ്ടും ഉത്തമരായിരുന്നു ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രവാചകനും അദ്ദേഹത്തിൽ വിശ്വസിച്ചിരുന്നവരും. ‘ദ ഹൺഡ്രഡ്’ രചിച്ച മൈക്കൽ ഹാർട്ട് അടക്കമുള്ള ആധുനിക ഗവേഷകർക്ക് പ്രവാചകന്നും അനുയായികൾക്കും ലോക സമൂഹത്തിൽ ഒന്നാം സ്ഥാനം നൽകുവാൻ സാധിച്ചത് സ്വന്തം ജനതയെ പ്രാകൃത ബോധത്തിൽ നിന്നും സാംസ്കാരികതയുടെ ഉന്നത സോപാനങ്ങളിലേക്ക് നയിച്ചത് കൊണ്ടായിരുന്നു. ഏകദൈവത്തെ കുറിച്ചുള്ള ദൃഢബോധ്യവും ഐഹികജീവിതത്തിന്റെ ക്ഷണികതയെ കുറിച്ചുള്ള അറിവും മരണശേഷമുള്ള ജീവിതത്തിൽ രക്ഷാശിക്ഷകൾ നൽകപ്പെടുമെന്നുള്ള ഉറച്ച വിശ്വാസവും മനസ്സുകളിലേക്ക് പകർന്നു കൊടുത്തതിന്റെ പ്രതിഫലനമായിരുന്നു ഏറ്റവും ഉത്തമസമുദായമെന്ന വിശേഷണത്തിലേക്ക് അവരെ ഉയർത്തിക്കൊണ്ടുവന്നത്.

ഏകദൈവവിശ്വാസം അംഗീകരിച്ചതിന്റെ പേരിൽ മക്കയിൽ 13 വർഷം കൊടും ക്രൂരതകൾ അനുഭവിച്ചവരായിരുന്നു പ്രവാചകനും അനുയായികളും. തങ്ങളോട് ക്രൂരതകൾ ചെയ്തവർക്കെതിരെ ഇരുട്ടിന്റെ മറവിലോ പകൽവെളിച്ചത്തിലോ ആക്രമണങ്ങൾ നടത്തുന്നതിന് വേണ്ടിയുള്ള പ്രാകൃതമായ സമരരീതികളൊന്നും അവർ ആസൂത്രണം ചെയ്തില്ല. ക്ഷമയുടെ മാർഗം അവലംബിക്കുവാൻ മാത്രം പ്രവാചകൻ അവരെ ഉപദേശിച്ചു. എത്രകാലം ഇങ്ങനെ സഹിക്കണമെന്ന അനുചരന്മാരുടെ ചോദ്യത്തിന് മുൻകാലങ്ങളിൽ ഇതിലേറെ സഹിച്ചവരുടെ ത്യാഗകഥകൾ അവർക്ക് പറഞ്ഞുകൊടുത്തു. അക്രമത്തിന്റെ പാത സ്വീകരിക്കാതെ ജീവിച്ച അവർ പ്രതിഷേധത്തിനായി പ്രാകൃതമുറകളൊന്നും സ്വീകരിച്ചില്ല. അച്ചടക്കജീവിതം നയിച്ച അവർ 13 വർഷങ്ങൾക്ക് ശേഷം ഗത്യന്തരമില്ലാതെ മദീനയിലേക്ക് പലായനം ചെയ്തു. മദീനയിലും സ്വസ്ഥമായി അവരെ ജീവിക്കുവാനനുവദിക്കില്ലെന്ന വാശിയോടെ മദീനയെ ആക്രമിക്കുവാനും അവിടെയുള്ള ചില ഗോത്രങ്ങളെ ഉപയോഗിച്ച് അവരെ വകവരുത്തുവാനും ശത്രുക്കൾ കിണഞ്ഞു ശ്രമിച്ചു. പക്ഷേ, ഒരു ഏറ്റുമുട്ടൽ ഒഴിവാക്കാൻ പ്രവാചകൻﷺ അങ്ങേയറ്റം ശ്രമിച്ചു. യുദ്ധമല്ല, സമാധാനമായിരുന്നു അദ്ദേഹത്തിന്റെ ദർശനം. പ്രവാചകനും അനുയായികളും എത്രമാത്രം സംയമനം പാലിക്കുന്നുവോ അപ്പോഴൊക്കെയും ആക്രമണോൽസുകത വർധിപ്പിക്കുകയായിരുന്നു ശത്രുക്കൾ. ഒടുവിൽ പ്രതിരോധിക്കുകയല്ലാതെ മാർഗമില്ലെന്നു വന്നപ്പോൾ അല്ലാഹുവിന്റെ അനുമതിക്ക് ശേഷം മാത്രം ശത്രുക്കളുടെ നിരന്തരമുള്ള ആക്രമണത്തെ പ്രതിരോധിക്കളവാൻ തീരുമാനിച്ചു. ചരിത്രത്തിൽ അറിയപ്പെടുന്ന ബദ്റും ഉഹ്ദും അഹ്സാബുമെല്ലാം ശത്രുക്കളുടെ ആക്രമണത്തെ ചെറുക്കുന്നതിന്റെ ഭാഗമായി സംഭവിച്ചതാണ്. ആദർശപരമായ നിലനിൽപ്പും പ്രബോ



**സമത്വ സുന്ദരമായ ലോകത്തിന്റെ നിർമാണത്തിനായി മനുഷ്യബുദ്ധിയിൽ പിറവികൊണ്ട ആശയമാണ് കമ്യൂണിസം. തൊഴിലാളി മുതലാളി വർഗ സംഘട്ടനമാണ് സർവ പ്രശ്നങ്ങളുടെയും അടിസ്ഥാനമെന്ന കാഴ്ചപ്പാട് കമ്യൂണിസ്റ്റുകൾ രൂപപ്പെടുത്തിയത് ഈ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ്. അങ്ങനെ സംഘട്ടനത്തിന്റെ തത്ത്വശാസ്ത്രം രചിച്ചവരുടെ പ്രവർത്തനരീതിയും സംഘട്ടനമായി മാറി എന്നതാണ് വാസ്തവം.**

ധനത്തിനുള്ള അവകാശവും ആവിഷ്കാര സ്വാതന്ത്ര്യവും ഹനിക്കപ്പെട്ടപ്പോൾ അവ തിരിച്ചുപിടിക്കുവാൻ അവർക്ക് ക്ഷമയോടെ പ്രവർത്തിക്കേണ്ടി വന്നു. പ്രതിരോധത്തിന്റെ മറവിൽ ആക്രമണങ്ങൾ അദ്ദേഹം അനുവദിച്ചില്ല. പ്രവാചകൻﷺ നയിച്ച പ്രതിരോധങ്ങൾ തെരുവുയുദ്ധമോ അങ്ങാടിത്തല്ലോ ആയിരുന്നില്ല. ഏറ്റുമുട്ടലുകൾ ഇല്ലാതിരിക്കുവാനുള്ള മാർഗങ്ങൾ ആരായണമെന്നും ശത്രുപക്ഷം യുദ്ധത്തിൽ ഉറച്ച് നിൽക്കുകയാണെങ്കിൽ മാത്രം അവരെ നേരിടണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ നയം. യുദ്ധമുഖങ്ങളിൽ നേരിട്ട് പങ്കെടുക്കാത്ത ഒരാളെയും ആക്രമിക്കാൻ പാടില്ലെന്ന നിയമം അദ്ദേഹം പഠിപ്പിച്ചു. ഏഴാം നൂറ്റാണ്ടിൽ പ്രവാചകൻ കൊണ്ടുവന്ന ബോധം പ്രാകൃതമായിരുന്നില്ല; ഉന്നതമൂല്യങ്ങളുടേതായിരുന്നു എന്ന യാഥാർഥ്യമാണ് ഇതെല്ലം സൂചിപ്പിക്കുന്നത്.

പ്രത്യയശാസ്ത്രങ്ങൾ തമ്മിലും ആശയാദർശങ്ങൾ തമ്മിലും സൈദ്ധാന്തികമായ ഏറ്റുമുട്ടലുകൾ ഉണ്ടാവേണ്ടതും അവ മനുഷ്യബുദ്ധിയെ ഉദ്ദീപിക്കുന്നവയുമാണെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടാണ് ഇസ്‌ലാം ബൗദ്ധികമായ സംവാദങ്ങൾക്ക് പ്രേരണ നൽകുകയും ധിഷണാപരമായ ചർച്ചയ്ക്കുള്ള വാതായനം തുറന്നുകൊടുക്കുകയും ചെയ്യുന്നത്. വിശുദ്ധ ക്വുർആനിന്റെ ഒട്ടേറെ വചനങ്ങൾ അവസാനിക്കുന്നത് തന്നെ 'നിങ്ങൾ ചിന്തിക്കുന്നില്ലേ' എന്ന ചോദ്യവുമായിട്ടാണ്. വ്യവസ്ഥിതിയുടെ മാറ്റമല്ല, മനഃസ്ഥിതികളുടെ മാറ്റമാണ് ഇസ്‌ലാം ലക്ഷ്യമാക്കുന്നത്. മനഃസ്ഥിതികൾ മാറുമ്പോഴുള്ള സ്വാഭാവിക പരിണിതിയുടെ ഭാഗമായാണ് വ്യവസ്ഥിതികൾ രൂപപ്പെടുന്നത്. ഇസ്‌ലാമിലേക്ക് കടന്നുവരുന്നവർ സ്ത്രീകളാണെങ്കിൽ പോലും അവരുടെ വിശ്വാസം അന്വേഷണ പരീക്ഷണങ്ങളിലൂടെ വ്യക്തമാവേണ്ടതുണ്ട് എന്ന ക്വുർആനിക നിർദേശം ഇതുമായി കൂട്ടിവായിക്കേണ്ടതാണ്. ഇങ്ങനെ ബുദ്ധിയോട് സംവദിച്ച് ആശയങ്ങൾ രൂപപ്പെടുത്തണമെന്ന മാനവികമായ സംസ്കാരം ആധുനികലോകത്തെ പഠിപ്പിച്ചത് ഇസ്‌ലാമാണ്. പ്രലോഭനങ്ങൾക്കോ പ്രകോപനങ്ങൾക്കോ സ്ഥാനം നൽകാതെ, 'ഉദ്ദേശിക്കുന്നവർ വിശ്വസിക്കട്ടെ, ഉദ്ദേശിക്കുന്നവർ അവിശ്വസിക്കട്ടെ' എന്നും, 'മതത്തിൽ ബലാൽക്കാരമില്ല; വിവേകം അവിവേകത്തിൽ നിന്നും വ്യക്തമാണ്' എന്നുമൊക്കെയുള്ള ആശയങ്ങളാണ് ഇസ്‌ലാം മുന്നോട്ടുവെക്കുന്നത്. ഇസ്‌ലാം = വിപ്ലവം = രാജ്യം = ഭരണം എന്ന ചില ആധുനികരുടെ കാഴ്ചപ്പാടുകൾ ഇസ്‌ലാമിന്റെ സുന്ദരമുഖത്തിനു പരുക്കേൽപിച്ചിട്ടുണ്ടെങ്കിലും ക്വുർആനും പ്രവാചകചര്യയും അവശേഷിക്കുന്നിടത്തോളം ഇസ്‌ലാമിന്റെ വിശാലമായ കാഴ്ചപ്പാടുകൾ എക്കാലവും ലോകസമൂഹത്തിൽ നിലനിൽക്കുമെന്ന കാര്യത്തിൽ സംശയമില്ല.

ഇസ്‌ലാം ഉയർത്തിപ്പിടിക്കുന്ന ഇത്തരം മാനവികമായ കാഴ്ചപ്പാടുകൾ അലോസരപ്പെടുത്തുന്നത് അധാർമികതകളെയും അഴിമതികളെയും താലോലിക്കുന്നവരെയാണ്. വ്യക്തിതലം തൊട്ട് കുടുംബപരവും സാമൂഹികവുമായ കാര്യങ്ങളിൽ ധാർമികമായ നിലപാടുകൾ സ്വീകരിക്കപ്പെടുമ്പോൾ സമൂഹത്തിൽ വളർന്നു പന്തലിച്ചു വരുന്ന വിവിധങ്ങളായ അധാർമികതയുടെ മുതലാളിമാരും പ്രയോജകരും അസ്വസ്ഥമാവുന്നു. ഈ അസ്വസ്ഥതകൾ ഇസ്‌ലാമികാശയങ്ങളുടെ വ്യാപനത്തെ തടയുവാൻ ഇവരെ പ്രേരിപ്പിക്കുന്നു. ഏഴാം നൂറ്റാണ്ടിലെ പ്രാകൃതബോധത്തെ കുറിച്ച് ഇപ്പോഴും അസ്വസ്ഥമാവുന്ന കമ്യൂണിസ്റ്റുകൾ നക്സലിസവും മാവോയിസവുമടക്കമുള്ള മനുഷ്യത്വരഹിതമായ പ്രത്യശാസ്ത്രങ്ങൾക്ക് ബീജാവാപം നൽകിയവരാണ് തങ്ങളെന്ന യാഥാർഥ്യം വിസ്മരിച്ചുപോകുന്നു. അതോടൊപ്പം ഇരുപതാം നൂറ്റാണ്ടിൽ പോലും മുസ്‌ലിം സമൂഹത്തിനെതിരെ നടന്ന നിരവധി ക്രൂരതകളെ താലോലിച്ചവരാണ് തങ്ങളെന്ന കാര്യവും അവർ മറന്നുപോകുന്നു.

സമത്വ സുന്ദരമായ ലോകത്തിന്റെ നിർമാണത്തിനായി മനുഷ്യബുദ്ധിയിൽ പിറവികൊണ്ട ആശയമാണ് കമ്യൂണിസം. ഒരു മനുഷ്യനും സ്വന്തമായി സ്വത്തില്ലാത്ത, എല്ലാ സ്വത്തും സ്റ്റേറ്റിന് മാത്രം അവകാശപ്പെട്ട, എന്നാൽ എല്ലാ മനുഷ്യരും തുല്യമായ അവകാശങ്ങൾ വെച്ചുപുലർത്തുന്ന ഒരു ലോകം. അതായിരുന്നു കമ്യൂണിസ്റ്റുകൾ സ്വപ്നം കണ്ട ഉട്ടോപ്യ. തലയിൽ ഒരു ചാക്ക് സ്വപ്നം പേറി നടന്നാൽ ലോകത്തൊന്നും സംഭവിക്കില്ലെന്ന് പിന്നീട് കമ്യൂണിസം തെളിയിക്കുകയും ചെയ്തു. ഇരുട്ട്-വെളിച്ചം; രാവ്-പകൽ; പുരുഷൻ-സ്ത്രീ; പോസിറ്റിവ്-നെഗറ്റീവ് എന്നിങ്ങനെ പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളും പരസ്പര വൈരുധ്യത്തിലാണെന്നും അവ സംഘട്ടനത്തിലാണെന്നുമാണ് വൈരുധ്യാധിഷ്ഠിത ഭൗതികവാദം എന്ന പേരിലറിയപ്പെടുന്ന മാർക്സിയൻ ഭൗതിക ദർശനം. ഇത്തരം വൈരുധ്യം തൊഴിലാളി മുതലാളി

ബന്ധങ്ങളിലുമുണ്ടെന്നും മുതലാളിക്കെതിരെ വിപ്ലവം നയിക്കലാണ് തൊഴിലാളിയുടെ പ്രഥമ ധർമമെന്നും അവർ സിദ്ധാന്തിച്ചു. തൊഴിലാളി മുതലാളി വർഗസംഘട്ടനമാണ് സർവ പ്രശ്നങ്ങളുടെയും അടിസ്ഥാനമെന്ന കാഴ്ചപ്പാട് കമ്യൂണിസ്റ്റുകൾ രൂപപ്പെടുത്തിയത് ഈ ദർശനത്തിന്റെ അടിസ്ഥാനത്തിലാണ്. അങ്ങനെ സംഘട്ടനത്തിന്റെ തത്ത്വശാസ്ത്രം രചിച്ചവരുടെ പ്രവർത്തനരീതിയും സംഘട്ടനമായി മാറി എന്നതാണ് വാസ്തവം. ഏഴാം നൂറ്റാണ്ടിൽ മുഹമ്മദ് നബിﷺ പ്രപഞ്ചത്തിലെ വസ്തുക്കൾ തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും പഠിപ്പിച്ചെങ്കിൽ ആധുനിക പ്രത്യയശാസ്ത്രമെന്ന പേരിൽ അഭിമാനം കൊണ്ടിരുന്ന കമ്യൂണിസം സംഘട്ടനാത്മകവും സ്ഫോടനാത്മകവുമായ വിപ്ലവത്തിലൂടെ അവർ സ്വപ്നം കണ്ടിരുന്ന ലോകത്തെത്താൻ സാധിക്കുമെന്നാണ് പഠിപ്പിക്കുവാൻ ശ്രമിച്ചത്. വിരുദ്ധമെന്ന് തോന്നുന്ന വസ്തുക്കൾക്കിടയിലെ പാരസ്പര്യത്തെ കണ്ടെത്തി പരസ്പരം ഉൾക്കൊള്ളുവാനും പൂരകങ്ങളായി പ്രവർത്തിക്കുവാനുമാണ് പ്രവാചകൻ പഠിപ്പിച്ചതെങ്കിൽ; പകരം വൈരവും വൈരുധ്യവും സൃഷ്ടിച്ചുവെന്നതാണ് കമ്യൂണിസം ലോകത്തിനു നൽകിയ സംഭാവന. സമത്വസുന്ദരമെന്ന വളരെ നല്ല ലക്ഷ്യം കൈവരിക്കുവാൻ ഏത് മാർഗവും അവലംബിക്കാമെന്ന ആശയം പ്രയോഗവത്കരിച്ചവരാണ് കമ്യൂണിസ്റ്റുകൾ. 'ലക്ഷ്യം മാർഗത്തെ ന്യായീകരിക്കുന്നു' (the end justifies the means) എന്ന വളരെ പ്രസിദ്ധമായ ആശയം ആധുനിക ലോകത്ത് പ്രചരിപ്പിക്കുകയും ലക്ഷ്യം നേടാൻ വേണ്ടി ആയിരങ്ങളെ കൊന്നൊടുക്കുകയും ചെയ്ത ചരിത്രമാണ് അവരുടേത്.

ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ സോവിയറ്റ് യൂണിയനിലെ വിവിധ പ്രദേശങ്ങളിൽ അവർ നടത്തിയ നരനായാട്ടുകൾ പ്രസിദ്ധമാണല്ലോ. സ്റ്റാലിന്റെ ക്രൂരതകളെ പിന്നീട് സോവിയറ്റ് യൂണിയൻ തിരിച്ചറിയുകയും ഗോർബച്ചേവിന്റെ കാലത്ത് ഗ്ലാസ്നോസ്ത്തിലൂടെയും പെരിസ്ട്രോയിക്കയിലൂടെയും സോവിയറ്റ് യൂണിയൻ തകർന്നടിയുകയും ചെയ്തത് ലോകം അത്ഭുതത്തോടെ നോക്കിക്കണ്ടു. കമ്യൂണിസമെന്ന ആശയത്തിന്റെ പ്രസക്തി നഷ്ടപ്പെട്ടുവെന്ന് ലോകം മനസ്സിലാക്കി. അത് കാലത്തിന്റെ റീസൈക്കിൾ ബിന്നിൽ നിന്ന് പോലും ഡിലീറ്റ് ചെയ്യപ്പെട്ടു. ആത്മാവ് നഷ്ടപ്പെട്ട് അസ്ഥികൂടമായി കേവലം സംഘടനകൾ മാത്രമായി കമ്യൂണിസ്റ്റ് പാർട്ടികൾ ചുരുങ്ങി. കമ്യൂണിസം ഇന്നും കലഹരണപ്പെട്ടില്ലെന്നു വിശ്വസിക്കാൻ ഇഷ്ടപ്പെടുന്നവരാണ് ഇന്ത്യയിലെ കമ്യൂണിസ്റ്റുകൾ. അവരിപ്പോഴും റഷ്യയിലും ചൈനയിലും കമ്പോഡിയയിലും ക്യൂബയിലും കൊറിയയിലും ഉദയം കൊണ്ട കമ്യൂണിസം മരിക്കാതെ കിടക്കുന്നുവെന്നു സങ്കൽപിച്ചുപോരുന്നു. മാർക്സ് സങ്കൽപിച്ചതും ലെനിൻ ഉദ്ദേശിച്ചതുമായ കമ്യൂണിസമായിരുന്നില്ല അവിടങ്ങളിൽ വന്നതെന്ന് അവർക്ക് മനസ്സിലായിട്ടുണ്ടെങ്കിലും അങ്ങനെയല്ലെന്ന് വിശ്വസിച്ച് സമാധാനിക്കുവാൻ അവർ ഇഷ്ടപ്പെടുന്നു. കമ്യൂണിസത്തിന് പറ്റിയ ഏറ്റവും വലിയ പാളിച്ച അത് കൈകാര്യം ചെയ്യുന്ന വ്യക്തികളുടെ ഇംഗിതങ്ങൾക്കനുസരിച്ച് അത് വ്യാഖ്യാനിക്കപ്പെട്ടുവെന്നതാണ്. സ്റ്റാലിന്റെ കാലത്ത് നടന്ന കൊടുംക്രൂരതകളെ സ്റ്റാലിന്റെ വിയോഗത്തിന് ശേഷം 1956ൽ പാർട്ടി സെക്രട്ടറി നികിത ക്രൂഷ്ചേവാണ് പുറത്തുകൊണ്ടുവന്നത്. ഇത് കമ്യൂണിസ്റ്റ് പാർട്ടികൾക്ക് തിരുത്തുവാനുള്ള ഒരവസരമായിരുന്നു. പക്ഷേ, സ്റ്റാലിന് തെറ്റുപറ്റിയെന്ന് സമ്മതിക്കാൻ കമ്യൂണിസ്റ്റുകൾക്ക് സാധിച്ചില്ല. ഇന്ത്യയിലെ കമ്യൂണിസ്റ്റുകൾക്ക് സ്റ്റാലിന്റെ രീതികളും ചെയ്തികളുമൊക്കെ തെറ്റെന്നു സമ്മതിച്ച് ഇന്ത്യയുടെ സാമൂഹികഘടനക്ക് അനുസരിച്ച് വേണമെങ്കിൽ പാർട്ടി പ്രവർത്തനങ്ങളെ ക്രമീകരിക്കാമായിരുന്നു. പക്ഷേ, അതിനു പകരം 'തെറ്റുപറ്റിയിട്ടുണ്ടെങ്കിൽ അത് സ്റ്റാലിന്റെ മാത്രം കുഴപ്പമല്ല' എന്ന കുതർക്കം ഉന്നയിക്കുവാനായിരുന്നു അവർ മുതിർന്നത്.

ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കപ്പെടുന്നത് 1925ലാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമര രംഗത്ത് നിന്നും പലപ്പോഴും കമ്യൂണിസ്റ്റുകൾ പിറകോട്ടു പോയത് സോവിയറ്റ് റഷ്യയുടെ ചങ്ങാത്തം ബ്രിട്ടനോടായിരുന്നത് കൊണ്ടായിരുന്നു. ഇന്ത്യയിലുണ്ടായത് യഥാർഥ സ്വാതന്ത്ര്യമല്ലെന്ന് അവർ പറയാനുണ്ടായ കാരണം തോക്കിൻകുഴലിലൂടെയുണ്ടാവേണ്ട വിപ്ലവം ഗാന്ധിയുടെ അഹിംസയിലൂടെ പിറവികൊണ്ടതുകൊണ്ടായിരുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കമ്യൂണിസ്റ്റ് പാ

**ഇന്ത്യയിൽ കമ്യൂണിസ്റ്റ് പാർട്ടി സ്ഥാപിക്കപ്പെടുന്നത് 1925ലാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമര രംഗത്ത് നിന്നും പലപ്പോഴും കമ്യൂണിസ്റ്റുകൾ പിറകോട്ടു പോയത് സോവിയറ്റ് റഷ്യയുടെ ചങ്ങാത്തം ബ്രിട്ടനോടായിരുന്നത് കൊണ്ടായിരുന്നു. ഇന്ത്യയിലുണ്ടായത് യഥാർഥ സ്വാതന്ത്ര്യമല്ലെന്ന് അവർ പറയാനുണ്ടായ കാരണം തോക്കിൻകുഴലിലൂടെയുണ്ടാവേണ്ട വിപ്ലവം ഗാന്ധിയുടെ അഹിംസയിലൂടെ പിറവികൊണ്ടതുകൊണ്ടായിരുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ കമ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യയുടെ ജനറൽ സെക്രട്ടറിയായി ബി.ടി രണദിവെ അവരോധിക്കപ്പെട്ടതോടെയായിരുന്നു കമ്യൂണിസ്റ്റ് സമരങ്ങൾ തീവ്ര വിപ്ലവങ്ങളിലേക്ക് നീങ്ങിയത്.**

**ഏഴാം നൂറ്റാണ്ടിൽ മുഹമ്മദ് നബിﷺ പ്രപഞ്ചത്തിലെ വസ്തുക്കൾ തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ചും സ്നേഹത്തെക്കുറിച്ചും പഠിപ്പിച്ചെങ്കിൽ ആധുനിക പ്രത്യയശാസ്ത്രമെന്ന പേരിൽ അഭിമാനം കൊണ്ടിരുന്ന കമ്യൂണിസം സംഘട്ടനാത്മകവും സ്ഫോടനാത്മകവുമായ വിപ്ലവത്തിലൂടെ അവർ സ്വപ്നം കണ്ടിരുന്ന ലോകത്തെത്താൻ സാധിക്കുമെന്നാണ് പഠിപ്പിക്കുവാൻ ശ്രമിച്ചത്.**

ർട്ടി ഓഫ് ഇന്ത്യയുടെ ജനറൽ സെക്രട്ടറിയായി ബി.ടി രണദിവെ അവരോധിക്കപ്പെട്ടതോടെയായിരുന്നു കമ്യൂണിസ്റ്റ് സമരങ്ങൾ തീവ്ര വിപ്ലവങ്ങളിലേക്ക് നീങ്ങിയത്. ഇന്ത്യൻ ജനതക്ക് തീവ്രസ്വഭാവങ്ങളോടെയുള്ള സമരമാർഗങ്ങൾ പരിചയപ്പെടുത്തിയത് കമ്യൂണിസ്റ്റ് പ്രസ്ഥാനമായിരുന്നു. ലക്ഷ്യമാണ് പ്രധാനമെന്ന ചിന്താഗതിയിൽ ലക്ഷ്യത്തിലേക്കുള്ള കുതിപ്പിൽ മാർഗങ്ങളിലുണ്ടാവേണ്ട നൈതികത വിസ്മരിക്കപ്പെട്ടു. വളരെ നല്ല ലക്ഷ്യങ്ങളിലേക്ക് കാലെടുത്തു വെച്ച സമരങ്ങൾ പോലും മാർഗങ്ങളിലെ അപഭ്രംശങ്ങൾ കാരണം വിമർശനങ്ങൾക്ക് കാരണമായി. തെറ്റുകളിൽ നിന്നും മാറ്റങ്ങൾ ഉൾക്കൊള്ളേണ്ടുന്നതിനു പകരം തെറ്റുകളെ ന്യായീകരിക്കുവാനും കൂടുതൽ തെറ്റുകളിലേക്ക് പോകുവാനുമാണ് കമ്യൂണിസ്റ്റ് പാർട്ടികൾ ശ്രമിച്ചത്.

കമ്യൂണിസത്തിന്റെ ഉപോൽപന്നമായിട്ടാണ് നക്സലിസം ഗണിക്കപ്പെടുന്നത്. 1964ൽ കമ്യൂണിസ്റ്റ് പാർട്ടി പിളർന്നു സി.പി.ഐഎമ്മും, സി.പി.ഐയുമായി മാറിയതിനു ശേഷം 1967ൽ കമ്യൂണിസ്റ്റ് നേതാക്കളായ കനു സന്യാലിന്റെയും ചാരു മജൂംദാറിന്റെയും നേതൃത്വത്തിൽ അന്നത്തെ സി.പി.ഐ (എം)ന്റെ ഒരു ഭാഗം പ്രവർത്തകർ ഔദ്യോഗിക നേതൃത്വത്തിനെതിരേ, പശ്ചിമ ബംഗാളിലെ നക്സൽബാരി എന്ന ഗ്രാമത്തിൽ സംഘടിപ്പിച്ച ആക്രമാസക്തമായ വിപ്ലവ പ്രക്ഷോഭമാണ് നക്സൽ പ്രസ്ഥാനങ്ങളുടെ തുടക്കം. നക്സൽപ്രസ്ഥാനങ്ങളുടെ തുടർച്ചയാണ് ഇപ്പോൾ അവശേഷിക്കുന്ന മാവോയിസ്റ്റുകൾ. പ്രാകൃത സമരങ്ങളെന്നറിയപ്പെടുന്ന ഇത്തരം സമരങ്ങളെ ഇന്ത്യൻ സമൂഹം കയ്യൊഴിച്ചെങ്കിലും ജനജീവിതം സ്തംഭിപ്പിച്ചും ബന്ദുകളും ഹർത്താലുകളും നടത്തിയും പ്രതിയോഗികളുടെ കഴുത്തറുത്തും അവർക്കുനേരെ ബോംബെറിഞ്ഞും പ്രാകൃതമായ സമരരീതികൾ ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നു. പലപ്പോഴും മനുഷ്യാവകാശങ്ങൾ പോലും ലംഘിക്കുന്ന സമരങ്ങളായി ഇവ മാറുന്നു. ഒരു മനുഷ്യനെ അമ്പത്തിയൊന്നും അതിലേറെയും വെട്ടുകൾ വെട്ടി നുറുങ്ങു കഷ്ണങ്ങളാക്കിത്തീർക്കുന്ന നികൃഷ്ടങ്ങളായ ആക്രമണങ്ങളിലേക്ക് ഇവ വഴിമാറുന്നു. ഇത്തരം പ്രാകൃതവും ക്രൂരവുമായ പ്രവർത്തനങ്ങൾക്ക് സൈദ്ധാന്തിക അടിത്തറ ഒരുക്കിവെക്കുന്നവരാണ് ഇസ്ലാമിനെതിരെ പ്രാകൃതാരോപണങ്ങളുമായി കടന്നുവരുന്നത്.

ഇസ്ലാമിന്റെ പേരിൽ ലോകത്തിന്റെ ചില ഭാഗങ്ങളിൽ നടന്ന നിഷ്ഠൂരമായ അതിക്രമങ്ങളെയും അതിന്റെ പിന്നിൽ പ്രവർത്തിച്ച ചിന്താധാരകളെയും തള്ളിപ്പറയുവാൻ ലോകത്തെ അറിയപ്പെടുന്ന മുഴുവൻ സലഫി പണ്ഡിതന്മാരും തയ്യാറാവുകയുണ്ടായി. അതിക്രമകാരികൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ ഭരണകൂടങ്ങൾക്ക് മാർഗദർശനം നൽകിയ ഈ പണ്ഡിതന്മാരെയും ഇസ്ലാമിനെയും ഇപ്പോഴും കടന്നാക്രമിക്കുവാൻ ശ്രമിക്കുന്ന കേരളത്തിലെ കമ്യൂണിസ്റ്റ് സൈദ്ധാന്തികർ കമ്യൂണിസത്തിന്റെ പേരിൽ ലോകത്ത് നടക്കുന്ന ക്രൂരതകളെ ന്യായീകരിക്കുവാൻ മാത്രമാണ് എക്കാലവും ശ്രമിച്ചിട്ടുള്ളത് എന്നുകൂടി ഇത്തരുണത്തിൽ നാം ഓർക്കേണ്ടതുണ്ട്. ഇസ്ലാം പ്രാകൃതം, പിന്തിരിപ്പൻ, ആധുനിക കാലഘട്ടത്തിനു യോജിക്കാത്തത് തുടങ്ങിയ പ്രചാരണങ്ങൾ പൊതുവിൽ നടത്തിക്കൊണ്ടിരിക്കുന്നത് പുരോഗമന പ്രസ്ഥാനങ്ങൾ എന്ന് സ്വയം അവകാശപ്പെടുന്ന യുക്തിവാദ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളും തീവ്ര ഹിന്ദുത്വ വിഭാഗങ്ങളുമാണ്. ഇതര മതവിഭാഗങ്ങളിൽ മതേതര കാഴ്ചപ്പാടുള്ളവർ ആശയപരമായി ഇസ്ലാമിനോട് വിയോജിക്കാറുണ്ടെങ്കിലും അനാവശ്യവും ക്രൂരവുമായ തെറ്റുധരിപ്പിക്കലുകൾ അവരുടെ ഭാഗത്ത് നിന്ന് ഉണ്ടാവാറില്ല. കമ്യൂണിസ്റ്റ് പാർട്ടികളിൽ പ്രവർത്തിക്കുന്നവരെല്ലാം ഇങ്ങനെയെന്നു പറയുന്നില്ലെങ്കിലും കമ്യൂണിസത്തെ മതമായും ദർശനമായും അംഗീകരിക്കുകയും തോക്കിൻകുഴലിലൂടെയുള്ള വിപ്ലവങ്ങൾ സ്വപ്നം കാണുകയും ചെയ്യുന്ന ‘സ്വപ്നലോകത്തെ ഉട്ടോപ്യയിൽ’ അഭിരമിക്കുന്ന താത്വികരാണ് ഇസ്ലാം വിമർശനത്തിന്റെ മുൻനിരയിൽ പ്രവർത്തിക്കുന്നത്. വിമർശകർ ഉൾക്കൊള്ളുന്ന കമ്യൂണിസവും അതിന്റെ ഉപോൽപന്നങ്ങളായ മാർക്സിസവും നക്സലിസവും മാവോയിസവുമാണ് രാജ്യത്ത് പ്രാകൃത സമരങ്ങൾക്ക് അസ്തിവാരമിട്ടതെന്നതാണ് സത്യം. യഥാർഥത്തിൽ സമരങ്ങളിലെ മനുഷ്യത്വരഹിതമായ രീതികൾ ആധുനിക ലോകത്തിനു മുമ്പിൽ തുറന്നുവെച്ചത് കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തോടെയായിരുന്നു എന്നിരിക്കെ ജനകീയ സമരങ്ങളിലെ പ്രാകൃതബോധത്തെ ഭൂതക്കണ്ണാടി വെച്ച് നോക്കാൻ ശ്രമിക്കുന്ന കമ്യൂണിസ്റ്റ് സൈദ്ധാന്തികർ അന്യരുടെ കണ്ണിലെ കരടുകളെടുക്കാൻ ശ്രമിക്കുന്നതിനു മുമ്പ് സ്വന്തം കണ്ണിലെ കോലുകൾ നീക്കിക്കളയാനാണ് സമയം കണ്ടെത്തേണ്ടത്. ●

ശമീർ മദീനി
shameermadeeni@gmail.com

ക്വുർആൻ പഠനം

# മതത്തെ പരിഹസിക്കൽ

**"നീ അവരോട് (അതിനെപ്പറ്റി) ചോദിച്ചാൽ അവർ പറയും: ഞങ്ങൾ തമാശ പറഞ്ഞു കളിക്കുക മാത്രമായിരുന്നു. പറയുക: അല്ലാഹുവെയും അവന്റെ ദൃഷ്ടാന്തങ്ങളെയും അവന്റെ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിന് ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. നിങ്ങളിൽ ഒരു വിഭാഗത്തിന് നാം മാപ്പു നൽകുകയാണെങ്കിൽ തന്നെ മറ്റൊരു വിഭാഗത്തിന് അവർ കുറ്റവാളികളായിരുന്നതിനാൽ നാം ശിക്ഷ നൽകുന്നതാണ്" (ക്വുർആൻ 9:65,66).**

സ്രഷ്ടാവായ അല്ലാഹു നമുക്ക് കനിഞ്ഞരുളിയ മഹത്തായ അനുഗ്രഹമാണ് സംസാരശേഷി. നമ്മുടെ ആശകളും ആശയങ്ങളും നമുക്കതിലൂടെ മറ്റുള്ളവരെ അറിയിക്കാനാകുന്നു. നമ്മുടെ നാവിനെ ശ്രദ്ധിച്ചും നിയന്ത്രിച്ചും വേണം നാം ഉപയോഗിക്കുവാൻ. അല്ലെങ്കിൽ അതുകൊണ്ടുള്ള ഭവിഷ്യത്ത് നമുക്ക് ഊഹിക്കുവാൻ കഴിയുന്നതിലുമപ്പുറമായിരിക്കും.

കളിതമാശകൾ മനുഷ്യസഹജമാണ്. നബിﷺയും അനുചരന്മാരും തമാശപറഞ്ഞ സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ, അവിടെയും മതത്തിന്റെ അതിർവരമ്പുകൾ പാലിക്കുവാൻ വിശ്വാസി ബാധ്യസ്ഥനാണ്. ശ്രോതാവിനെ ചിരിപ്പിക്കുവാൻ വേണ്ടി കളവു പറയലും മറ്റുള്ളവരെ പരിഹസിക്കലുമൊക്കെ വലിയ കുറ്റമായിട്ടാണ് നബിﷺ പഠിപ്പിച്ചിട്ടുള്ളത്. അവിടുന്ന് പറഞ്ഞു:

"ജനങ്ങളെ ചിരിപ്പിക്കുവാൻ വേണ്ടി സംസാരിക്കുകയും അങ്ങനെ കളവ് പറയുകയും ചെയ്യുന്നവന് നാശം! അവന് നാശം! അവന് നാശം!" (അഹ്മദ്, അബൂദാവൂദ്).

നാം അങ്ങേയറ്റം സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യേണ്ട അല്ലാഹുവിനെയും അവന്റെ ദൂതനെയും മതത്തിന്റെ അധ്യാപനങ്ങളെയുമാണ് പരിഹസിക്കുന്നതെങ്കിലോ? അതെത്ര മാത്രം ഗുരുതരമായിരിക്കും! മതത്തിന്റെ ചിഹ്നങ്ങളെയും അധ്യാപനങ്ങളെയും ആദരിക്കേണ്ടവനാണ് സത്യവിശ്വാസി. (ക്വുർആൻ 22:32). അവയെ പുഛിക്കലും പരിഹസിക്കലും മതത്തിൽ നിന്ന് പുറത്തുപോകാൻ വരെ കാരണമാകുന്ന ഗുരുതര പാതകമാണ്.

നബിﷺ പഠിപ്പിച്ച വസ്ത്രധാരണാ രീതികളെയും ഇസ്ലാമിന്റെ മറ്റ് ആചാരാനുഷ്ഠാനങ്ങളെയുമൊക്കെ പരിഹസിച്ച് ചിരിക്കുന്നവരുണ്ട്. അങ്ങനെ ചെയ്യരുതെന്ന് മാത്രമല്ല അത്തരത്തിലുള്ള സംസാര സദസ്സുകളിൽ നിന്നു വിട്ടുനിൽക്കണമെന്നുമാണ് ക്വുർആനിന്റെ അധ്യാപനം:

"നമ്മുടെ ദൃഷ്ടാന്തങ്ങളെ അപഹസിക്കുന്നതിൽ മുഴുകിയവരെ നീ കണ്ടാൽ അവർ മറ്റു വല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നീ അവരിൽ നിന്ന് തിരിഞ്ഞുകളയുക. ഇനി വല്ലപ്പോഴും നിന്നെ പിശാച് മറപ്പിച്ച് കളയുന്ന പക്ഷം ഓർമ വന്നതിന് ശേഷം അക്രമികളായ ആ ആളുകളുടെ കൂടെ നീ ഇരിക്കരുത്" (ക്വുർആൻ 6:68).

"അല്ലാഹുവിന്റെ വചനങ്ങൾ നിഷേധിക്കപ്പെടുന്നതും പരിഹസിക്കപ്പെടുന്നതും നിങ്ങൾ കേട്ടാൽ അത്തരക്കാർ മറ്റുവല്ല വർത്തമാനത്തിലും പ്രവേശിക്കുന്നത് വരെ നിങ്ങൾ അവരോടൊപ്പം ഇരിക്കരുതെന്നും അങ്ങനെ ഇരിക്കുന്ന പക്ഷം നിങ്ങളും അവരെപ്പോലെത്തന്നെ ആയിരിക്കുമെന്നും ഈ ഗ്രന്ഥത്തിൽ അല്ലാഹു നിങ്ങൾക്ക് അവതരിപ്പിച്ചു തന്നിട്ടുണ്ടല്ലോ..." (ക്വുർആൻ 4:140).

തബൂക്ക് യുദ്ധവേളയിൽ നബിﷺയും അനുചരന്മാരുമടങ്ങുന്ന ഇസ്ലാമിക പക്ഷത്തെ ഉദ്ദേശിച്ച് കളി തമാശ പറഞ്ഞ കപടവിശ്വാസികൾക്കെതിരിൽ അവതരിച്ച സൂക്തങ്ങളാണ് തുടക്കത്തിൽ ഉദ്ധരിച്ച (9:65,66) വചനങ്ങൾ.

മതത്തെയും മതചിഹ്നങ്ങളെയും പൂർണമനസ്സോടെ സ്വീകരിക്കുവാനും ആദരിക്കുവാനുമുള്ള ഹൃദയ വിശാലതയും വിശ്വാസദാർഢ്യവും നമുക്ക് അല്ലാഹു പ്രദാനം ചെയ്യുമാറാവട്ടെ! ആമീൻ.

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
mail@nerpatham.com

ലേഖനം



# ജന്മദിനാഘോഷം: ഇസ്‌ലാം എന്ത് പറയുന്നു?

**അ**ല്ലാഹു മാനവർക്കായി തൃപ്തിപ്പെട്ട മതമാണ് ഇസ്‌ലാം. പ്രവാചകന്മാർ അഖിലവും പ്രബോധനം ചെയ്ത മതം. അന്ത്യപ്രവാചകൻ മുഹമ്മദ്ﷺയിലൂടെ പൂർത്തീകരിപ്പെട്ട മതം. മനുഷ്യരെല്ലാം ഐഹികവും പാരത്രികവുമായ ജീവിത വിജയത്തിനായി സ്വീകരിക്കേണ്ട മതം. ഇസ്‌ലാമിന്റെ പ്രമാണങ്ങൾ വിശുദ്ധ ക്വുർആനും പ്രവാചക ചര്യയുമാണ്. ഈ പ്രമാണങ്ങൾ സമ്പൂർണമാണ്. അതിൽ വല്ലതും കൂട്ടിച്ചേർക്കുവാനോ അതിൽ നിന്ന് വല്ലതും വെട്ടിച്ചുരുക്കാനോ ആർക്കും അധികാരമില്ല. അല്ലാഹു പറയുന്നു:

"ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്‌ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു" (ക്വുർആൻ 5:3).

ഇസ്‌ലാമിനെ മതമായും അല്ലാഹുവിനെ ആരാധ്യനായും മുഹമ്മദ് നബിﷺയെ പ്രവാചകനായും അംഗീകരിക്കുന്ന ഒരു മുസ്‌ലിം ഇസ്‌ലാമിക പ്രമാണങ്ങളിൽ തെളിവുള്ള സംഗതികൾ മാത്രമെ ചെയ്യാവൂ. ഒരു മുസ്‌ലിം എന്തെല്ലാം ചെയ്യണം, ചെയ്യാതിരിക്കണമെന്ന് കൃത്യമായി നബിﷺ പഠിപ്പിച്ചിരിക്കുന്നു. ഒരു ഹദീഥ് കാണുക:

നബിﷺ പറഞ്ഞു: "നിങ്ങളെ സ്വർഗത്തിലേക്കടുപ്പിക്കുന്ന ഒരു കാര്യവും നിങ്ങളോട് ഞാൻ കൽപിക്കാതിരിന്നിട്ടില്ല. നിങ്ങളെ നരകത്തിൽനിന്ന് അകറ്റുന്ന ഒരു കാര്യവും നിങ്ങളോട് ഞാൻ വിരോധിക്കാതിരുന്നിട്ടില്ല..." (അൽബാനി(റഹി)യുടെ സിൽസിലത്തുസ്സ്വഹീഹഃ).

മുസ്‌ലിംകളുടെ ജീവിതം പ്രവാചകൻﷺയുടെ മാതൃകയനുസരിച്ചായിരിക്കണം. മുസ്‌ലിംകൾക്ക് രണ്ട് ആഘോഷങ്ങൾ മാത്രമാണ് അല്ലാഹുവിന്റെ മതം അനുശാസിച്ചിട്ടുള്ളത്.

അനസ്ؓവിൽ നിന്ന് നിവേദനം: "നബിﷺ മദീനയിൽ വന്നപ്പോൾ അവർ (മദീനക്കാർ) രണ്ട് ദിവസങ്ങളിൽ കളിക്കുന്നതായി കാണുകയുണ്ടായി. അപ്പോൾ ചോദിച്ചു: 'ഈ രണ്ട് ദിവസങ്ങൾ എന്താണ്?' അവർ ഉത്തരം നൽകി: 'ജാഹിലിയ്യാ കാലത്ത് ഞങ്ങൾ കളിച്ചിരുന്ന ദിനങ്ങളാണിവ.' അപ്പോൾ നബിﷺ പറയുകയുണ്ടായി: 'തീർച്ചയായും അല്ലാഹു

അവയ്ക്ക് പകരമായി അവയെക്കാൾ ഉത്തമമായതിനെ പകരമായി നൽകിയിരിക്കുന്നു. ബലി പെരുന്നാളും, ഫിത്വ്ർ പെരുന്നാളുമാണവ" (അബൂദാവൂദ്).

നമ്മുടെ നാട്ടിൽ ഇസ്‌ലാമിന്റെ പേരിൽ ഒരുപാട് ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത് നാം കാണുന്നു. എന്നാൽ രണ്ട് പെരുന്നാൾ ആഘോഷങ്ങൾക്കൊഴിച്ച് മറ്റൊരു ആഘോഷത്തിനും ഇസ്‌ലാമിക പ്രമാണങ്ങളിൽ തെളിവുകളില്ല. പ്രവാചക ജന്മദിനാഘോഷം, നേർച്ചയുടെ പേരിൽ നടമാടുന്ന പൂരങ്ങൾ, ബർത്ത്ഡെ ആഘോഷം, വിവാഹ വാർഷികങ്ങൾ, മരണവുമായി ബന്ധപ്പെട്ട കണ്ണൂക്ക്, അടിയന്തരം, ആണ്ട് തുടങ്ങിയ ഒരുപാട് അനാചാരങ്ങൾ ഇന്ന് മുസ്‌ലിം സമൂഹത്തിൽ പടർന്ന് പന്തലിച്ചിട്ടുള്ള മാരക രോഗങ്ങളായ ബിദ്അത്തുകളാണ്. മുഴുവൻ മുസ്‌ലിംകളും ഈ അനാചാരങ്ങളിൽ നിന്ന് വിട്ട് നിൽക്കേണ്ടതുണ്ട്.

പാശ്ചാത്യരിൽ നിന്ന് കടന്ന് കൂടിയ മാരകമായ ഒരു അനാചാരമാണ് ബർത്ത്ഡേ കൊണ്ടാടുകയെന്നത്. ലോകത്തേക്ക് കടന്ന്വന്ന ഒരു ലക്ഷത്തിൽ പരം പ്രവാചകന്മാരിൽ ആരും തന്നെ മറ്റൊരാളുടെ ജന്മദിനം കൊണ്ടാടിയിട്ടില്ല. മുഹമ്മദ്നബിﷺ ഇസ്‌ലാമിന്റെ മുഴുവൻ കാര്യങ്ങളും പഠിപ്പിക്കുകയും ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒരു പ്രവാചകന്റെയും ജന്മദിനം അവിടുന്ന് കൊണ്ടാടിയിട്ടില്ല. സ്വഹാബികളോട് പ്രവാചകന്റെ ജന്മദിനംപോലും കൊണ്ടാടുവാൻ അവിടുന്ന് കൽപിച്ചിട്ടില്ല. തിരുനബിﷺക്ക് അല്ലാഹു ഏഴ് സന്താനങ്ങളെ നൽകിയിട്ടുണ്ട്, അതിൽ ഒരു കുട്ടിയുടെയും ജന്മദിനം അദ്ദേഹം കൊണ്ടാടിയിട്ടില്ല.

പിന്നെ നാം എങ്ങിനെയാണ് അല്ലാഹുവിൽ നിന്നും അനുഗ്രഹമായി ലഭിച്ച സന്താനങ്ങളുടെ ജന്മദിനം കൊണ്ടാടുക. ജന്മദിനത്തോടനുബന്ധിച്ച് മധുരപലഹാരങ്ങളുണ്ടാക്കുകയും, കേക്ക് മുറിക്കുകയും വിതരണം നടത്തുകയും ചെയ്യൽ മറ്റുള്ളവരിൽനിന്ന് കടമെടുത്തതാണ് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇബ്നു ഉമർ-ൽ നിന്ന് നിവേദനം: അല്ലാഹുവിന്റെ ദൂതൻﷺ പറഞ്ഞു: "ആരെങ്കിലും ഒരു സമുദായത്തോട് യോജിച്ചാൽ അവൻ അവരിൽ പെട്ടവനായി തീരുന്നതാണ്" (അബൂദാവൂദ്).

ആയതിനാൽ ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും കഴിവിന്റെ പരമാവധി ഇസ്‌ലാമിന്റെ നിയമങ്ങൾ അനുധാവനം ചെയ്യാൻ നാം പരിശ്രമിക്കുക. ഒരു പ്രവാചകനും സ്വന്തത്തിന്റെയോ, മറ്റു പ്രവാചകന്മാരുടെയോ, സ്വന്തം മക്കളുടെയോ, മറ്റുള്ളവരുടെയോ ബർത്ത്ഡേ കൊണ്ടാടിയിട്ടില്ല. അത്കൊണ്ട് ഈ കാര്യം നാം ഗൗരവത്തിലെടുക്കേണ്ടതുണ്ട്. പാശ്ചാത്യ സംസ്കാരം വാരിപ്പുണരേണ്ടവരല്ല മുസ്‌ലിംകൾ. അല്ലാഹു പറയുന്നത് കാണുക:

"(നബിയേ,) പറയുക: നിങ്ങൾ അല്ലാഹുവെ സ്നേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിന്തുടരുക. എങ്കിൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമത്രെ" (ക്വുർആൻ 3:31).

പ്രവാചക ചര്യ അനുധാവനം ചെയ്യുന്നതിലൂടെ മാത്രമെ അല്ലാഹുവിന്റെ ഇഷ്ടം നേടിയെടുക്കാൻ സാധിക്കുകയുള്ളൂ. ക്വുർആനും തിരുസുന്നത്തും ഒരു കാര്യം വ്യക്തമാക്കിക്കഴിഞ്ഞാൽ അതിൽ പിന്നെ തർക്കിക്കുവാനും അതിനോട് എതിരാകുവാനും ഒരു മുസ്‌ലിമിന് പാടില്ല.

റബീഉൽ അവ്വൽ മാസം കടന്നുവന്നാൽ നബിﷺയുടെ ജന്മദിനാഘോഷത്തിന്റെ ലഹരിയിൽ അലിയുന്നവരാണ് നമ്മുടെ നാട്ടിൽ നല്ലൊരു വിഭാഗം മുസ്‌ലിംകളും. അത് പ്രവാചക സ്നേഹത്തിന്റെ ഭാഗമാണ് എന്നാണ് സാധാരണക്കാർ മനസ്സിലാക്കിവെച്ചിരിക്കുന്നത്. അത് നബിﷺ പഠിപ്പിക്കാത്ത കാര്യമായതിനാൽ ഇസ്‌ലാമികമല്ല. നബിﷺയെ സ്നേഹിക്കുന്നവർ അദ്ദേഹത്തിന്റെ ചര്യകൾ പിൻപറ്റുവാൻ താൽപര്യം കാണിക്കുകയാണ് വേണ്ടത്. പ്രമാണങ്ങൾ പഠിപ്പിക്കാത്ത ആചാരങ്ങൾ ചെയ്യുവാൻ മതം അനുവാദം തരുന്നില്ല.

അല്ലാഹു വ്യക്തമാക്കുന്നത് കാണുക:

"അല്ലാഹുവും അവന്റെ റസൂലും ഒരു കാര്യത്തിൽ തീരുമാനമെടുത്ത് കഴിഞ്ഞാൽ സത്യവിശ്വാസിയായ ഒരു പുരുഷന്നാകട്ടെ, സ്ത്രീക്കാകട്ടെ തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല. വല്ലവനും അല്ലാഹുവെയും അവന്റെ ദൂതനെയും ധിക്കരിക്കുന്ന പക്ഷം അവൻ വ്യക്തമായ നിലയിൽ വഴിപിഴച്ചു പോയിരിക്കുന്നു'' (ക്വുർആൻ 28:68).

"തനിക്ക് സൻമാർഗം വ്യക്തമായിക്കഴിഞ്ഞ ശേഷവും ആരെങ്കിലും ദൈവദൂതനുമായി എതിർത്ത് നിൽക്കുകയും സത്യവിശ്വാസികളുടെതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്യുന്ന പക്ഷം അവൻ തിരിഞ്ഞ വഴിക്ക് തന്നെ നാം അവനെ തിരിച്ചുവിടുതും നരകത്തിലിട്ട് നാമവനെ കരിക്കുന്നതുമാണ്. അതെത്ര മോശമായ പര്യവസാനം!" (ക്വുർആൻ 4:115).

"ഇല്ല, നിന്റെ രക്ഷിതാവിനെത്തന്നെയാണ സത്യം; അവർക്കിടയിൽ ഭിന്നതയുായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധി കൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരുവിഷമവും തോന്നാതിരിക്കുകയും, അത് പൂർണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതുവരെ അവർ വിശ്വാസികളാവുകയില്ല" (ക്വുർആൻ 4:65).

ബാലപഥം

അഫ്‌വാന ബിൻത്ത് ലത്തീഫ്
mail@nerpatham.com



# സഹകരിക്കുവാൻ ശീലിക്കുക

**ഫൈ**സലും ശരീഫയും അജ്മലും ജുമാനയും നല്ല സന്തോഷത്തിലാണ്. അമ്മാവന്റെ മക്കളായ ഫസീലയും സ്വഫ്‌വാനും വിരുന്നു വന്നതാണ് സന്തോഷത്തിന് കാരണം. സ്‌കൂൾ ഇല്ലാത്തതിനാൽ ഇഷ്ടം പോലെ കളിക്കാം. എല്ലാവരും വർത്തമാനത്തിൽ മുഴുകി ഇരിക്കുമ്പോഴാണ് ഉമ്മ ചായയുമായി വന്നത്.

അന്നേരമാണ് കോളിംഗ് ബെൽ മുഴങ്ങിയത്. “ആരാണെന്ന് ചെന്ന് നോക്കൂ ഫൈസലേ” ഉമ്മ പറഞ്ഞു. കതക് തുറന്നു നോക്കിയപ്പോൾ പുറത്ത് എളാപ്പയുടെ മകൻ അലിക്കാക്ക. അലിക്കാക്ക സലാം പറഞ്ഞ് അകത്തേക്ക് പ്രവേശിച്ചു.

‘എന്തൊക്കെയുണ്ട് അലീ വിശേഷം? നിന്നെ കുറെ കാലമായല്ലോ ഇതിലെയൊക്കെ കണ്ടിട്ട്’ ഉമ്മ ചായ പകരുന്നതിനിടക്ക് അന്വേഷിച്ചു. അലിക്കാക്ക വിശേഷിച്ചൊന്നുമില്ലെന്ന് പറഞ്ഞു. ശരീഫയും, ജുമാനയും ഇരിക്കാൻ സ്ഥലമില്ലാതെ നിന്നു കുടിക്കുകയായിരുന്നു. അലിക്കാക്ക സലീനയോട് പറഞ്ഞു:

“അൽപം നീങ്ങിയിരുന്ന് കൊടുക്ക്. അവർ അവിടെ ഇരിക്കട്ടെ. നിന്ന് തിന്നുന്നതും നിന്ന് കുടിക്കുന്നതും നല്ലതല്ല. മറ്റുള്ളവർക്ക് കൂടി ഇരിക്കാൻ കഴിയത്തക്കവിധം ഒതുങ്ങിയിരിക്കണം. ഇസ്‌ലാമിക മര്യാദ ഇതാണ്” അലിക്കാക്ക പറഞ്ഞു.

“കുട്ടികളല്ലേ, സാരമില്ല. അവർ ചിലപ്പോൾ മറന്നെന്ന് വരും” ഉമ്മ പറഞ്ഞു.

“മുതിർന്നവർ പോലും ഇത്തരം മര്യാദകൾ പാലിക്കാൻ ശ്രദ്ധിക്കാറില്ല. ഒരു ദിവസം ഞങ്ങൾ തീവണ്ടിയിൽ പോകുമ്പോൾ അഞ്ചു പേർക്ക് ഇരിക്കാവുന്ന സീറ്റിൽ നാല് യുവാക്കൾ വിസ്തരിച്ചങ്ങനെ ഇരിക്കുന്നു. ഒരു വൃദ്ധനും പിഞ്ചു കുഞ്ഞിനെ എടുത്ത സ്ത്രീയുമൊക്കെ പ്രയാസപ്പെട്ട് നിൽക്കുന്നത് അവർ കാണാത്ത മട്ടിൽ ഇരിക്കുകയാണ്. അൽപം നീങ്ങിയാൽ ഒരാൾക്ക് കൂടി ആ സീറ്റിൽ ഇരിക്കാം. കുറച്ച് അപ്പുറത്തായിരുന്ന ഞാൻ എഴുന്നേറ്റ് വൃദ്ധനെ വിളിച്ച് അവിടെയിരുത്തി” അലിക്കാക്ക പറഞ്ഞു.

“മുഹമ്മദ് നബിﷺ പഠിപ്പിച്ചിട്ടുള്ളത് നീങ്ങിയിരുന്ന് സഹകരിക്കണമെന്നാണ് എന്ന് ഉസ്താദ് പറഞ്ഞുതന്നിട്ടുണ്ട്” ജുമാന പറഞ്ഞു.

“തീർച്ചയായും അങ്ങനെത്തന്നെയാണ്. കൂടെ യാത്ര ചെയ്യുന്നവരുടെയും കൂടെ ഇരിക്കുന്നവരുടെയുമെല്ലാം ബുദ്ധിമുട്ടിക്കാതിരിക്കുവാനും നാം ശ്രദ്ധിക്കണം. പുകവലി പാടില്ല എന്ന് എഴുതി വെച്ച സ്ഥലങ്ങളിൽപോലും പലരും പുകവലിക്കുന്നത് കാണാം. മറ്റുള്ളവർക്കുണ്ടാകുന്ന ശല്യത്തെപ്പറ്റി അവർ ഓർക്കുന്നില്ല. കോട്ടുവായിടുമ്പോൾ കൈ കൊണ്ട് വായ പൊത്തണമെന്ന് ഇസ്‌ലാം നിർദേശിച്ചിട്ടുള്ളത് കൂട്ടുകാർക്ക് ശല്യമുണ്ടാക്കരുതെന്ന് കരുതിയാണ്” അലിക്കാക്ക പറഞ്ഞു.


“വഴിവക്കിലും ആളുകൾ വിശ്രമിക്കുന്ന തണലിലും ഫലവൃക്ഷങ്ങളുടെ ചുവട്ടിലും മൂത്രിക്കുകയോ കാഷ്ഠിക്കുകയോ ചെയ്യരുതെന്ന് നബിﷺ പറഞ്ഞിട്ടുണ്ടല്ലോ. മറ്റുള്ളവർക്ക് ഉപദ്രവമുണ്ടാക്കരുതെന്നല്ലേ അതുകൊണ്ട് ഉദ്ദേശിക്കുന്നത്?” ഫൈസൽ ചോദിച്ചു.

“അതെ” അലിക്കാക്ക പറഞ്ഞു.

ഷെറീന മേലാറ്റൂർ
mail@nerpatham.com

കവിത

# അഭയാർഥികൾ



**നി**സ്സഹായരും നിർധനരുമാം
നിരപരാധികളെ
നിഷ്ക്കരുണം വേട്ടയാടുന്ന
നികൃഷ്ടരേ, നിങ്ങളോർക്കണം.
നിരീക്ഷിക്കുന്നുണ്ടൊരാൾ;
നിദ്രയും മറവിയുമില്ലാത്തവൻ,
നിങ്ങളുടെയോരോ ചലനവും
നിഷ്കൃഷ്ടമായറിയുന്നവൻ.
നിങ്ങൾക്ക് വരാനുണ്ട്
നിന്ദ്യമാം ശിക്ഷയെന്നറിയുക
നീചരായുള്ളവരെ
നിരുപാധികം വിട്ടയക്കുവാൻ
നിങ്ങൾ സ്ഥാപിച്ച
നീതിപീഠമല്ല ദൈവത്തിങ്കലുള്ളത്.

"എന്റെ കൂട്ടുകാരൻ മുബ്തസിം മൂത്രിച്ചാൽ കഴുകാറില്ല" സ്വഫ്വാൻ പറഞ്ഞു.

"വൃത്തിയുള്ളവനായിരിക്കണം മുസ്‌ലിം. മൂത്രം മാലിന്യമാണ്. അത് വസ്ത്രത്തിലും ശരീരത്തിലും ആകാതെ നാം സൂക്ഷിക്കണം" അലിക്കാക്ക പറഞ്ഞു.

എല്ലാവരും അലിക്കാക്കയുടെ ചുറ്റും കൂടി. ഇനി ഒരു കഥ പറയണം എന്ന് ഒന്നിച്ച് ആവശ്യപ്പെട്ടു.

കഥപറയാനായി നാളെ ഒഴിഞ്ഞുവരാം. ഇന്ന് അൽപം തിരക്കുണ്ട് എന്ന് പറഞ്ഞ് അലിക്കാക്ക യാത്ര പറഞ്ഞിറങ്ങി.

"എന്തായാലും വരണേ" കുട്ടികൾ ഒരുമിച്ച് പറഞ്ഞു. നാളെ നല്ലൊരു കഥ കേൾക്കാമല്ലോ എന്ന സന്തോഷത്തിൽ ചിലർ വായനയിലും ചിലർ കളിയിലും മുഴുകി.

ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

ചരിത്രപഥം

ഇബ്‌റാഹീം നബി(അ): 6



# നംറൂദിന്റെ നാവടക്കിയ ചോദ്യം

**തീ**യിലേക്ക് എറിയപ്പെട്ട ഇബ്‌റാഹീം നബി(അ)യെ അല്ലാഹു രക്ഷപ്പെടുത്തി. അതോടെ പൂർവാധികം ശക്തിയോടെ പ്രബോധനരംഗത്തിറങ്ങുകയാണ് അദ്ദേഹം ചെയ്തത്; ഭയന്ന്പിൻമാറുകയല്ല. ആ നാട്ടിൽ രാജപദവി അലങ്കരിച്ചിരുന്നവരുടെ പേരാണ് നംറൂദ് എന്നത്. നംറൂദുമാരിൽ പെട്ടയാളാണ് ഇബ്‌റാഹീം നബി(അ)യുടെ കാലത്തും നാട്ടിലെ രാജാവ്. അധികാരത്തിന്റെ ഹുങ്ക് അയാളിൽ പ്രകടമായിരുന്നു. സുഖ സൗകര്യങ്ങൾ മുന്നിൽ യഥേഷ്ടം ലഭ്യമായതിനാൽ തന്റെ കഴിവുകൊണ്ടാണിതെല്ലാം എന്ന് അയാൾക്ക് തോന്നി. സ്രഷ്ടാവിനെ തള്ളിപ്പറയാൻ അവനെ അത് പ്രേരിപ്പിച്ചു. അല്ലാഹു അവന്റെ ഈ സ്വഭാവത്തിലേക്ക് സൂചന നൽകുന്നത് കാണുക:

"ഇബ്‌റാഹീമിനോട് അദ്ദേഹത്തിന്റെ നാഥന്റെ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീയറിഞ്ഞില്ലേ? അല്ലാഹു അവന്ന് ആധിപത്യം നൽകിയതിനാലാണ് (അവനതിന് മുതിർന്നത്)" (ക്വുർആൻ 2:258).

സമ്പന്നത കൈവന്നാൽ ആരും തന്റെ മീതെ ഉയരുന്നത് അധികമാളുകൾക്കും ഇഷ്ടമല്ല. ഇത് മനുഷ്യമനസ്സുകളെ ബാധിക്കുന്ന ഒരു രോഗമാണ്. ഈ രോഗം ആരെ ബാധിച്ചുവോ അവൻ ധിക്കാരിയും അഹങ്കാരിയുമായി മാറുന്നതുമാണ്. ക്വുർആൻ തന്നെ പറയുന്നത് കാണുക:

"നിസ്സംശയം, മനുഷ്യൻ ധിക്കാരിയായി തീരുന്നു. തന്നെ സ്വയം പര്യാപ്തനായി കണ്ടതിനാൽ" (ക്വുർആൻ 96:6,7).

"സത്യത്തെ നിഷേധിക്കുക എന്നത് നിങ്ങൾ നിങ്ങളുടെ വിഹിതമാക്കുകയാണോ" (ക്വുർആൻ 56:82).

ഈ അഹന്ത നംറൂദിനെയും കടുത്ത നിഷേധിയാക്കി. ഫിർഔനിനെ പോലെ ദിവ്യത്വം വാദിച്ചവനായിരുന്നു ആ രാജാവ്. ദൈവികമായ അധികാരവും കഴിവും തനിക്കുമുണ്ടെന്ന് അയാൾ വാദിച്ചു. ഇത്തരം ധാർഷ്ഠ്യമുള്ള രാജാവിനെയാണ് ഇബ്‌റാഹീം നബിﷺക്ക് യഥാർഥ ദൈവ വിശ്വാസത്തിലേക്ക് ക്ഷണിക്കാനുള്ളത്. അതിനായി അവിടുന്ന് രാജാവിനെ സമീപിച്ചു. രാജകൊട്ടാരത്തിൽ നടന്ന ആ സംഭവം ക്വുർആൻ വിവരിക്കുന്നത് കാണുക.

"ഇബ്‌റാഹീമിനോട് അദ്ദേഹത്തിന്റെനാഥന്റെ കാര്യത്തിൽ തർക്കിച്ചവനെപ്പറ്റി നീയറിഞ്ഞില്ലേ? അല്ലാഹു അവന്ന് ആധിപത്യം നൽകിയതിനാലാണ് (അവനതിന് മുതിർന്നത്). എന്റെ നാഥൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാകുന്നു എന്ന് ഇബ്‌റാഹീം പറഞ്ഞപ്പോൾ ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നുവല്ലോ എന്നാണവൻ പറഞ്ഞത്. ഇബ്‌റാഹീം പറഞ്ഞു: എന്നാൽ അല്ലാഹു സൂര്യനെ കിഴക്കു നിന്ന് കൊണ്ടുവരുന്നു. നീയതിനെ പടിഞ്ഞാറ് നിന്ന് കൊണ്ടു വരിക. അപ്പോൾ ആ സത്യനിഷേധിക്ക് ഉത്തരം മുട്ടിപ്പോയി. അക്രമികളായ ജനതയെ അല്ലാഹു നേർവഴിയിലാക്കുകയില്ല" (2:258).

രാജാവ് ദിവ്യത്വം വാദിക്കുന്നവനാണല്ലോ. ഇബ്‌റാഹീംﷺ രാജാവിനെ സമീപിക്കുന്നതോ, സാക്ഷാൽ ദൈവം അല്ലാഹുവാണെന്നും അവനെ മാത്രമെ ആരാധിക്കാവൂ എന്നും പറയുവാനും. രാജാവ് ചോദിച്ചു: ആരാണ് നീ പരിചയപ്പെടുത്തുന്ന റബ്ബ്? ഇബ്‌റാഹീംﷺ പറഞ്ഞു: ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവനാണ്. ലളിതമായ; ആർക്കും എതിർത്തൊന്നും പറയുവാൻ സാധിക്കാത്ത മറുപടി.

സ്വയം ദിവ്യത്വം അവകാശപ്പെടുന്ന ധിക്കാരിയായ രാജാവിന് തനിക്കും അതിനെല്ലാം കഴിയും എന്നത് തെളിയിക്കേണ്ടത് ആവശ്യമായി വന്നു. തെളിയിക്കുവാൻ ഒരുങ്ങുകയാണ്. രണ്ട് പേരെ മുന്നിൽ ഹാജരാക്കി. ഒരാളെ കൊന്നു. രണ്ടാമനെ വെറുതെ വിട്ടു. എന്നിട്ട് പറഞ്ഞു: ഇതാ, ഞാനും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്തിരിക്കുന്നു! (വ്യാജവാദികളുടെ കാര്യം ഇങ്ങനെയാണ്. ബുദ്ധിക്ക് നിരക്കാത്തതും പ്രമാണങ്ങളുടെ പിൻബലമില്ലാത്തതുമാകും അവർ പറയുന്നതെല്ലാം). അപക്വവും തത്ത്വദീക്ഷയില്ലാത്തതുമായ ഒരു പ്രവർത്തനമാണ് രാജാവ് കാണിച്ചത്. ജീവിപ്പിക്കുക, മരിപ്പിക്കുക എന്നീ കാര്യങ്ങൾ അയാളല്ലല്ലോ നടത്തിയത്.

ഇബ്‌റാഹീം നബിﷺയുടെ അടുത്ത വെല്ലുവിളി അതിഗംഭീരമായിരുന്നു. അല്ലാഹു കിഴക്കുനിന്ന് സൂര്യനെ കൊണ്ടു വരുന്നു. നീ റബ്ബാണെങ്കിൽ അതിനെ പടിഞ്ഞാറു നിന്ന് കൊണ്ടു വാ! എന്ത് ചെയ്യും? ഉത്തരം മുട്ടിപ്പോയി ആ ധിക്കാരിക്ക്. തനിക്കിതിന് ഉത്തരമില്ലെന്നും ഇബ്‌റാഹീംﷺ പറയുന്നതാണ് ശരിയെന്നും മനസ്സിലായിട്ടും അയാൾ വിശ്വസിക്കാൻ തയ്യാറായില്ല.

**ഇസ്മാഈലിന്റെ ജനനം**

ഇബ്‌റാഹീംﷺ സന്താനങ്ങളില്ലാതെ കുറെ കാലം പരീക്ഷിക്കപ്പെട്ടു. എന്നാലും നിരന്തരം അല്ലാഹുവിനോട് തേടിക്കൊണ്ടിരുന്നു; രക്ഷിതാവേ, സൽകർമിയായ ഒരു സന്താനത്തെ നീ എനിക്ക് പ്രദാനം ചെയ്യേണമേ എന്ന്. കുറെ കാലത്തെ കാത്തിരിപ്പിന് ശേഷം ഹാജറﷺയിൽ ഒരു ആൺ കുഞ്ഞ് പിറന്നു. അതാണ് ഇസ്മാഈൽﷺ. സാറﷺയിൽ കുഞ്ഞുങ്ങളൊന്നും അദ്ദേഹത്തിന് പിറന്നിട്ടില്ല; അവർ വന്ധ്യയായിരുന്നു. സ്വാഭാവികമായും സ്ത്രീകൾക്കിടയിൽ ഉണ്ടാകുന്ന ചില അസ്വാരസ്യങ്ങൾ അവർക്കിടയിലുമുണ്ടായി. രണ്ടു പേരും ഒരുമിച്ച് കഴിയുന്നതിൽ പ്രയാസം ഉണ്ടാക്കുന്ന സാഹചര്യം വന്നപ്പോൾ ഹാജറﷺയെയും കുഞ്ഞിനെയും അല്ലാഹുവിന്റെ നിർദേശ പ്രകാരം മക്കയിൽ താമസിപ്പിക്കുവാൻ ഇബ്‌റാഹീംﷺ തീരുമാനിച്ചു. ഈ സംഭവം നബിﷺ നമുക്ക് വിവരിച്ച് തന്നതിന്റെ ചുരുക്കം കാണുക:

അന്ന് മക്കയിൽ ഒരാളും ഉണ്ടായിരുന്നില്ല. വെള്ളവും (അവിടെ) ഉണ്ടായിരുന്നില്ല. അങ്ങനെ അദ്ദേഹം ഇരുവരെയും (ഹാജറയെﷺയും ഇസ്മാഈൽﷺനെയും) അവിടെ താമസിപ്പിച്ചു. അവരുടെ രണ്ടു പേരുടെയും അടുക്കൽ ഈത്തപ്പഴമുള്ള ഒരു തോൽ പാത്രവും വെള്ളമുള്ള ഒരു തോൽപാത്രവും വെച്ചു. ഇരുവരെയും അവിടെ ആക്കി അദ്ദേഹം തിരിച്ച് നടക്കുമ്പോൾ ഇസ്മാഈലിന്റെ ഉമ്മ അദ്ദേഹത്തെ പിന്തുടർന്നു. എന്നിട്ട് അവർ ചോദിച്ചു: 'ഓ, ഇബ്‌റാഹീം! ഒരു മനുഷ്യനോ മറ്റു വല്ലതോ ഇല്ലാത്ത ഈ താഴ്‌വരയിൽ ഞങ്ങളെയും വിട്ട് എവിടേക്കാണ് താങ്കൾ പോകുന്നത്?' അവർ അദ്ദേഹത്തോട് അതങ്ങനെ ചോദിച്ചു



**ജനവാസമില്ലാത്ത മരുഭൂമിയിൽ തന്റെ ഇണയെയും കുഞ്ഞിനെയും തനിച്ചാക്കി പോകണമെങ്കിൽ ഇബ്റാഹീം നബി(عليه السلام)യിൽ അല്ലാഹുവിലുള്ള വിശ്വാസവും അവനിൽ ഭരമേൽപിക്കുന്നതിലുള്ള ആത്മാർഥതയും എത്ര ശക്തമാവണം എന്ന് ചിന്തിക്കുക. അപ്രകാരം തന്നെ, അല്ലാഹു കൽപിച്ചതാണെങ്കിൽ പൊയ്ക്കോളൂ എന്ന് ഭർത്താവിനോട് പറയാൻ ഹാജറ ബീവി ധൈര്യം കാണിച്ചുവെങ്കിൽ അവരുടെ വിശ്വാസദാർഢ്യവും അല്ലാഹുവിലുള്ള തവക്കുലും (ഭരമേൽപിക്കൽ) എത്ര കടുത്തതായിരുന്നുവെന്ന് ആലോചിക്കുക.**

കൊണ്ടിരുന്നു. അദ്ദേഹം അവരിലേക്ക് തിരിഞ്ഞു നോക്കുന്നുമില്ല. അപ്പോൾ അവർ അദ്ദേഹത്തോട് ചോദിച്ചു: 'അല്ലാഹുവാണോ അങ്ങയോട് ഇങ്ങനെ കൽപിച്ചത്?' അദ്ദേഹം പറഞ്ഞു: 'അതെ.' അവർ പറഞ്ഞു: 'എങ്കിൽ അവൻ ഞങ്ങളെ നഷ്ടപ്പെടുത്തുകയില്ല.' പിന്നീട് അവർ അവിടെ നിന്നും മടങ്ങി.

ആരാരും ഇല്ലാത്ത മണൽക്കാട്ടിൽ അല്ലാഹുവിന്റെ കൽപന പ്രകാരം സ്വന്തം ഇണയെയും അവരെ ഒരു കൈക്കുഞ്ഞിനെയും ഏൽപിച്ച് ഇബ്റാഹീം(عليه السلام) അവിടെ നിന്നും മടങ്ങുകയാണ്. 'എവിടേക്കാണ് അങ്ങ് ഞങ്ങളെ ആരുമില്ലാത്ത, അന്ന പാനീയങ്ങൾ ലഭ്യമാകാത്ത ഈ മരുഭൂമിയിൽ തനിച്ചാക്കി പോകുന്നത്?' എന്ന ചോദ്യം ഇബ്റാഹീം(عليه السلام) കേൾക്കാത്തതുകൊണ്ടല്ല; അദ്ദേഹത്തിന്റെ അന്നേരത്തെ മാനസികാവസ്ഥയെക്കുറിച്ചൊന്ന് ചിന്തിച്ചുനോക്കുക. 'അല്ലാഹുവിന്റെ കൽപനയുള്ളതിനാലാണോ അങ്ങ് ഇപ്രകാരം ചെയ്യുന്നത്' എന്ന ഭാര്യയുടെ ചോദ്യത്തിന് 'അതെ' എന്ന മറുപടി നൽകി. 'എങ്കിൽ പോകുക. ആരാണോ അങ്ങയോട് ഇപ്രകാരം കൽപിച്ചത് ആ അല്ലാഹു ഞങ്ങളെ കൈവെടിയുകയില്ല' എന്ന ആത്മവിശ്വാസത്തിന്റെ മറുപടിയാണ് ഹാജറ ബീവി നൽകിയത്.

ജനവാസമില്ലാത്ത മരുഭൂമിയിൽ തന്റെ ഇണയെയും കുഞ്ഞിനെയും തനിച്ചാക്കി പോകണമെങ്കിൽ ഇബ്റാഹീം നബി(عليه السلام)യിൽ അല്ലാഹുവിലുള്ള വിശ്വാസവും അവനിൽ ഭരമേൽപിക്കുന്നതിലുള്ള ആത്മാർഥതയും എത്ര ശക്തമാവണം എന്ന് നാം ചിന്തിക്കുക. അപ്രകാരം തന്നെ അല്ലാഹു കൽപിച്ചതാണെങ്കിൽ പൊയ്ക്കോളൂ എന്ന് ഭർത്താവിനോട് പറയാൻ ഹാജറ ബീവി ധൈര്യം കാണിച്ചുവെങ്കിൽ അവരുടെ വിശ്വാസദാർഢ്യവും അല്ലാഹുവിലുള്ള തവക്കുലും (ഭരമേൽപിക്കൽ) എത്ര കടുത്തതായിരുന്നുവെന്ന് ആലോചിക്കുക. ക്വുർആൻ പറഞ്ഞത് എത്ര ശരി:

"ആര് അല്ലാഹുവിൽ ഭരമേൽപിക്കുന്നുവോ അവന് അല്ലാഹു മതി" (ക്വുർആൻ...).

ഇബ്റാഹീം(عليه السلام), അവർ അദ്ദേഹത്തെ കാണാത്തത്ര കുറച്ച് അകലേക്ക് പോയി. എന്നിട്ട് തന്റെ മുഖം കഅ്ബയുടെ നേരെ തിരിച്ചു. ശേഷം തന്റെ ഇരു കരങ്ങളും ഉയർത്തി ഈ വചനങ്ങൾ കൊണ്ട് ദുആ ചെയ്തു: "ഞങ്ങളുടെ രക്ഷിതാവേ, എന്റെ സന്തതികളിൽ നിന്ന് (ചിലരെ) കൃഷിയൊന്നും ഇല്ലാത്ത ഒരു താഴ്വരയിൽ, നിന്റെ പവിത്രമായ ഭവനത്തിന്റെ (കഅ്ബയുടെ) അടുത്ത് ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ രക്ഷിതാവേ, അവർ നമസ്കാരം മുറപ്രകാരം നിർവഹിക്കാൻ വേണ്ടിയാണ് (അങ്ങനെ ചെയ്തത്). അതിനാൽ, മനുഷ്യരിൽ ചിലരുടെ മനസ്സുകളെ നീ അവരോട് ചായ് വുള്ളതാക്കുകയും, അവർക്ക് കായ്കനികളിൽ നിന്ന് നീ ഉപജീവനം നൽകുകയും ചെയ്യേണമേ. അവർ നന്ദി കാണിച്ചെന്ന് വരാം" (14:37).

ഹാജറ ബീവി മകനെ മുലയൂട്ടുകയും വെള്ളപ്പാത്രത്തിൽ നിന്നും വെള്ളം കുടിക്കുകയും ചെയ്തു. ഒടുവിൽ അതിലെ വെള്ളം തീർന്നു. അവർക്കും മകനും ദാഹിക്കുവാൻ തുടങ്ങി. വിശന്ന് കരയുന്ന കുഞ്ഞിനെയും നോക്കി അവർ (ദയനീയമായി) നോക്കി നിന്നു.

വെള്ളവും കാരക്കയുമായിരുന്നു ഹാജറാബീവിയുടെ ഭക്ഷണം. മുലയൂട്ടുന്ന ഒരു സ്ത്രീയാണ്. പോഷകാഹാരം അത്യാവശ്യം. കുടിവെള്ളം തീർന്നു. മുലപ്പാലിന്റെ കുറവ് സ്വാഭാവികമായും ഉണ്ടായി. വെള്ളമില്ലാത്തതിനാൽ അവർ വിഷമിക്കുന്നു. പാൽ കിട്ടാത്തതിനാൽ കുഞ്ഞ് കരയുന്നു. ഹാജറ വിശന്ന് കരയുന്ന കുഞ്ഞിനെയും നോക്കി നിസ്സഹായയായി നിൽക്കുകയാണ്.

അവർ അടുത്തുള്ള സ്വഫാ മലയിൽ കയറി നിന്ന് താഴ്വരയിലേക്ക് മുന്നിട്ട് ആരെയെങ്കിലും കാണുമോ എന്ന് നോക്കുന്നു; ആരെയും കാണുന്നില്ല. അങ്ങനെ സ്വഫായിൽ നിന്ന് അവർ ഇറങ്ങി. താഴ്വരയിൽ എത്തിയപ്പോൾ വസ്ത്രം പൊക്കിപ്പിടിച്ച് പരമാവധി ഓടാൻ കഴിയുന്നത്ര വേഗത്തിൽ അവർ ഓടി. താഴ്വര വിട്ടുകടന്ന് മർവയിൽ എത്തി. എന്നിട്ട് അതിൽ കയറി നിന്ന് ആരെയെങ്കിലും കാണുമോ എന്ന് നോക്കുന്നു; ആരെയും കാണുന്നില്ല. അ

പ്രകാരം ഏഴ് തവണ അവർ ചെയ്തു (സ്വഫായിലും മർവായിലും മാറി മാറി ഓടി എന്നർഥം).

കുഞ്ഞിന്റെ കരച്ചിൽ കേട്ട് സഹിക്കുവാൻ അവർക്ക് കഴിയുന്നില്ല. അവർക്കും ദാഹിക്കുന്നു. ഒരു തുള്ളി വെള്ളം കൈയിലില്ല. ആരെയെങ്കിലും കണ്ടാൽ സഹായം ആവശ്യപ്പെടാമല്ലോ എന്ന് കരുതിയാണ് ഇരു മലകളിലും മാറിമാറി കയറിയത്.

ഇബ്നു അബ്ബാസ്ﷺ പറയുന്നു: നബിﷺ പറഞ്ഞു: "അവയ്ക്ക് രണ്ടിനും (സ്വഫാ, മർവാ) ജനങ്ങൾ നടത്തുന്ന സഅ്യാണത്."

അങ്ങനെ അവസാനം അവർ മർവയിൽ എത്തിയപ്പോൾ ഒരു ശബ്ദം കേട്ടു. അവർ സ്വന്തത്തോട് നിശ്ശബ്ദമാവാൻ പറഞ്ഞുപോയി! പിന്നീട് ഒന്നുകൂടി ശ്രദ്ധിച്ച് കേട്ടു. വീണ്ടും ശബ്ദം കേട്ടു. (ആ ശബ്ദമുണ്ടാക്കിയ ആളോടായി) അവർ പറഞ്ഞു: "നിന്റെ അടുക്കൽ സഹായത്തിന് വല്ലതും ഉണ്ടെങ്കിൽ സഹായിക്കൂ!"

അപ്പോഴതാ (സംസമിന്റെ സ്ഥാനത്ത്) ഒരു മലക്ക്. മലക്ക് തന്റെ ചിറക് കൊണ്ട് (കുഞ്ഞ് കിടക്കുന്ന ഭാഗത്ത്) മണ്ണ് തട്ടി മാറ്റി; അങ്ങനെ വെള്ളം പുറത്ത് വന്നു."

ഇസ്മാഈൽﷺ കാലിട്ടടിച്ചാണ് സംസം ഉണ്ടായത് എന്ന് പറയുന്നത് ശരിയല്ലെന്ന് നബിﷺയുടെ ഈ വിവരണത്തിൽ നിന്നു നാം മനസ്സിലാക്കേണ്ടതുണ്ട്.

ദൂരെ നിന്ന് വെള്ളം ഒഴുകുന്നത് കണ്ട മഹതി അവിടേക്ക് ഓടി വരികയാണ്. അവർ അതിന് ഒരു ഹൗള് (തടാകം) കെട്ടി. വെള്ളം കൈയിലാക്കി അടങ്ങൂ എന്ന് അവർ പറയുന്നു. അവരുടെ അടുത്തുള്ള തോൽ പാത്രത്തിൽ വെള്ളം കോരി നിറക്കുന്നുമുണ്ട്. വെള്ളം മുക്കിയെടുക്കുന്നതിന് അനുസരിച്ച് ഉറവ പൊട്ടി വരുന്നു!

ഇബ്നു അബ്ബാസ്ﷺ പറയുന്നു: നബിﷺ പറഞ്ഞു: "ഇസ്മാഈലിന്റെ മാതാവിന് അല്ലാഹു കരുണ ചൊരിയട്ടെ. അവരെങ്ങാനും സംസം ഒഴിവാക്കിയിരുന്നുവെങ്കിൽ -അല്ലെങ്കിൽ നബിﷺ പറഞ്ഞത്: ആ വെള്ളത്തിൽ നിന്ന് കോരിയെടുത്തില്ലായിരുന്നുവെങ്കിൽ- സംസം വലിയ ഒരു അരുവി തന്നെ ആകുമായിരുന്നു." നബിﷺ പറയുന്നു: "അങ്ങനെ അവർ കുടിച്ചു; കുഞ്ഞിനെ മുലയൂട്ടുകയും ചെയ്തു."

അവരോട് മലക്ക് പറഞ്ഞു: "അത് നഷ്ടപ്പെടുമെന്ന് നിങ്ങൾ പേടിക്കേണ്ടതില്ല. നിശ്ചയമായും ഇവിടെയാണ് ഈ കുഞ്ഞും അവന്റെ പിതാവും പണിയാൻ പോകുന്ന അല്ലാഹുവിന്റെ ഭവനം. തീർച്ചയായും അല്ലാഹു അതിന്റെ ആളുകളെ നഷ്ടത്തിലാക്കില്ല."

ഭൂമിൽ നിന്ന് അൽപം ഉയർന്ന ഒരു ചെറിയ കുന്നിലായിരുന്നു ആ ഭവനം.

ജുർഹും ഗോത്രത്തിൽ പെട്ട ഒരു യാത്രാ സംഘം അവരുടെ അടുത്തുകൂടെ നടന്നുപോയി. അവർ കദാഅ് എന്ന് പ്രദേശത്തു നിന്നുമാണ് വരുന്നത്. അങ്ങനെ മക്കയുടെ ഈ താഴ്ന്ന ഭാഗത്ത് ഇറങ്ങി താമസമാക്കി. അങ്ങനെ അവർ (താമസിക്കുന്ന ഭാഗത്ത് നിന്ന് അൽപം ദൂരെ) ഒരു പറവ വട്ടമിട്ട് പറക്കുന്നത് കണ്ടു. അവർ പറഞ്ഞു: 'ഒരു പറവ വട്ടമിട്ട് പറക്കണമെങ്കിൽ അവിടെ വെള്ളം വേണം. ഈ താഴ്വരയെ സംബന്ധിച്ച് നന്നായി പരിചയമുള്ളവരാണല്ലോ നാം. അവിടെ വെള്ളം ഉള്ളത് നമുക്ക് അറിയില്ലല്ലോ.' അങ്ങനെ അവർ ഒന്നോ രണ്ടോ ആളുകളെ അവിടേക്ക് അയച്ചു. അപ്പോൾ അവിടെയതാ വെള്ളം! അവർ മടങ്ങിച്ചെന്ന് മറ്റുള്ളവരോട് വെള്ളമുള്ള കാര്യം അറിയിച്ചു. അവർ എല്ലാവരും അവിടേക്ക് ചെന്നു. നബിﷺ പറയുന്നു: "ആ വെള്ളത്തിനടുത്ത് ഇസ്മാഈലിന്റെ ഉമ്മയും ഉണ്ട്. അവർ അവരോട് ചോദിച്ചു: 'നിങ്ങളുടെ അടുക്കൽ താമസിക്കുവാൻ ഞങ്ങൾക്ക് നിങ്ങൾ അനുവാദം തരുമോ?' ഹാജറ പറഞ്ഞു: 'അതെ. പക്ഷേ, നിങ്ങൾക്ക് വെള്ളത്തിൽ അവകാശം ഉണ്ടാകില്ല (ഉപയോഗിക്കാം).' അവർ പറഞ്ഞു: 'ശരി.' ഇബ്നു അബ്ബാസ്ﷺ പറയുന്നു: നബിﷺ പറഞ്ഞു: "അങ്ങനെ അവർ എല്ലാവരും അവിടെ താമസിച്ചു. അവർ അവരുടെ ജനതയിലേക്ക് ആളെ അയച്ചു. അങ്ങനെ അവരുടെ കൂടെ അവരുടെ ആളുകളും വന്ന് അവടെ താമസിച്ചു. അങ്ങനെ അവിടെ കുറെ വീടുകളായി..." (ഹദീഥ് തുടരുന്നുണ്ട്. ശേഷം വിവരിക്കാം).

അവർക്കിടയിൽ ആ മാതാവും മകനും വളർന്നു. ജുർഹും ഗോത്രക്കാർ അറബി ഭാഷയുടെ തുടക്കക്കാരാണ്. മാതാവിനും മകനും ജുർഹൂം ഗോത്രം അവിടെ താമസിക്കുന്നതിന് മുമ്പ് അറബി അറിയില്ലായിരുന്നു. അവരോട് ഇടപഴകിയതോടെ അവർ അറബി ഭാഷ പഠിച്ചു. കുട്ടി വളർന്ന് വലുതായി.

ഇബ്റാഹീംﷺ അവിടെയില്ലല്ലോ. പിന്നീട് ഇബ്റാഹീംﷺ തിരിച്ച് വന്നപ്പോഴേക്കും കുട്ടി ഓടിച്ചാടി നടക്കുന്ന പ്രായമായിട്ടുണ്ട്. ആ സമയത്താണ് ഇബ്റാഹീം നബിﷺയെ അല്ലാഹു മറ്റൊരു കടുത്ത പരീക്ഷണത്തിന് വിധേയനാക്കിയത്. **(തുടരും)** ●

പ്രൊഫ: ഹാരിസ്ബിൻ സലീം
harisbinsaleem@gmail.com



ശാന്തിഗേഹത്തിലേക്കുള്ള ചോദ്യങ്ങൾ
mail@nerpatham.com എന്ന ഇ.മെയിലിലോ
9656292244 എന്ന വാട്ട്സ്ആപ് നമ്പറിലോ
നേർപഥം അഡ്രസ്സിലോ മാത്രം അയക്കുക.

# പ്രവാസജീവിതം അവസാനിപ്പിച്ചയാളുടെ ഒറ്റപ്പെടൽ

*ചോദ്യം: ഞാൻ 36 വർഷത്തോളം വിദേശത്തായിരുന്നു. ഇപ്പോൾ 62 വയസ്സ്. ഇനിയുള്ളകാലം ഭാര്യയോടും മക്കളോടും കൂടെ സമാധാനത്തോടെ ജീവിക്കാമെന്ന് തീരുമാനിച്ച് നാട്ടിൽ വന്നു. എന്നാൽ അവർ എല്ലാ കാര്യത്തിലും ഒന്നിച്ചുനിന്ന് എന്നെ ഒറ്റപ്പെടുത്തുന്നു. രോഗങ്ങളുണ്ട്. അല്ലെങ്കിൽ വല്ല വൃദ്ധസദനത്തിലും പോയി ജീവിക്കാമായിരുന്നു. ഞാനെന്തു ചെയ്യണം?*

ഉത്തരം: പ്രവാസം അനിവാര്യമായ ജീവിത സാഹചര്യത്തിൽ മാത്രം സ്വീകരിക്കേണ്ട ഒന്നാണ്. മാത്രവുമല്ല അത് കുടുംബത്തോടൊപ്പമായിരിക്കാൻ ശ്രദ്ധിക്കണം. സാധ്യമാവാത്തവർ കാല ദൈർഘ്യം പരമാവധി കുറക്കണം. കുടുംബത്തിൽ നിന്ന് മാറി ദീർഘകാലം വിദേശത്ത് ജീവിക്കുന്നവർക്ക് സംഭവിക്കുന്ന സ്വാഭാവികമായ പരിണിതിയാണ് ഈ ഒറ്റപ്പെടൽ. കുടുംബ നാഥൻ വീട്ടിൽ ഇല്ലാതെ വരുമ്പോൾ എല്ലാ കാര്യവും ഭാര്യക്ക് നിർവഹിക്കേണ്ടി വരുന്നു. ക്രമേണ വീട്ടിലെ മുഴുവൻ കാര്യങ്ങളും അവളിൽ കേന്ദ്രീകരിക്കപ്പെടുന്നു. ഭർത്താവ് ആവശ്യത്തിന് പണം നൽകുന്നവൻ മാത്രമായി ചുരുങ്ങുന്നു. അതുകൊണ്ടാണ് ഒരു 45 വയസ്സുകാരനെ കമ്പനി പിരിച്ചു വിട്ടതറിഞ്ഞപ്പോൾ 'നിങ്ങൾ നാട്ടിൽ നിന്നാൽ നാമെന്ത് ചെയ്യും' എന്ന് അയാളുടെ ഭാര്യ ചോദിച്ചത്. ഇവിടെ പണം ലഭിക്കുന്ന ഒരു കേന്ദ്രമെന്നതിലുപരി അവളുടെയും അയാളുടെയും ജീവിതത്തിൽ വേറെ ചിലതുണ്ടെന്ന് അവൾ മറന്നു.

ഭാര്യയും കുട്ടികളും വർഷങ്ങളായി ശീലിച്ച ശീലങ്ങളിൽ ഇടപെടാൻ ശ്രമിച്ചാൽ ഒറ്റപ്പെടും. ഭാര്യയും മക്കളും ഒന്നിച്ചുനിന്ന് പ്രതിരോധിക്കും. അന്നേരം അവർക്ക് വേണ്ടി ചെലവഴിച്ചതിൽ ദുഃഖം തോന്നും. കണക്കു പറയും, പ്രശ്നങ്ങൾ സങ്കീർണമാകും. ചിലപ്പോൾ വേർപിരിഞ്ഞെന്നും വരാം. തുടർന്ന് മറ്റൊരു വിവാഹം കഴിക്കുമ്പോൾ വീണ്ടും ഒരു കുടുംബഭാരം ഏറ്റെടുക്കലായിരിക്കും അത്.

ഈ അവസ്ഥക്ക് പലരും പല പരിഹാരമാണ് കണ്ടെത്താറുള്ളത്. പരിചയത്തിലുള്ള ഒരാൾ പുതിയൊരു വിവാഹം കഴിക്കുകയാണ് ചെയ്തത്. നിലവിലുള്ള മക്കൾക്കും ഭാര്യക്കും ഉള്ള സമ്പത്തിന്റെ വലിയൊരു വിഹിതം നൽകി പ്രശ്നങ്ങളൊതുക്കി. ബാക്കിയുള്ളത് കൊണ്ട് പുതിയൊരു വീട് വാങ്ങി. മൂന്ന് മക്കളുമൊത്ത് അയാളുടെ ജീവിതം മുന്നോട്ട് പോകുന്നു. മറ്റൊരാൾ 20 വർഷം വിദേശത്ത് നിന്നു. പത്ത് വർഷമായി നാട്ടിലാണ്. വിദേശത്ത് ജീവിച്ച പോലെ ഇവിടെയും ജീവിക്കുന്നു! അതായത് രാവിലെ എഴുന്നേറ്റ് സ്വയം ചായയുണ്ടാക്കി കുടിക്കും. കുളിച്ച് കിട്ടിയ ഭക്ഷണവും കഴിച്ച് കടയിൽ പോകും. രാത്രി വൈകി തിരിച്ചെത്തും. ഒറ്റയ്ക്കൊരു റൂമിൽ ഉറങ്ങും. അതിനാൽ പ്രശ്നങ്ങളില്ല.

താങ്കളുടെ പ്രശ്നങ്ങൾക്ക് ചില പരിഹാരമാർഗങ്ങൾ പറയാം:

1. ലീവിന് വന്ന ഒരാളെപ്പോലെ നിന്ന് ഭാര്യയുടെയും മക്കളുടെയും ജീവിതം നിരീക്ഷിക്കുക. വ

ലിയ കുഴപ്പങ്ങളില്ലെങ്കിൽ കൂട്ടത്തിലൊരാളായി കൂടെക്കൂടുക.

2. ഒരിക്കലും വീട്ടിൽ വെറുതെ ഇരിക്കരുത്. ശമ്പളം കുറഞ്ഞാലും എന്തെങ്കിലും ജോലി ചെയ്യുക. വരുമാനമൊന്നും ഇല്ലാതിരുന്നാൽ ഭാര്യക്കും മക്കൾക്കും ആശങ്കയുണ്ടാകും. അത് അവർ പ്രകടിപ്പിക്കും. അപ്പോൾ ദേഷ്യം വരും. പ്രതികരിക്കും പ്രശ്നമാകും.

3. എല്ലാം നടന്നു പോകുന്നുണ്ടല്ലോ. എന്റെ കൈക്കേ നടക്കാവൂ എന്ന് എന്തിന് വാശി പിടിക്കണം? അത്രയും ഭാരവും ടെൻഷനും കുറഞ്ഞ് കിട്ടിയല്ലോ എന്ന് സമാധാനിക്കുക.

4. ഞാൻ ഏറ്റവും ബഹുമാനിക്കേണ്ട വ്യക്തി ഭർത്താവാണെന്നും അയാൾ എന്റെ സ്വർഗവും നരകവുമാണെന്ന ബോധം ഭാര്യയിൽ ഉണ്ടാക്കിയെടുക്കുക.

5. പിതാവിന്റെ തൃപ്തി അല്ലാഹുവിന്റെ തൃപ്തിക്ക് അനിവാര്യമാണെന്ന ബോധം മക്കളിലുണ്ടാക്കുക. അപ്പോൾ അവർ ഏത് നിലയ്ക്കും സഹകരിക്കും.

6. എല്ലാം നാം വിചാരിച്ച പോലെയാക്കാൻ നമുക്ക് കഴിയില്ലെന്നും എല്ലാറ്റിലും അല്ലാഹുവിന്റെ ചില ഹിക്മത്തുണ്ടെന്നും വിശ്വസിച്ച് സമാധാനിക്കുക.

7. മനസ്സിന്റെയും ശരീരത്തിന്റെയും വേദനകൾ പരീക്ഷണങ്ങളാണെന്ന് മനസ്സിലാക്കുക. അതിന് പരലോകത്ത് പ്രതിഫലം പ്രതീക്ഷിക്കുക.

8. എന്തും പരിഹരിക്കുവാൻ കഴിയുന്ന അല്ലാഹുവോട് എല്ലാം തുറന്ന് പറഞ്ഞ് ഉറപ്പോടെ പ്രാർഥിക്കുക. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ആരോഗ്യ വിചാരം**
**ആന്റിബയോട്ടിക്: ചില തിരിച്ചറിവുകൾ**
**ഡോ. ആഷിക് ഹസൻ**
**(കൺസൾട്ടന്റ് ഫിസിഷ്യൻ,**
**പി.വി.എസ് ഹോസ്പിറ്റൽ കോഴിക്കോട്)**
**ഡോ. അബ്ദുൽ ഗഫൂർ**
**(പീസ് റേഡിയോ പ്രതിനിധി)**
27.11.17 തിങ്കൾ 9:00 PM, 11:15 PM
28.11.17 ചൊവ്വ 10:30 AM

**ഇ വായന**
**www.ted.comനെ പരിചയപ്പെടാം**
**ഷംജിത് വാഴക്കാട്**
27.11.17 ബുധൻ, 11:00 AM,
28.11.17 വ്യാഴം 10:30 PM

**അടിത്തറകൾ**
**മലക്കുൽ മൗത്തിന്റെ കണ്ണും മൂസാ നബിﷺ യും**
**ഫദ്‌ലുൽ ഹഖ് ഉമരി**
28.11.17 ചൊവ്വ 04:30 PM, 09:30 PM
29.11.17 ബുധൻ, 09:30 AM

**ഇ മദ്രസ**
**രോഗിയുടെ അടുക്കൽവെച്ചു നല്ലത് പറയുക**
**ജംഷീർ സ്വലാഹി**
29.11.17 ബുധൻ 04:30 PM, 09:30 PM
30.11.17 വ്യാഴം 09:30 AM

**സലഫി ദുറൂസ്**
**നുബുവ്വത്തിന്റെ തെളിവുകൾ, എപ്പിസോഡ്: 80**
**അബൂബക്കർ സലഫി**
30.11.17 വ്യാഴം 4:30 PM, 9:30 PM, 01.12.17 വെള്ളി 9:30 PM

**തജ്‌വീദ് പഠനം**
**ഹഫ്സിന്റെ രിവായത്തിൽ ശ്രദ്ധിക്കേണ്ടത്**
**ഹാഫിള് അസ്‌ലം കുവൈത്ത്**
01.12.17 വെള്ളി 7:45 PM, 02.12.17 ശനി 05:00 PM

**സുപഥം**
**അന്ധവിശ്വാസങ്ങളുടെ ലോകം, എപ്പിസോഡ്: 11**
**ഫൈസൽ മൗലവി**
01.12.17 വെള്ളി 04:30 PM, 09:30 PM
02.12.17 ശനി 09:30 AM

**സ്മൃതിപഥം**
**ഇമാം അബൂദാവൂദ്(റഹി): ജീവിതവും സന്ദേശവും**
**എപ്പിസോഡ്: 2, മൂസ സ്വലാഹി**
03.12.17 ഞായർ 07:20 AM, 05:30 PM
04.12.17 തിങ്കൾ 11:45 PM

**സ്നേഹക്കൂട്**
**വിവാഹ മോചനം: ചില ന്യൂ ജനറേഷൻ**
**കാരണങ്ങൾ, എപ്പിസോഡ്: 10**
**ഹാരിസ് ബിൻ സലീം, താജുദ്ധീൻ സ്വലാഹി**
03.12.17 ഞായർ 08:20 AM
04.12.17 തിങ്കൾ 12:20 AM, 8:20 AM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

ഡോ. സി.മുഹമ്മദ് റാഫി
rafichembra@gmail.com

ലേഖനം



# ഇസ്‌ലാം: സംസ്‌കാരത്തിന്റെ സൗന്ദര്യം

സത്യവിശ്വാസം കേവലം ചൊല്ലിപ്പറയുന്ന പദങ്ങളിൽ നിൽക്കേണ്ട ഒന്നല്ല എന്ന നിർബന്ധ ബുദ്ധി പ്രകടിപ്പിച്ചിട്ടുള്ള മതമാണ് ഇസ്‌ലാം. ഒരു വിശ്വാസി സാക്ഷ്യവാക്യങ്ങളിലൂടെ (ശഹാദത്ത് കലിമകൾ) ഏറ്റെടുക്കുന്നത് ദൈവ മാർഗത്തിലുള്ള സമ്പൂർണ അർപ്പണമാണെന്നും തുടർന്നുള്ള ജീവിതം ആ അർപ്പണത്തിന്റെ നേർ സാക്ഷ്യമായി ത്തീരുവാൻവേണ്ടി അവൻ ത്യാഗപരിശ്രമങ്ങൾ ചെയ്യണമെന്നുമാണ് മതം പഠിപ്പിക്കുന്നത്.

സമ്പൂർണവും തുല്യതയില്ലാത്തതുമായ സംസ്‌ക്കാരത്തിന്റെ ഉടമയായിത്തീരുവാനാണ് ഓരോ വിശ്വാസിയെയും മതം പ്രേരിപ്പിക്കുന്നത്. അക്കൂട്ടത്തിൽ സത്യസന്ധതയ്ക്ക് നൽകുന്ന പ്രാധാന്യം ഏറെ സവിശേഷമാണ്. അകവും പുറവും ഒരുപോലെ സുതാര്യമായ സ്ഫടിക സമാനനായിരിക്കണം വിശ്വാസി. അവന് മറച്ചുവെക്കേണ്ടതോ, നിഗൂഢമായി കൊണ്ടുനടക്കേണ്ടതോ ആയ കാര്യങ്ങളൊന്നുമില്ല മതത്തിൽ.

മനുഷ്യരുടെ മുന്നിൽ മാതൃകായോഗ്യമായ ജീവിതം നയിക്കേണ്ടതിനും മതത്തെ ശരിയായ നിലയിൽ ജനങ്ങൾക്ക് എത്തിക്കുന്നതിനുമായി നിയോഗിക്കപ്പെട്ട പ്രവാചകന്മാരുടെ ഗുണങ്ങൾ പറയുന്നിടത്ത് ഒന്നാം സ്ഥാനത്ത് വരുന്നത് അവരുടെ സത്യസന്ധത തന്നെയാണ്. അല്ലാഹു പറയുന്നതിങ്ങനെ: "സത്യവും കൊണ്ട്‌വരുകയും അതിൽ വിശ്വസിക്കുകയും ചെയ്തതാരോ അത്തരക്കാർ തന്നെയാകുന്നു സൂക്ഷ്മത പാലിച്ചവർ" (ക്വുർആൻ 39:33).

"വേദഗ്രന്ഥത്തിൽ ഇബ്‌റാഹീമിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു" (ക്വുർആൻ 19:41).

ഇസ്ഹാക്ﷺനെ കുറിച്ച് അല്ലാഹു പറയുന്നതിങ്ങനെ: "നമ്മുടെ കാരുണ്യത്തിൽ നിന്നും അവർക്ക് നാം നൽകുകയും അവർക്ക് നാം ഉന്നതമായ സൽകീർത്തി ഉണ്ടാക്കുകയും ചെയ്തു" (ക്വുർആൻ 19:50).

ഇസ്മാഈൽ നബിﷺയെ കുറിച്ച് പറയുന്നു: "വേദഗ്രന്ഥത്തിൽ ഇസ്മാഈലിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം വാഗ്ദാനം പാലിക്കുന്നവനായിരുന്നു. അദ്ദേഹം ദൂതനും പ്രവാചകനുമായിരുന്നു" (ക്വുർആൻ 19:54).

ഇദ്‌രീസ്ﷺയെ കുറിച്ച് പറയുന്നു: "വേദഗ്രന്ഥത്തിൽ ഇദ്‌രീസിനെപ്പറ്റിയുള്ള വിവരം നീ പറഞ്ഞുകൊടുക്കുക. തീർച്ചയായും അദ്ദേഹം സത്യവാനും പ്രവാചകനുമായിരുന്നു" (ക്വുർആൻ 19:56).

മുഹമ്മദ് നബിﷺ മക്കയിൽ പ്രബോധന പ്രവർത്തനങ്ങൾ ആരംഭിച്ച ഘട്ടത്തിൽ ഹിർഖൽ രാജാവുമായുള്ള കൂടിക്കാഴ്ചയിൽ അബൂസുഫ്‌യാൻ; മുഹമ്മദ് നബിയെ കുറിച്ചുള്ള തന്റെ അഭി

പ്രായം പങ്കുവെക്കുന്നിടത്ത് ഇപ്രകാരം കാണാം:

ഹിർഖൽ ചോദിച്ചു: "മുഹമ്മദ് എന്താണ് നിങ്ങളോട് പറഞ്ഞുകൊണ്ടിരിക്കുന്നത്?"

അബൂസുഫ്‌യാൻ പറയുന്നു: "അല്ലാഹുവിനെ മാത്രം ആരാധിക്കണമെന്നും അവനിൽ യാതൊന്നിനെയും പങ്ക് ചേർക്കരുതെന്നുമാണദ്ദേഹം പ്രധാനമായും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞങ്ങളുടെ പൂർവ പിതാക്കൾ പറഞ്ഞുതന്ന മാർഗം ഉപേക്ഷിക്കണമെന്നാണും പറയുന്നു. നമസ്കാരം നിലനിർത്തുവാൻ കൽപിക്കുന്നു. സത്യസന്ധത പുലർത്തുവാനും കുടുംബ ബന്ധംചേർക്കുവാനും സദാചാര നിഷ്ട പുലർത്തുവാനും അദ്ദേഹം ഞങ്ങളോട് കൽപിക്കുന്നു" (ബുഖാരി, മുസ്‌ലിം).

സത്യവിശ്വാസികളോട് ക്വുർആനിന്റെ കൽപന ഇപ്രകാരമാണ്: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും സത്യവാൻമാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക" (ക്വുർആൻ 9:119).

ജീവിത വഴിയിൽ കൃത്യത കാത്തു സൂക്ഷിച്ചവർ എത്തിച്ചേരുക സത്യസന്ധരായി ജീവിച്ചവരുടെ കൂടെ സ്വർഗത്തിലായിരിക്കുമെന്നും ക്വുർആൻ അറിയിക്കുന്നു:

"ആർ അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടൊപ്പമായിരിക്കും. അവർ എത്ര നല്ല കൂട്ടുകാർ!" (ക്വുർആൻ 4:69).

സത്യസന്ധത ആത്യന്തികമായി വിശ്വാസിയെ സ്വർഗത്തിലേക്കാണെത്തിക്കുക.

ഇബ്നു മസ്ഊദ്ؓ നിവേദനം: നബിﷺ പറഞ്ഞു: "നിങ്ങൾ സത്യസന്ധരായി ജീവിക്കുക സത്യസന്ധത നന്മയിലേക്കും നന്മ സ്വർഗത്തിലേക്കും നിങ്ങളെ എത്തിക്കുന്നു. ഒരു വ്യക്തി ജീവിതത്തിലുടനീളം സത്യസന്ധത പുലർത്തിയാൽ അല്ലാഹുവിന്റെ അടുക്കൽ അയാൾ "സ്വിദ്ദീക്വ്" (സത്യസന്ധൻ) എന്ന് രേഖപ്പെടുത്തപ്പെടും. നിങ്ങൾ കളവിനെ സൂക്ഷിക്കണം. കളവ് അധർമത്തിലേക്കും അധർമം നരകത്തിലേക്കും നിങ്ങളെ എത്തിക്കും. കളവ് ശീലമാക്കുന്നവൻ "കദ്ദാബ്" (കള്ളം പറയുന്നവൻ) എന്ന് റബ്ബിന്റെ അടുക്കൽ എഴുതപ്പെടുന്നവനായി മാറും" (ബുഖാരി, മുസ്‌ലിം).

വിശ്വാസത്തെയും കാപട്യത്തെയും വേർതിരിക്കുന്നതിലെ പ്രധാന അടയാളമായി റസൂൽﷺ എടുത്തു പറഞ്ഞത് സത്യസന്ധതയിൽ വരുന്ന കലർപിനെ കുറിച്ചാണ്. അനസ് ബിൻ മാലിക്ؓ നിവേദനം: "മൂന്ന് കാര്യങ്ങൾ ആരിലുണ്ടോ നിശ്ചയം അവൻ കപടനാണ്. സംസാരിച്ചാൽ കളവ് പറയുക, വാഗ്ദത്തം ചെയ്താൽ ലംഘിക്കുക, വിശ്വസിച്ചാൽ ചതിക്കുക" (ബുഖാരി, മുസ്‌ലിം).

ജീവിതത്തിലെ സകല പ്രതിസന്ധികളോടും പോരാടുവാനുള്ള മനസ്സും ആർജവവും സ്വായത്തമാക്കിയവനു മാത്രമെ ഇന്ന് സത്യസന്ധമായി ജീവിക്കുവാൻ സാധിക്കുകയുള്ളൂ. ലോകം ഏറ്റവും ദുഷിച്ച ഒരു സാഹചര്യത്തിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. സകല രംഗത്തും അഴിമതിയും കെടുകാര്യസ്ഥതയും കപടതയും പല്ലിളിച്ചുകാട്ടുന്ന അവസ്ഥ! ഭരണ രംഗങ്ങളിൽ വിശ്വാസ്യതയോ, സത്യസന്ധതയോ കാണിക്കാത്ത ഭരണകർത്താക്കൾ, ഉദ്യോഗസ്ഥ വൃന്ദങ്ങൾ; സാമൂഹിക രംഗത്ത് സത്യസന്ധതയില്ലാത്ത സമുദായ നേതാക്കൾ, ഭാരവാഹികൾ; കച്ചവട രംഗത്ത് എങ്ങനെയെല്ലാം കൊള്ളലാഭം കൊയ്യാമെന്ന് മാത്രം നോക്കുന്ന കച്ചവടക്കാർ; കുടുംബ രംഗത്ത് സദാചരബോധവും ധാർമികതയും കൈമോശം വന്നു പോകുന്ന രക്ഷിതാക്കൾ, കൗമാരപ്രായക്കാർ... തുടങ്ങി മതരംഗത്തുപോലും സത്യസന്ധതയില്ലാത്തവർ വർധിച്ചു വരുന്ന കാലവും ലോകവും! ഇവിടെ സത്യസന്ധനായി ജീവിക്കുക എന്നത് തന്നെ വലിയ ത്യാഗമായി മാറുകയാണ്. ജീവിതത്തിൽ സത്യവും സുതാര്യതയും കൈമുതലാക്കുന്നവർക്ക് മുന്നിൽ ഇസ്‌ലാം വെക്കുന്ന ഗുണങ്ങളെ നമുക്ക് ഇങ്ങനെ വേർതിരിക്കാം:

1) സത്യസന്ധത നന്മയുള്ള മനസ്സിന്റെ അടയാളവും സ്വർഗവഴിതുറക്കുന്ന കാര്യവുമാണ്. കാപട്യം നരകപാതയാണ് ഒരാൾക്കുമുന്നിൽ തുറക്കുന്നത്.

2) കപടവിശ്വാസത്തിന്റെയും സത്യവിശ്വാസത്തിന്റെയും അതിർവരമ്പുകളിലൊന്നാണ് സത്യസന്ധത.

3) ജീവിത പ്രതിസന്ധികളിൽ നിന്നുള്ള മോചനവും പ്രാർഥനകൾക്ക് ഉത്തരവും പരാജയങ്ങളിൽ നിന്നുള്ള വിജയവും സത്യസന്ധത ഒരാൾക്ക് നേടിക്കൊടുക്കുന്നു.

4) നന്മകളുള്ള വഴിയിൽ സഞ്ചരിക്കുവാൻ അല്ലാഹു സത്യവാന് തൗഫീദ് നൽകുന്നു.

5) ഇഹലോകത്തും പരലോകത്തും നല്ല പര്യവസാനം ലഭിക്കുന്നു.

6) ജനങ്ങളുടെ വിശ്വാസവും പ്രശംസയും എപ്പോഴും ലഭ്യമാകുന്നു.

7) സമ്പാദ്യത്തിൽ അല്ലാഹുവിന്റെ ബർകത്ത് (വർധനവ്) കിട്ടുന്നു, നന്മകൾ വർധിപ്പിക്കാനാകുന്നു.

8) ഐഹികവും പാരത്രികവുമായ നന്മകൾ ലഭിക്കുവാനുള്ള അടിസ്ഥാന കാരണം.

9) മനസംതൃപ്തി.

10) അല്ലാഹുവിന്റെ വിശിഷ്ട സദസ്സിലെ പ്രത്യേക അനുമോദനം.

അലി ചെമ്മാട്
alichemmad@gmail.com

ലേഖനം

# ഗോരക്ഷയുടെ ഇന്ത്യൻ പാരമ്പര്യം

**കേ**രളത്തിന്റെ സ്വന്തം പശു ഇനമായ, ഇന്ന് ഗിന്നസ് ബുക്കിൽ കയറിയ വെച്ചൂർ പശുവും കാസർഗോഡ് പശുവും ലോകപ്രശസ്തമാണ്. ലോകത്തിലെ ഏറ്റവും ചെറിയ പശുവാണ് വെച്ചൂർ പശു. ആ കൊച്ചു സുന്ദരികൾ കേരളത്തിന്റെ അഭിമാനം കൂടിയാണ്. അവളുടെ ജീവൻ നിലനിന്നതിന് പിന്നിൽ കേരള കാർഷിക സർവകലാശാലയിലെ മിടുക്കിയായ ഒരു വിദ്യാർഥിനിയുടെയും സഹപാഠികളുടെയും ചുരുക്കം ചില അധ്യാപകരുടെയും നിശ്ചയധാർഢ്യത്തിന്റെയും ത്യാഗത്തിന്റെയും ചരിത്രമുണ്ട്. വെച്ചൂർ പശു സംരക്ഷണ ചരിത്രം തുടങ്ങുന്നത് 1989ലാണ്. കോട്ടയത്തെ ഒരു കർഷക കുടുംബത്തിൽ, പശുക്കളുടെയും ആടുകളുടെയും താറാവുകളുടെയും കോഴികളുടെയും ഇടയിൽ ജനിച്ചു വളർന്ന ശോശാമ്മയെന്ന വിദ്യാർഥിനി കാർഷിക പഠനത്തിന് മണ്ണുത്തി കാർഷിക സർവകലാശാലയിൽ പഠനത്തിന് എത്തിയ ശേഷമാണ് വെച്ചൂർ പശു അന്യംനിന്നു പോകുന്ന കാര്യം ശ്രദ്ധിച്ചത്. അവർക്ക് വെച്ചൂർ പശുവിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടതുകൊണ്ടാണ് ഇന്ന് വെച്ചൂർ പശു കേരളത്തിന്റെ അഭിമാനമായി നിലനിൽക്കുന്നത്. കേരളത്തിലെ പരമ്പരാഗത വളർത്തു പക്ഷി, മൃഗ സംരക്ഷണത്തിലും വ്യാപനത്തിനും വിശ്രമമില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് അവരിന്ന്. തന്റെ പഠന കാലത്ത്, വെച്ചൂർ പശു സംരക്ഷണ പദ്ധതിക്ക് ഒരു കമ്പ്യൂട്ടർ വാങ്ങാൻ യൂനിവേഴ്സിറ്റിയിൽ നിന്ന് ഫണ്ട് ലഭിക്കാത്തതു കാരണം ഡാറ്റാ സ്റ്റോറേജ് ക്യാബിനറ്റ് എന്ന പേരിലാണ് കമ്പ്യൂട്ടർ വാങ്ങിയത്. വെച്ചൂർ പശുവിനെ സംരക്ഷിക്കാൻ അവർ എത്രത്തോളം ത്യാഗം സഹിച്ചിട്ടുണ്ട് എന്നും കഷ്ടപ്പെട്ടിട്ടുണ്ട് എന്നും ഈ സംഭവം മാത്രം നമ്മെ ബോധ്യപ്പെടുത്തും.

എന്തുകൊണ്ടായിരുന്നു വെച്ചൂർ പശു സംരക്ഷണത്തിന് ഇവർ ഇത്രയും ത്യാഗം സഹിക്കേണ്ടി വന്നത്? അതിനു കാരണം കേരള സർക്കാരിന്റെ പ്രത്യേക നയവും ആ നയം നടപ്പിലാക്കാൻ സർക്കാർ ഉണ്ടാക്കിയ നിയമവും ആയിരുന്നു. കേരള നിയമ സഭ പാസാക്കിയ '1961ലെ കേരള ലൈവ്സ്റ്റോക്ക് ഇംപ്രൂവ്മെന്റ് ആക്റ്റ്' ആയിരുന്നു ഈ കരിനിയമം. കേരളത്തിലെ തനത് പശു/കാളകളെ തമ്മിൽ ഇണ ചേർത്തായിരുന്നു പരമ്പരാഗത കൃഷിക്കാർ പ്രജനനം നടത്തിയത്. എന്നാൽ സർക്കാർ ഇതിനെതിരായിരുന്നു. അവർ തീരുമാനിച്ചിരുന്നത് കേരളത്തിലെ നാടൻ പശുക്കളെ വിദേശ ജനുസ്സുകളായ കാളകളുമായി മാത്രം ഇണചേർത്ത് സങ്കരയിനം പശുക്കൾ മാത്രം നിലനിർത്തിയാൽ മതി എന്നായിരുന്നു. ഈ ലക്ഷ്യം പ്രചാരണങ്ങൾ കൊണ്ടും പ്രലോഭനങ്ങൾ കൊണ്ടും ഭീഷണി കൊണ്ടും വിജയിക്കാതിരുന്നത് കൊണ്ടായിരുന്നു 1961ലെ ഈ കരിനിയമം നടപ്പിലാക്കിയത്. കേരളത്തിൽ ഉണ്ടായിരുന്ന മുഴുവൻ കാളകളെയും ശണ്ഡീകരിക്കണമെന്നും വിദേശികളായ കാളക്കൂറ്റന്മാരെ വളർത്താൻ പോലും പ്രത്യേകം ലൈസൻസ് വേണമെന്നും ഇൻസ്പെക്ടർമാർ നിരന്തര പരിശോധനകൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കി ആ റിപ്പോർട്ടുകൾക്കനുസരിച്ച് തുടർനടപടികളും ശിക്ഷകളും സ്വീകരിക്കണമെന്നും സമയാസമയങ്ങളിൽ കർഷകർ ലൈസൻസ് പുതുക്കണമെന്നും നിയമം അനുശാസിക്കുന്നു. നിയമ നിർദേശങ്ങൾ പാലിക്കാത്ത കർഷകർക്ക് 25 രൂപ മുതൽ 1000 രൂപ വരെ പിഴയും ജയിൽ ശിക്ഷയും ലഭിക്കാൻ വ്യവസ്ഥയുണ്ട് നിയമത്തിൽ. ആ കാലത്ത് 25 രൂപ എന്നത് ഒരു ചെറിയ സംഖ്യയല്ല; അന്ന് ഒരു ഗ്രാം സ്വർണത്തിന് 12 രൂപയേ വിലയുള്ളൂ. 1000 രൂപക്ക് പത്തര പവൻ സ്വർണം ലഭിക്കുമായിരുന്നു. ഏകദേശം ഇന്നത്തെ രണ്ടര ലക്ഷം രൂപക്ക് തുല്യം!

ശോശാമ്മ ഐപ്പ് എന്ന ദീർഘ വീക്ഷണമുള്ള വിദ്യാർഥിനിയുടെയും സഹപ്രവർത്തകരുടെയും ത്യാഗമില്ലായിരുന്നുവെങ്കിൽ കേരളത്തിന്റെ വ്യത്യസ്ത പശു വർഗങ്ങൾക്ക് സംഭവിച്ചത് പോലെ കേരളത്തിന്റെ സ്വന്തമെന്ന് ഊറ്റം കൊള്ളുന്ന വെച്ചൂർ പശുവും വംശനാശത്തിന് ഇരയാകുമായിരുന്നു.

നേരത്തെ നാം മനസ്സിലാക്കിയ പോലെ, ക്ഷീരോൽപാദനം നിലച്ച പശുക്കളെയും പ്രസവിക്കപ്പെടുന്ന കാളകളെയും സമയാസമയങ്ങളിൽ മാംസ ആവശ്യത്തിന് ഉപയോഗിക്കുവാൻ അനുവാദം നിഷേധിക്കപ്പെട്ടാൽ ബി.ജെ.പി നേതാവിന്റെ ഫാമുകളിലെ പശുക്കൾക്ക് സംഭവിച്ച പട്ടിണിമരണം ബീഫ് നിരോധനം ഏർപെടുത്തുന്ന സ്ഥലങ്ങളിലെ മുഴുവൻ പശുക്കളെയും പിടികൂടും. വർഷങ്ങൾ കഴിഞ്ഞാൽ ആ സ്ഥലങ്ങളിൽ പശു പോയിട്ട് പശുവിന്റെ പൂട പോലും ബാക്കി കാണില്ല. ഗോസംരക്ഷണം എന്ന പേരിൽ നടത്തപ്പെടുന്ന വൈകാരികാവേശം അവയുടെ ഉൻമൂലനത്തിലേക്ക് നയിക്കും. എത്ര ഭീകരമായിരിക്കും പശുക്കളുടെയും ക്ഷീരകർഷകരുടെയും ഭാവി!

ഈ കുറിപ്പിന്റെ ആദ്യത്തിൽ കമ്യൂണിസ്റ്റ് ചൈനയിൽ അതിന്റെ സ്ഥാപകൻ മാവോ സെതുങ്ങിന്റെ കാലത്ത് ചതുർക്കീട നിയന്ത്രണ യജ്ഞത്തിന്റെ പരിണിതഫലമായി കോടിക്കണക്കിനാളുകൾ പട്ടിണികിടന്ന് മരിച്ചതും; ഇന്ത്യയിലെ ക്ഷീര ഉൽപാദനവും മാംസ, തുകൽ വ്യവസായവും ഉപയോഗവും കാലി വളത്തിന്റെ ലഭ്യതയുമായി ബന്ധപ്പെട്ട കാര്യങ്ങളും സൂചിപ്പിച്ചു. 2016ലെ ഡടഉഅ റിവ്യു പ്രകാരം ഇന്ത്യ 36.43,000 ടൺ ബീഫുൽപാദിപ്പിക്കുന്നുണ്ട്. ഇതിൽ 20,00,000 ടണ്ണും ഇന്ത്യക്കാർ ഭക്ഷിക്കുകയാണ്. 16,00,000 ടൺ മാട്ടിറച്ചി മാത്രമേ ഇന്ത്യയിൽ നിന്ന് കയറ്റി അയക്കുന്നുള്ളൂ. ലോക ബീഫ് കയറ്റുമതിയുടെ 25 ശതമാനവും ഇന്ത്യയിൽ ഭക്ഷിക്കുകയാണ്. ബീഫ് ഇന്ത്യക്കാരുടെ ഒരു പ്രധാന ഭക്ഷ്യ വിഭവമാണ്.

ബീഫ് നിരോധനത്തോടെ ഇത്രയധികം ഭക്ഷ്യ വിഭവം ഇന്ത്യൻ ഭക്ഷ്യശൃംഖലയിൽ നിന്ന് പുറത്താകും.അത്രയും ഭക്ഷ്യലഭ്യത ഇല്ലാതാകും എന്നർഥം. കൂടാതെ ഇന്ത്യയിൽ യഥേഷ്ടം ലഭ്യമായ പാലും അനുബന്ധ ഉൽപന്നങ്ങളും തീരെ ലഭ്യമല്ലാതാകും. പാലില്ലാത്ത ജീവിതം ശരാശരി ഇന്ത്യക്കാരന് വിചാരിക്കാൻ പോലും കഴിയില്ല. ഇന്ത്യയുടെ തനതായ ചികിത്സാ ശാസ്ത്രമാണ് ആയുർവേദം. സഹസ്രാബ്ദങ്ങളായി ആയുർവേദ ചികിത്സ ഇന്ത്യയിൽ നിലനിൽക്കുന്നു. ആയുർവേദ മരുന്നുകളിലെ, ചികിത്സയിലെ ഒരു പ്രധാന ഘടകമാണ് വെണ്ണയും നെയ്യും പാലും. ഇന്ത്യയുടെ സ്വന്തം ചികിത്സാ ശാസ്ത്രമായ ആയുർവേദം ഇന്ന് ലോക ശ്രദ്ധ നേടുന്ന ഒരു സാഹചര്യം കൂടിയാണ്. പശുവിറച്ചി നിരോധനത്തിലൂടെ ആയുർവേദത്തിന് 'രോഗം ബാധിക്കുന്ന' അവസ്ഥയിലേക്ക് വെണ്ണയുടെയും നെയ്യിന്റെയും പാലിന്റെയും ലഭ്യതയില്ലായ്മ എത്തിക്കും; ഇന്ത്യൻ ആയുർവേദം പ്രതിസന്ധിയിലാകും.

ഏറെ വലിയ പ്രശ്നം ക്ഷീരകർഷകരുടെത് തന്നെയാണ്. ക്ഷീര കൃഷി ലാഭകരമല്ലാതായി മാറി, അതു വലിയ ബാധ്യതയായി പരിണമിക്കുമ്പോൾ അവരുടെ ജീവിതമാർഗം നിലയ്ക്കും. അവർ ദാരിദ്ര്യത്തിലേക്കും കൊടും പട്ടിണിയിലേക്കും എടുത്തെറിയപ്പെടും. ഇത്തരം ഒരു അവസ്ഥ സംജാതമായാൽ പശുക്കൾ മാത്രമല്ല ക്ഷീര കർഷകരും പട്ടിണി മരണത്തിലൂടെ ഇല്ലാതാകും. പശുക്കളും ക്ഷീരകർഷകർ മാത്രമല്ല ക്ഷീര വ്യാപാര വ്യവസായ മേഖലകളിൽ ജോലി ചെയ്യുന്ന കോടിക്കണക്കിന് ആളുകളുടെ അന്നവും മുട്ടും. അവരും ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും പട്ടിണി മരണങ്ങളിലേക്കും കൂപ്പുകുത്തും.

ചാണകം ഇന്ത്യൻ കാർഷിക മേഖലയുടെ അടിസ്ഥാന വളമാണ് എന്ന് നാം നേരത്തെ സൂചിപ്പിച്ചു. ഒരു കുട്ട ചാണകത്തിന് ഇന്ന് 30 രൂപയാണ് വില. ഇതിലേറെ വില കുറഞ്ഞ വളം വേറെ ലഭ്യമാണോ എന്നറിയില്ല. ചാണകം ഉപയോഗിച്ച് നല്ലൊരു ശതമാനം കൃഷിക്കും ജൈവവള പ്രയോഗം നടത്തുന്നുണ്ട്. ചാണകം ലഭ്യമല്ലാതാകുന്നതോടെ ചാണകം ഉപയോഗിച്ചുള്ള കൃഷിയെയും അത് സാരമായി ബാധിക്കും; കൃഷി നശിക്കും. കൃഷിനാശം ഭക്ഷ്യോൽപാദനം കുറയ്ക്കും. ഭക്ഷ്യോൽപാദനം കുറയുന്നതോടെ സ്വാഭാവികമായും കൃഷിയിലൂടെ ലഭിക്കുന്ന വരുമാനവും കുറിയും. ദാരിദ്ര്യത്തിലേക്കും കൊടും പട്ടിണിയിലേക്കും പട്ടിണി മരണങ്ങളിലേക്കും കർഷകർ എടുത്തെറിയപ്പെടും. അവരെ രക്ഷിക്കുവാൻ വികാര ജീവികളായ ഗോ സംരക്ഷകർക്കോ അവരെ കയറൂരി വിടുന്ന ബുദ്ധിശൂന്യരായ ഭരണാധികാരികൾക്കോ നിയമ പീഠങ്ങൾക്കോ കഴിയില്ല.

തുകൽ വ്യവസായത്തിന്റെ കണക്കുകൾ പരിശോധിച്ചത് മറക്കാതിരിക്കുക. ഒമ്പത് മാസം കൊണ്ട് 4.72 ബില്യൺ അമേരിക്കൻ ഡോളറിന്റെ കയറ്റുമതി നടത്തിയ ഇന്ത്യൻ ആഭ്യന്തര വിപണിയിൽ ആവശ്യമായി വരുന്നത് 14.7 ബില്യൺ അമേരിക്കൻ ഡോളറിന്റെ ഉത്പന്നങ്ങളാണ്. ഗോവധ നിരോധനത്തിൽ ഇന്ത്യയുടെ ഒരു പ്രധാന കയറ്റുമതി വ്യവസായം തകർന്നുപോകും. അതിലൂടെയുള്ള വിദേശനാണ്യ ലഭ്യത നിലച്ചുപോകും. ഇന്ത്യയുടെ ആഭ്യന്തര ആവശ്യങ്ങൾക്കുവേണ്ടി ലെതർ ഉൽപന്നങ്ങൾക്ക് വിദേശ രാജ്യങ്ങളെ ആശ്രയിക്കേണ്ടിവരും. അതിലൂടെ ഒരുപാട് വിദേശനാണ്യം നഷ്ടപ്പെടുകയും ചെയ്യും. ഇത്രയും ബൃഹത്തായ ഇന്ത്യൻ തുകൽ വ്യവസായ മേഖലയിൽ എത്ര പേർ തൊഴിൽ ചെയ്യുന്നുണ്ടാകും! എത്ര കുടുംബങ്ങൾ ഇവരെ ആശ്രയിച്ച് ജീവിക്കുന്നുണ്ടാകും! ഈ ഈ പ്രതിസന്ധി തൊഴിലാളികളെയും അവരെ ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങളെയും മാത്രമല്ല ആ ഭാഗങ്ങളിലുള്ള എല്ലാവരെയും ബാധിക്കും. ഭക്ഷ്യശൃംഖല പോലെത്തന്നെ സാമ്പത്തികമേഖലയും പരസ്പര പൂരകങ്ങൾ ആണ്. അങ്ങോട്ടുമിങ്ങോട്ടും കൊണ്ടും കൊടുത്തുമുള്ള സന്തുലനം. വ്യാപാര വ്യവസായ കാർഷിക തൊഴിൽ മേഖലകളുടെ സമന്വയം. ഭക്ഷ്യശൃംഖലയിൽ സംഭവിക്കുന്നതു പോലെ സാമ്പത്തിക തൊഴിൽ മേഖലകളിലും വൻ ദുരന്തമായിരിക്കും സംഭവിക്കുക. അത് ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും ആയിരിക്കും ഇന്ത്യയെ കൊണ്ടെത്തിക്കുക. അതിൽനിന്ന് കരകയറുവാൻ വൈകാരികതയോ വർഗീയതയോ കപടരാജ്യസ്നേഹമോ പരിഹാര മാർഗം ആയിരിക്കില്ല. ഇന്ത്യയെന്ന രാജ്യത്തിന്റെ പുരോഗതിയെ, രാജ്യത്തെ പൗരൻമാരുടെ ജീവനെ, ആവാസ വ്യവസ്ഥിതിയെയും ജന്തുജാലങ്ങളെയുമെല്ലാം ആയിരിക്കും അത് ബാധിക്കുക. ഇക്കാര്യമറിയാത്തവരാണോ ഇന്ത്യയുടെ ഭരണവർഗം? ആയിരിക്കാൻ സാധ്യതയില്ല. പിന്നെ, ഇതൊക്കെ ആർക്ക് എന്തിന് വേണ്ടി? ●

എസ്.എ. ഐദീദ് തങ്ങൾ
mail@nerpatham.com





# വമ്പിച്ച നമസ്കാരം, ഗംഭീര നോമ്പ്!

**മു**ഹമ്മദ് നബിﷺയെ സ്നേഹിക്കണം എന്ന കാര്യത്തിൽ മുസ്‌ലിംകൾക്കിടയിൽ അഭിപ്രായ വ്യത്യാസമില്ല. പ്രവാചകനെ എങ്ങനെ സ്നേഹിക്കണം എന്ന കാര്യത്തിലാണ് ഇന്ന് അഭിപ്രായ ഭിന്നതകളുള്ളത്. പ്രവാചക സ്നേഹത്തെക്കുറിച്ച് ഇസ്‌ലാമിക പ്രമാണങ്ങൾ എന്ത് പറയുന്നു എന്ന് വിശകലനം നടത്തുകയല്ല ഈ ലേഖനത്തിന്റെ ലക്ഷ്യം. മറിച്ച്, പ്രവാചകൻﷺ പഠിപ്പിക്കാത്ത രീതിയിൽ പ്രവാചകനെ സ്നേഹിച്ചാൽ ഉണ്ടാകാവുന്ന അപകടം എന്തൊക്കെയായിരിക്കും എന്ന് ഒരെത്തിനോട്ടം നടത്തുക എന്നത് മാത്രമാണ്.

എന്റെ ജന്മദിനം നിങ്ങൾ എല്ലാ വർഷവും ആഘോഷിക്കണമെന്ന് പ്രവാചകൻﷺ ഏതെങ്കിലും അനുചരനോട് (സ്വഹാബിയോട്) പറഞ്ഞിട്ടുണ്ടെങ്കിൽ നമുക്കത് തെളിവാക്കാമായിരുന്നു. തിരുമേനിയുടെ മരണത്തിന് ശേഷം അവിടുത്തെ ഭാര്യമാരിൽ ഒരാളെങ്കിലും ജന്മദിനം ആഘോഷിച്ചെങ്കിൽ നമുക്കതും മതിയാകുമായിരുന്നു. മുൻകഴിഞ്ഞ് പോയ ഏതെങ്കിലും ഒരു പ്രവാചകന്റെ ജന്മദിനമെങ്കിലും തിരുനബിﷺ ആചരിച്ചിരുന്നുവെങ്കിൽ അതും ഒരു രേഖയാകുമായിരുന്നു.

മതത്തിൽ നബിദിനാഘോഷത്തിന് യാതൊരു വിധ തെളിവും കിട്ടാതിരുന്നിട്ടും എന്ത് കൊണ്ട് ചിലർ ഈ ആചാരം മതത്തിന്റെ പേരിൽ ഈ സമുദായത്തിലേക്ക് കൊണ്ടുവന്നു എന്നതാണ് നമുക്ക് ചിന്തിക്കുവാനുള്ളത്.

റബീഉൽ അവ്വൽ മാസം പിറന്നാൽ കഅ്ബയിലോ, ഹറമിന്റെ പരിസരങ്ങളിലോ, മദീനമുനവ്വറയിലോ, പ്രത്യേകമായി പ്രകാശ തോരണം പോയിട്ട് ഒരു ബൾബെങ്കിലും കത്തിച്ചുവെക്കാറുള്ളതായി, നബിദിനത്തിന്റെ പേരിൽ ലൈറ്റുകളും തോരണങ്ങളും കൊണ്ട് തെരുവുകൾ അലങ്കരിക്കുന്നവർക്ക് കാണിച്ചുതരാൻ കഴിയില്ല. ചില കാര്യങ്ങൾ പറയുമ്പോൾ ഹറമിനെ ഇവർ ഉദാഹരിക്കാറുള്ളതുകൊണ്ടാണ് ഇക്കാര്യം സൂചിപ്പിച്ചത്.

ഒരു കർമം ബിദ്അത്താണെന്ന് (മതത്തിലെ പുതുനിർമിതി) തെളിഞ്ഞാൽ അതിൽ നിന്ന് വിട്ടുനിൽക്കൽ ഒരു സത്യവിശ്വാസിയുടെ കടമയാണ്. നബിദിനാഘോഷം ഇസ്‌ലാമികമായ ഏർപാടല്ല എന്ന് പറയുമ്പോൾ മുജാഹിദുകൾ 'നബിയെ സ്നേഹിക്കാത്തവരാണ്', 'നബിയെ സാധാരണ മനുഷ്യനാക്കുന്നവരാണ്,' ക്വബ്ർ സിയാറത്തിനെ എതിർക്കുന്നവരാണ്,' 'സ്വലാത്ത് ചൊല്ലാത്തവരാണ്'... എന്നൊക്കെയുള്ള ആരോപണങ്ങൾ ജന്മദ്ധ്യ പ്രചരിപ്പിച്ച് കൊണ്ട് അതിനെ നേരിടുന്ന ശൈലി സ്വീകരിക്കുന്നത് പ്രമാണങ്ങളുടെ പിന്തുണയില്ലാത്തതുകൊണ്ടാണ് എന്നതിൽ സംശയമില്ല.

പ്രവാചകൻﷺ ആചരിക്കുകയും അനുചരന്മാരോട് ആചരിക്കുവാൻ കൽപിക്കുകയും ചെയ്ത പുണ്യകർമമാണ് നബിദിനാഘോഷമെങ്കിൽ അന്ന് മുതൽ അന്ത്യനാൾ വരെ ലോകത്ത് നിലനിൽക്കുമായിരുന്നു. അങ്ങനെ നിലനിൽക്കുന്ന ഒട്ടനേകം കാര്യങ്ങൾ ഉണ്ട്താനും.

സ്വന്തത്തെക്കാൾ നബിﷺയെ സ്നേഹിക്കൽ വിശ്വാസിയുടെ ബാധ്യതയാണ്. ആ സ്നേഹം അദ്ദേഹത്തിന്റെ ചര്യ പിൻതുടർന്നുകൊണ്ടായിരിക്കണമെന്ന് മാത്രം. ആരാധനയിലേക്ക് വഴിമാറുന്ന ആദരവോ സ്നേഹമോ അല്ല ഇസ്‌ലാം ആവശ്യപ്പെടുന്ന പ്രവാചകസ്നേഹം. മുൻകഴിഞ്ഞ പല പ്രവാചകന്മാരും, മഹാത്മാക്കളും ആരാധിക്കപ്പെടുവാൻ പോലും കാരണമായി ഭവിച്ചത് അവരോടുള്ള സ്നേഹം വഴിതെറ്റിപ്പോയതായിരുന്നു എന്നതിന് ചരിത്രം സാക്ഷിയാണ്.

ഈസാ നബിؑ, ഉസൈർؑ എന്നിവരെ ദൈവപുത്രന്മാരാക്കി അവരുടെ അനുയായികൾ എന്നു പറയുന്നവർ അവരോധിച്ചത് അവരോടുള്ള വെറുപ്പ് കൊണ്ടോ, വിദ്വേഷം കൊണ്ടോ ആയിരുന്നില്ല എന്ന് നാം അറിയുക. ഇത്തരമൊരു വൻപിഴവ് സംഭവിക്കാതിരിക്കുവാനാണ് ഇസ്‌ലാം നബിയെ സ്നേഹിക്കണം എന്ന് പറഞ്ഞ് അവസാനിപ്പിക്കാതെ അത് എങ്ങനെയാവണം എന്ന് വ്യക്തമായി പഠിപ്പിച്ചത്.

ഇന്ന് പ്രവാചകസ്നേഹത്തെ സമൂഹത്തിലെ ഒട്ടുമിക്ക ആളുകളും മനസ്സിലാക്കുന്നത് റബീഉൽ അവ്വൽ മാസത്തിൽ ഒരു പ്രത്യേക ദിവസം അദ്ദേഹത്തിന്റെ ജന്മദിനമാഘോഷിക്കലാണത് എന്നാണ്. പ്രത്യേകം മൗലിദ് പാരായണം നടത്തുക, അന്നദാനം നടത്തുക, ഘോഷയാത്രയും കലാപരിപാടികളും സംഘടിപ്പിക്കുക തുടങ്ങിയവയെല്ലാമാണ് റബീഉൽ അവ്വലിലെ പ്രവാചക സ്നേഹം കൊണ്ട് അവർ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് തന്നെ റബീഉൽ അവ്വൽ മാസം വന്നാൽ നാടാകെ ആഘോഷത്തിന്റെ പ്രതീതി പടരുന്നു. കടകമ്പോളങ്ങളും മതസ്ഥാപനങ്ങളുമെല്ലാം തോരണങ്ങൾ കൊണ്ട് അലങ്കരിക്കപ്പെടുന്നു. എങ്ങും മൗലിദുകളുടെയും സ്വലാത്തിന്റെയും കാതടിപ്പിക്കുന്ന ശബ്ദകോലാഹലങ്ങൾ! ദിക്ർ ഹൽഖ, പ്രാർഥനാ സമ്മേളനം, സ്വലാത്ത് വാർഷികം...എല്ലാം ലൗഡ്സ്പീക്കറിലൂടെ! "താഴ്മയോടും രഹസ്യമായും നിങ്ങൾ നിങ്ങളുടെ റബ്ബിനോട് പ്രാർഥിക്കുക, നിശ്ചയം അതിര് കടക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല" (ക്വുർആൻ7:55) എന്ന അല്ലാഹുവിന്റെ വചനമൊന്നും ഇവർക്ക് ബാധകമല്ല!

കണ്ണിന്റെ കട്ടുനോട്ടവും ഹൃദയത്തിലെ രഹസ്യങ്ങളുമെല്ലാം സൂക്ഷ്മമായി അറിയുന്ന സ്രഷ്ടാവിനോടുള്ള ആരാധനയാണ് ദിക്ർ ഹൽഖയും സ്വലാത്ത് വാർഷികവുമൊക്കെയെങ്കിൽ എന്തിനാണ് ഇത്ര ഉച്ചത്തിൽ ലൗഡ്സ്പീക്കറിലൂടെയാക്കുന്നത്? മുഷ്ടി ചുരുട്ടി വായുവിലെറിഞ്ഞ് 'ബോലോ തക്ബീർ' ചൊല്ലുന്നത്?

ബുർദയും റാത്തീബും ഹദ്ദാദുമൊക്കെ ഓതി അതിന്റെ പ്രതിഫലം പലരുടെയും ഹള്റത്തിലേക്ക് പാർസൽ ചെയ്ത്കൊണ്ട് ദുആ ഇരക്കുകയും ഖൗമ് ഉച്ചത്തിൽ ആമീൻ പറയുകയും ചെയ്യുന്ന ശബ്ദം പള്ളിയിൽ നിന്ന് ലൗഡ്സ്പീക്കറിൽ മുഴങ്ങിക്കേൾക്കുമ്പോൾ 'വീടിന്റെ ഉള്ളിന്റെയുള്ളിൽ' പുകയും ചൂടും സഹിച്ച് പണിയെടുക്കുന്ന സ്ത്രീ സമൂഹം അറിയിപ്പ് മനസ്സിലാക്കുന്നു: 'സ്ത്രീകളേ, റാത്തീബ് തീരാറായി...ഞങ്ങളിതാ വന്നു കഴിഞ്ഞു... വേഗം പത്തിരിയും ഇറച്ചിയും വിളമ്പിത്തുടങ്ങാം!'

അല്ലാഹുവിനെ മാത്രം ആരാധിക്കുന്ന ഭക്തനായ ഒരു മനുഷ്യന് തന്റെ കർമങ്ങൾ മറ്റൊരാളെ കാണിക്കുന്നതിലും കേൾപിക്കുന്നതിലും താൽപര്യമു

**പരിശുദ്ധ ക്വുർആൻ പാരായണം ചെയ്യുന്നത് ഏറ്റവും വലിയ പുണ്യകർമമാണ്. വമ്പിച്ച പ്രതിഫലം ലഭിക്കുന്ന പ്രവർത്തനമാണ്. ഇതിൽ ആർക്കും തർക്കമില്ല. പള്ളിയിൽ വട്ടമിട്ടിരുന്ന് ലൗഡ്സ്പീക്കറിൽ ഘോരശബ്ദത്തിൽ സംഘമായി ക്വുർആൻ പാരായണം ചെയ്യുന്നതായി നാം കേട്ടിട്ടുണ്ടോ? ഇല്ല! പള്ളിയിൽ അങ്ങിങ്ങായി ഇരുന്ന് ഓരോരുത്തരും പതിഞ്ഞ സ്വരത്തിൽ ക്വുർആൻ ഓതാറാണ് പതിവ്. എന്നാൽ മൗലീദ് കിതാബുകളും ബുർദയും റാത്തീബുമൊക്കെ അത്യുച്ചത്തിൽ വായിക്കുന്നതും പാടുന്നത് എന്തിനാണ്? പതുക്കെയായാൽ പ്രതിഫലം കുറയുമെന്ന് പേടിച്ചിട്ടാണോ? അതോ ക്വുർആനിനെക്കാൾ മഹത്ത്വം അവയ്ക്ക് ഉണ്ടെന്ന വിശ്വാസം കൊണ്ടോ?**

ണ്ടായിരിക്കില്ല. കാരണം ആരാധനകൾ ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ ചെയ്യേണ്ട ഒന്നല്ല. പരലോകത്ത് ലഭിക്കുന്ന മഹത്തായ പ്രതിഫലം മാത്രമെ തന്റെ ആരാധനകൾ കൊണ്ട് ഒരു ഭക്തൻ ലക്ഷ്യമാക്കുകയുള്ളൂ. വമ്പൻ പ്രചാരണകോലാഹലങ്ങൾ നടത്തി, പാടത്തും പറമ്പിലുമൊക്കെ പതിനായിരങ്ങളെ ഒരുമിച്ചുകൂട്ടി പ്രാർഥനാസമ്മേളനങ്ങൾ നടത്തുന്നവർ വാസ്തവത്തിൽ അല്ലാഹുവിന്റെ മതത്തെ അപഹസിക്കുകയല്ലേ ചെയ്യുന്നത്?

പരിശുദ്ധ ക്വുർആൻ പാരായണം ചെയ്യുന്നത് ഏറ്റവും വലിയ പുണ്യകർമമാണ്. വമ്പിച്ച പ്രതിഫലം ലഭിക്കുന്ന പ്രവർത്തനമാണ്. ഇതിൽ ആർക്കും തർക്കമില്ല. പള്ളിയിൽ വട്ടമിട്ടിരുന്ന് ലൗഡ്സ്പീക്കറിൽ ഘോരശബ്ദത്തിൽ സംഘമായി ക്വുർആൻ പാരായണം ചെയ്യുന്നതായി നാം കേട്ടിട്ടുണ്ടോ? ഇല്ല! പള്ളിയിൽ അങ്ങിങ്ങായി ഇരുന്ന് ഓരോരുത്തരും പതിഞ്ഞ സ്വരത്തിൽ ക്വുർആൻ ഓതാറാണ് പതിവ്. എന്നാൽ മൗലീദ് കിതാബുകളും ബുർദയും റാത്തീബുമൊക്കെ അത്യുച്ചത്തിൽ വായിക്കുന്നതും പാടുന്നത് എന്തിനാണ്? പതുക്കെയായാൽ പ്രതിഫലം കുറയുമെന്ന് പേടിച്ചിട്ടാണോ? അതോ ക്വുർആനിനെക്കാൾ മഹത്ത്വം അവയ്ക്ക് ഉണ്ടെന്ന വിശ്വാസം കൊണ്ടോ?

മൗലിദും റാത്തീബുമൊക്കെ കഴിക്കാൻ പല വീട്ടുകാരും നേർച്ചയാക്കൽ പതിവുണ്ട്. എന്നാൽ, അതിനെക്കാൾ വിശിഷ്ഠമായ പരിശുദ്ധ ക്വുർആൻ പള്ളിയിലിരുന്നോ, വീട്ടിൽവെച്ചോ പാരായണം ചെയ്യാൻ ഇക്കൂട്ടർ നേർച്ചയാക്കാറില്ല! നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നിവ പോലെ നേർച്ചയും ഒരു ആരാധനയാണല്ലോ. അതിനാൽ നേർച്ച അല്ലാഹുവിന് മാത്രമെ അർപ്പിക്കുവാൻ പാടുള്ളൂ എന്നാണ് മുജാഹിദുകൾ സമൂഹത്തോട് പറഞ്ഞുകൊണ്ടിരിക്കുന്നത്. മമ്പുറം, കൊണ്ടോട്ടി, അജ്മീർ, ഭീമാപള്ളി നേർച്ചകളൊക്കെ നമസ്കാരം പോലെ ഒരു ആരാധന എന്ന നിലയ്ക്കാണല്ലോ ആചരിച്ച് വരുന്നത്. ഇത്തരം ആണ്ടുനേർച്ചകളെ പറ്റിയുള്ള പരസ്യപോസ്റ്ററുകളിൽ 'വമ്പിച്ച ആണ്ടു നേർച്ച,' 'വമ്പിച്ച ഉറൂസ്,' 'ഗംഭീര പെട്ടി വരവ്,' 'സ്വലാത്ത് മഹാമഹം' എന്നൊക്കെ കാണാറുണ്ട്.

ഒരു ഇബാദത്തായ നേർച്ചയെ 'വമ്പിച്ചത്,' 'ഗംഭീരം' എന്നൊക്കെ വിശേഷിപ്പിക്കുമ്പോൾ പാമര ജനങ്ങൾ അതിൽ പെട്ടുപോകുകയാണ്. 'ഗംഭീര'ത്തിന് 'വമ്പിച്ച' പിരിവ് നൽകുവാൻ അവർ നിർബന്ധിതരാകും; കുരുത്തക്കേട് തട്ടിക്കൂടല്ലോ! ഈയിടെയായി പ്രവാചകന്റെ പേരിലുള്ള സ്വലാത്തിനെയും 'വമ്പിച്ച സ്വലാത്താ'ക്കി മാറ്റിയിരിക്കുന്നു! ഇനി 'വമ്പിച്ച നമസ്കാരവും' 'ഗംഭീര നോമ്പും' 'ഭയങ്കര ഹജ്ജും' എന്ന് പ്രത്യക്ഷപ്പെടുമോ ആവോ? പോയിപ്പോയി അവിടെയും എത്തിക്കൂടായ്കയില്ല. അവയിലൂടെ വരുമാനമുണ്ടാക്കുവാൻ പഴുത് കാണാത്തതുകൊണ്ടാവാം വെറുതെ വിട്ടിരിക്കുന്നത്. വമ്പിച്ച സ്വലാത്തിന്റെയും വമ്പിച്ച ദിക്ർ ഹൽഖയുടെയും പേരിൽ, പള്ളിയിൽ ജമാഅത്തിന് വരാത്തവരോട് പോലും പണപ്പിരിവ് നടത്തുമ്പോൾ 'അതിന്  നിങ്ങളെപ്പോഴാ മൗലൂദോതിയത്, ഞങ്ങളാരും അത് കേട്ടില്ലല്ലോ, അറിഞ്ഞില്ലല്ലോ' എന്ന പരാതിയുടെ പഴുതടക്കുക എന്ന ലക്ഷ്യവും മൗലിദ്, റാത്തീബുകൾ ലൗഡ്സ്പീക്കറിലൂടെയാക്കുന്നതിനു പിന്നിൽ ഉണ്ടായിരിക്കാം.

മൗലിദ്, റാത്തീബുകളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് ആഗ്രഹസഫലീകരണത്തിനായി  മരണപ്പെട്ടവരോട് പ്രാർഥിക്കുവാൻ വിവിധ ജാറങ്ങൾ കയറിയിറങ്ങുന്നവർ എമ്പാടും സമുദായത്തിലുണ്ട്. 'വല്ലേനിലത്തീന്നും എന്നെ വിളിപ്പോർക്ക് വായ് കൂടാതുത്തീരം ചെയ്യും ഞാനെന്നോവർ' എന്ന മുഹിയുദ്ദീൻ ശൈഖിന്റെ (പേരിൽ) ഒരു 'വമ്പിച്ച' ഓഫർ നൂറ്റാണ്ടുകളായി ഇവിടെ നിലനിൽക്കുന്നുണ്ട് മഹാനായ ശൈഖിന്റെ വിലമതിക്കാനാവാത്ത ഈ ഓഫർ ഇവിടെ നിലവിലുണ്ടായിട്ടും പ്രസ്തുത ഓഫർ അവഗണിച്ച് തള്ളുന്ന കാഴ്ചകളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ആരായാലും വല്ല സ്ഥലത്ത് നിന്നും ഏത് ഭാഷയിൽ എപ്പോൾ വിളിച്ചാലും വിളിക്കുന്നവൻ തന്റെ വായുപൂട്ടുന്നതിന് മുമ്പേ ശൈഖവർകൾ അയാൾക്ക് ഉത്തരം നൽകുവാൻ കാലങ്ങളായി കാത്തു നിൽക്കുന്നുണ്ടെങ്കിൽ പിന്നെ എന്തിന് മുക്കിനുമുക്കിന് ജാറങ്ങൾ കെട്ടിയുണ്ടാക്കുന്നു? എന്തിന് അവിടങ്ങളിലേക്കൊക്കെ സിയാറത്ത് ടൂർ സംഘടിപ്പിച്ച് മറമാടപ്പെട്ടവരോടൊക്കെ വിളിച്ച് സഹായം തേടുന്നു? മുഹ്‌യുദ്ദീൻ ശൈഖ് പോരേ? 'ദീപസ്തംഭം മഹാശ്ചര്യം, നമുക്ക് കിട്ടണം പണം' എന്ന കവിവാക്യം ഓർത്തുപോകുന്നു.

അല്ലാഹു പറയുന്നത് കാണുക: "നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു: നിങ്ങൾ എന്നോട് പ്രാർഥിക്കൂ. ഞാൻ നിങ്ങൾക്ക് ഉത്തരം നൽകാം. എന്നെ ആരാധിക്കാതെ അഹങ്കാരം നടിക്കുന്നവരാരോ അവർ വഴിയെ നിന്ദ്യരായിക്കൊണ്ട് നരകത്തിൽ പ്രവേശിക്കുന്നതാണ്; തീർച്ച" (ക്വുർആൻ 40:60).

"നിന്നോട് എന്റെ ദാസൻമാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർഥിക്കുന്നവൻ എന്നെ വിളിച്ച് പ്രാർഥിച്ചാൽ ഞാൻ ആ പ്രാർഥനയ്ക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്" (ക്വുർആൻ 2:186).

അല്ലാഹുവിന്റെ ഈ ഓഫർ പോരേ സത്യവിശ്വാസികൾക്ക്? ഇതിലല്ലേ നാം സായൂജ്യമടയേണ്ടത്? ചിന്തിക്കുക. ●

# നേർപഥം കൺവെൻഷനുകൾ സമാപിച്ചു

നേർപഥം വാരികയുടെ ഒന്നാം വാർഷിക പ്രചാരണങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലെയും തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ കൺവെൻഷനുകൾ സംഘടിപ്പിച്ചു. വ്യത്യസ്ത ജില്ലകളിൽ പങ്കെടുത്തവർ:

കാസർഗോഡ് ജില്ല: മഷ്ഹൂർ തങ്ങൾ, മുജീബ് ഒട്ടുമ്മൽ.

കണ്ണൂർ ജില്ല: സി.പി സലീം, അബ്ദുല്ലാ ഫാസിൽ, ലുബൈബ്

കോഴിക്കോട് നോർത്ത്: നബീൽ രണ്ടത്താണി, ഡോ. സി.എം സാബിർ നവാസ്, നിസാർ സ്വലാഹി.

വയനാട്: ഫൈസൽ മൗലവി, മുഹാസ്, സജ്ജാദ്. കെ

കോഴിക്കോട് സൗത്ത്: നാസിൽ ബാലുശ്ശേരി, ഡോ. റഫീഖ്, അൽതാഫ്, ഫുസൈൽ

മഞ്ചേരി: ഡോ. ശബീൽ, എം.സി ഷാഹിർ, അബ്ദുൽ മാലിക് സലഫി.

തിരുവനന്തപുരം: നാസിർ ബാലുശ്ശേരി, സജ്ജാദ്. കെ, അർഷദ് താനൂർ.

കൊല്ലം: ഷാനവാസ് പറവണ്ണ, ഹാരിസ് ബിൻ സലീം, സലൂ അബൂബക്കർ, മഷ്ഹൂർ തങ്ങൾ, ഗസ്നഫർ.

ആലപ്പുഴ: ഷാനവാസ് പറവണ്ണ, സലൂ അബൂബക്കർ, ഗസ്നഫർ

കോട്ടയം: ടി.കെ അശ്റഫ്, മുജീബ് ഒട്ടുമ്മൽ, ആശിൽ

എറണാകുളം: ടി.കെ അശ്റഫ്, മുജീബ് ഒട്ടുമ്മൽ, ഇനായത്ത്.

ഇടുക്കി: നബീൽ രണ്ടത്താണി, ഇർഷാദ് സ്വലാഹി.

തൃശൂർ: ഹുസൈൻ മുഹാസ്.

പാലക്കാട്: അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി, സുഹൈൽ, പി.യു അൽതാഫ്, കുഞ്ഞിമുഹമ്മദ് പറപ്പൂർ, മുഹമ്മദ് അൻവർ, ഒ. അൽതാഫ്, ഹംസ മദീനി, ഇൻഷാദ് സ്വലാഹി, അസ്‌ലം.

നിലമ്പൂർ: നാസിർ സ്വലാഹി, ഹാരിസ്ബിൻ സലീം, പി.യു സുഹൈൽ, അബൂബക്കർ സലഫി, ജംഷീർ സ്വലാഹി, ഹർഷാദ്.

മലപ്പുറം വെസ്റ്റ്: ടി.കെ അശ്റഫ്, കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ, റിഷാദ് അസ്‌ലം, അബ്ദുൽ ഖാലിക്, മുഹമ്മദ് അൻവർ.

# ഐസിസിനെതിരെ ആദർശയുദ്ധം അനിവാര്യം: പ്രൊഫ്കോൺ പ്രഖ്യാപന സമ്മേളനം

ഐ.എസ് എന്ന ഭീകരസംഘടന ഇസ്‌ലാമിന്റെ ശത്രുക്കളുടെ കൂട്ടായ്മയാണെന്നും അവർക്കെതിരെ ഇസ്‌ലാമിക പ്രമാണങ്ങൾ ആയുധമാക്കിയുള്ള ആദർശ യുദ്ധം അനിവാര്യമാണെന്നും വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി സംഘടിപ്പിച്ച എം.എസ്.എം പ്രൊഫ്കൊൺ പ്രഖ്യാപന സമ്മേളനം അംഗീകരിച്ച പ്രമേയം വ്യക്തമാക്കി.

വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ കൺവീനർ സി.പി സലീം സമ്മേളനം ഉദ്ഘാടനം ചെയ്തു എം.എസ്.എം സംസ്ഥാന പ്രസിഡന്റ് എ.പി മുനവ്വർ സ്വലാഹി അധ്യക്ഷത വഹിച്ചു. അൽവാസ് എജ്യുക്കേഷൻ ഫൗണ്ടേഷൻ ചെയർമാൻ എം. മോഹനൻ അൽവ, ബേരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി പ്രിൻസിപ്പൽ ഡോ. എ.ജെ ആന്റണി, കെ.എസ്.എ സെക്രട്ടറി ഇബ്റാഹീം ഖലീൽ, എം.എസ്.എം സംസ്ഥാന വൈസ് പ്രസിഡന്റ് നസീഫ് പി.പി, സയ്യിദ് ഷാസ്, മുഹമ്മദ് അർഷദ് താനൂർ എന്നിവർ സംസാരിച്ചു.

## എം.എസ്.എം സി.ആർ.ഇ സംസ്ഥാന നേതൃശിൽപശാല

കോഴിക്കോട്: വിസ്ഡം ഗ്ലോബൽ ഇസ്‌ലാമിക് മിഷന്റെ ഭാഗമായി മുജാഹിദ് സ്റ്റുഡൻസ് മൂവ്മെന്റ് (എം.എസ്.എം) സംസ്ഥാന സി.ആർ.ഇ (കണ്ടിന്യൂയിംഗ് റിലീജ്യസ് എഡ്യുക്കേഷൻ) വിംഗിന്റെ ആഭിമുഖ്യത്തിൽ ജില്ലാ അംഗങ്ങൾക്കായി സംസ്ഥാന നേതൃ ശിൽപശാല സംഘടിപ്പിച്ചു. എം.എസ്.എം സംസ്ഥാന ജനറൽ സെക്രട്ടറി പി. ലുബൈബ് ശിൽപശാല ഉദ്ഘാടനം ചെയ്തു. എം.എസ്.എം സംസ്ഥാന വൈസ് പ്രസിഡണ്ട് നിസാർ സ്വലാഹി ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സി.ആർ.ഇ വിംഗ് കൺവീനർ റംസി, അംഗങ്ങളായ നജ്മുദ്ധീൻ കെ, ഷുക്കൂർ, സി. ജസീൽ മദനി കൊടിയത്തൂർ, മൻസൂർ സ്വലാഹി, ഫസീഹ് തിരൂരങ്ങാടി, സനദ് എന്നിവർ സംസാരിച്ചു.

ഡോ. സി.എം സാബിർ നവാസ്
drsabirnavas@gmail.com

# അറബി ഭാഷയുടെ അരിക് ചേർന്ന്

**പ**ണ്ട് കാലം മുതലേ കേരളവുമായി അറബി ഭാഷക്ക് സാമൂഹിക-സാംസ്കാരിക-സാമ്പത്തിക വിനിമയങ്ങളുണ്ടായിരുന്നു എന്നാണ് ആറാം നൂറ്റാണ്ടിലെ ചരിത്രരേഖകൾ വിളിച്ചു പറയുന്നത്. കടൽയാത്രയും അതുവഴിയുള്ള വ്യവഹാരങ്ങളും ജീവിതോപാധിയായിരുന്ന കാലത്ത് അറബിക്കപ്പലുകൾ കടൽക്കാറ്റിന്റെ താളത്തിനനുസരിച്ച് പല കുറി കേരളതീരത്ത് വന്നണഞ്ഞിട്ടുണ്ട്. പ്രവാചകൻ മുഹമ്മദ് നബി(സ) കാലത്ത് തന്നെ അത്തരം യാത്രകൾ തിരിച്ചും മറിച്ചും നടന്നതായി ചരിത്രകാരന്മാർ അവകാശവാദം ഉന്നയിക്കുന്നുണ്ട്.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഭിന്നമായി കേരളമെന്ന കൊച്ചു പ്രദേശത്തിന് അറബി നാടുകളോടും ഭാഷയോടും രക്തബന്ധം രൂപപ്പെടുന്നതിന്റെ ചരിത്ര പശ്ചാത്തലം മനസ്സിലാക്കാൻ അക്കാലത്തെ സമുദ്രയാനങ്ങളുടെ ദിശ പരിശോധിച്ചാൽ മതി.

കേവല സംസാര വിനിമയോപാധി എന്നതിലപ്പുറം ഭാഷയുടെ സകല സാധ്യതകളും പണ്ട് കാലം മുതൽ തന്നെ മലയാളികൾ ഫലപ്രദമായി ഉപയോഗിച്ചിരുന്നു എന്നതിന്റെ മികച്ച ഉദാഹരണമാണ് തുഹ്ഫത്തുൽ മുജാഹിദീൻ പോലെയുള്ള ആധികാരിക ചരിത്ര ഗ്രന്ഥങ്ങൾ.

അക്കാലത്തെ കേരളത്തിന്റെ യഥാർഥ ചരിത്രം ലഭിക്കാൻ ഇന്നും അക്കാദമികമായി ഉപയോഗപ്പെടുത്തുന്നത് ഇത്തരം കൃതികളാണ്. അറബി, മുസ്‌ലിംകളുടെ മത വ്യവഹാരങ്ങൾക്കുള്ള ഭാഷ കൂടിയായതിനാൽ കനപ്പെട്ട കുറെ മത ഗ്രന്ഥങ്ങളും മലയാളികളുടെതായി ഈ ഭാഷയിൽ വിരചിതമായിട്ടുണ്ട്. സാഹിത്യ രംഗത്ത് എണ്ണം പറഞ്ഞ എഴുത്തുകൾ മലയാളികളുടെ തൂലികയിൽ നിന്ന് ഈ ഭാഷക്ക് സംഭാവനയായി ലഭിച്ചതും വിസ്മരിക്കാനാവില്ല.

20ാം നൂറ്റാണ്ടിൽ ഗൾഫ് മേഖല സജീവമായതോടെയാണ് കേരളവും അറബ് നാടുകളുമായുള്ള ബന്ധം കൂടുതൽ പുഷ്കലമായത്. ഹജ്ജ് തീർഥാടനവും സാമൂഹിക സാഹിത്യ വിനിമയങ്ങൾ ശക്തിപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. വക്കം മൗലവി, കെ.എം മൗലവി തുടങ്ങിയവർ അക്കാലത്ത് അറബ് ഭരണാധികാരികളുമായി നടത്തിയ കത്തിടപാടുകൾ ഇൻഡോ-അറബ് ബന്ധങ്ങൾ സജീവമായിരുന്നു എന്നുള്ളതിന്റെ ഉദാഹരണമാണ്.

അറബി കവികളുടെ നിലവാരത്തോട് കിടപിടിക്കുന്ന രചനകൾ മലയാളികൾ നടത്തിയിട്ടുണ്ടെന്നാണ് ആധുനിക അറബ് സഞ്ചാര സാഹിത്യകാരൻ ശൈഖ് മുഹമ്മദ് നാസർ അൽ അബൂദീ തന്റെ മലബാർ യാത്രാവിവരണത്തിൽ വിശദീകരിക്കുന്നത്. അബൂ ലൈല, അബൂ സൽമ, ഫലഖി, സി.പി അബൂബക്കർ മൗലവി, എൻ.കെ അഹ്മദ് മൗലവി തുടങ്ങി ഇന്നും ജീവിച്ചിരിക്കുന്ന മൂസ മൗലവി അയിരൂർ വരെയടങ്ങുന്ന കവിപരമ്പര മലയാളികൾക്ക് എന്നും അഭിമാനിക്കാവുന്ന പട്ടിക തന്നെയാണ്.

അറബി ഭാഷാപഠനത്തിന് ഗൾഫ് നാടുകളിൽ പോലും ഇല്ലാത്ത വ്യവസ്ഥാപിതമായ പഠന സംവിധാനവും ജനകീയാടിത്തറയും സമ്മാനിക്കുന്നതിൽ മലയാളക്കര ഏറെ മുന്നോട്ട് പോയിട്ടുണ്ട് എന്നതിൽ ആർക്കും തർക്കമില്ല. മൗലാനാ അബുസ്സബാഹും, മൗലാനാ ചാലിലകത്തും, എം.സി.സി സഹോദരന്മാരും, കെ.പി മുഹമ്മദ് മൗലവിയും തുടങ്ങി വെച്ച ഈ പ്രസ്ഥാനം കരുവള്ളി മുഹമ്മദ് മൗലവി, പ്രൊഫ. മങ്കട അബ്ദുൽ അസീസ് മൗലവി, പി.കെ അഹ്മദലി മദനി, കൊളത്തൂർ ടി മുഹമ്മദ് മൗലവി തുടങ്ങിയ നേതാക്കളുടെ കരലാളനയേറ്റ് ശക്തി പ്രാപിച്ചു എന്നതും പ്രസ്താവ്യമാണ്.

ഉന്നത പഠനം ലക്ഷ്യമാക്കിയുള്ള യാത്രകൾ മലയാളികൾ ആരംഭിക്കുന്നത് 20ാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ്. ശൈഖ് അബ്ദുസ്സമദ് അൽ കാത്തിബ്, ഡോ. മുഹ്‌യുദ്ദീൻ ആലുവായി, ശൈഖ് ഇസ്സുദ്ദീൻ മൗലവി, ശൈഖ് സഅ്ദുദ്ദീൻ മൗലവി, കെ. ഉമർ മൗലവി തുടങ്ങിയ പണ്ഡിതന്മാർ സൗദീ അറേബ്യയിലും ഈജിപ്തിലും അടക്കമുള്ള ഉന്നത സർവകലാശാലകളിൽ വിദ്യാഭ്യാസം കരസ്ഥമാക്കി സ്വദേശത്തും വിദേശത്തും സുസ്ഥിരമായ സേവനങ്ങൾ നിർവഹിച്ചിട്ടുള്ളവരാണ്. കേരളത്തിലെ അറബി ഭാഷാ സാഹിത്യചരിത്രം ചിട്ടയായി രേഖപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടി ജാമിഅ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ, ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സർവകലാശാലയുമായി ചേർന്ന് എം.എസ്.എം സംസ്ഥാന സമിതിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര അറബിക് സെമിനാർ പ്രസക്തമാകുന്നത് ഇവിടെയാണ്.

peaceradio
Tune to reality

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWINDER - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

**തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി**
**പീസ് റേഡിയോ മൊബൈൽ ആപ്പ് വിജയകരമായ 500 ദിവസങ്ങൾ...**



**24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...**
**താങ്കൾ കേട്ടു തുടങ്ങിയോ?**

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Posting at RMS Calicut

Nerpatham Weekly
Published on Nov 25 2017

Reg NO: KL/CT/225/2016-18
Price: ₹10/-

WISDOM
GLOBAL ISLAMIC MISSION

# മലയാളിയുടെ നേർവായനക്ക് ഒരു വയസ്സ്...

പ്രമാണങ്ങൾക്കൊപ്പം
ഗുണകാംക്ഷയുടെ ശബ്ദം
നേരിന്റെ ആർജ്ജവം
വേറിട്ട വായനാനുഭവം



വാർഷിക വരിസംഖ്യ
₹540
പ്രചാരണ മാസത്തിൽ
₹500

# നേർപഥം

നേരിന്റെ വരമൊഴി

വാരിക

## വരി ചേരുക, വായിക്കുക...

## പ്രചാരണ മാസം
## 2017 നവം: 10 - ഡിസം: 10

Circulation Manager | Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2
Kerala | India | Ph: 0495 4019437 | +91 92075 25244 | mail@nerpatham.com | www.nerpatham.com